# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 15 / Issue 6
June 2024

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)




CONGRATULATIONS
RE-ACCREDITED WITH
A+
GRADE IN 4TH CYCLE
(CGPA 3.34)
NAAC
Congratulations!
MARY MATHA
Arts & Science College
Mananthavady
(Managed by the diocese of Mananthavady)



MARY MATHA
Arts & Science College
Mananthavady
ESTABLISHED IN 1995
GOVT. AIDED COLLEGE
AFFILIATED TO KANNUR UNIVERSITY
MANAGED BY CATHOLIC
DIOCESE OF MANANTHAVADY
RE-ACCREDITED WITH A+ GRADE
UG ADMISSION 2024
(UNDER NEW DEGREE
PROGRAMME-FYUGP)
UG AIDED PROGRAMMES (GOVT. FEES ONLY)
MAJOR /DOUBLE MAJORS OFFERED
BSc. MATHEMATICS
BSc. PHYSICS
BSc. ZOOLOGY
BSc. COMPUTER SCIENCE
BCom. with COMPUTER APPLICATION
BA SOCIAL SCIENCE ECONOMICS
BA FUNCTIONAL ENGLISH
UNAIDED (Self Financing)
BSc. CHEMISTRY
PHD PROGRAMMES
Computer Science
Mathematics
Zoology
Physics
POST GRADUATION
MSc Computer Science
MSc Mathematics
APPLY NOW
admission.kannuruniversity.ac.in/
LAST DATE FOR REGISTRATION – 31 MAY 2024
FOR MORE DETATILS
Sr. Dr. Bindhu K Thomas (Nodal Officer)- 9605747835
Ms. Tancy VS - 9947517993

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 15** **ജൂൺ 2024** **ലക്കം 6**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


മാധ്യമദിന സന്ദേശം - ഫ്രാൻസിസ് മാർപാപ്പ.......................... 7
രൂപതാ കച്ചേരി വാർത്തകൾ.......................................................... 17
ബൈബിൾ പഠനത്തിന് സുവർണ്ണാവസരം............................... 22
മൈനർ സെമിനാരി വാർത്തകൾ................................................... 26
മതബോധനരംഗം .............................................................................. 28
ചെറുപുഷ്പ മിഷൻലീഗ്.................................................................. 38
Department of Youth Ministry..................................................... 41
കെ.സി.വൈ.എം.................................................................................... 43
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി............................................... 46
കുടുംബപ്രേഷിതത്വം......................................................................... 48
സീയോൻ വാർത്ത.............................................................................. 57
പ്രവാസി അപ്പോസ്തലേറ്റ്.............................................................. 59
വിൻസെന്റ് ഡി പോൾ സൊസൈറ്റി............................................ 62
സാമൂഹ്യ സേവനരംഗം (WSSS)................................................... 65
ജീവസ് & കെ.എൽ.എം ............................................................... 71
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി....................................... 73
ബയോവിൻ അഗ്രോ റിസർച്ച്.......................................................... 78
റേഡിയോ മാറ്റൊലി .......................................................................... 81
Mary Matha Arts & Science College......................................... 83
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ............................................ 85
ബിഷപ്സ് പ്രോഗ്രാം............................................................................ 91

## അമ്പത്തിയെട്ടാമത് ആഗോള മാധ്യമ ദിനം സംബ ന്ധിച്ച് ഫ്രാൻസിസ് മാർപാപ്പ നൽകുന്ന സന്ദേശം 'നിർമിതബുദ്ധിയും ഹൃദയത്തിന്റെ ജ്ഞാനവും സമ്പൂർണമായ മാനുഷിക ആശയവിനിമയത്തിലേക്ക്'

പ്രിയ സഹോദരി സഹോദരന്മാരേ,

ലോകസമാധാനദിനത്തോടനുബന്ധിച്ച് നിർമിതബുദ്ധിയെക്കുറിച്ചും അതിന്റെ സംവിധാനങ്ങളുടെ വികാസത്തെക്കുറിച്ചും ഒരു സന്ദേശം ഞാൻ നല്കിയിരുന്നു. അറിവിന്റെയും ആശയവിനിമയത്തിന്റെയും മേഖലയെ സമൂലമായി ബാധിക്കുന്ന സങ്കേതമാണത്. ഇത് സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലകളെത്തന്നെ സ്വാധീനിക്കാൻ പോന്നതാണ് ഈ മേഖലയിലെ വിദഗ്ദരെ മാത്രമല്ല ഈ മാറ്റങ്ങൾ ബാധിക്കുക, പ്രത്യുത, നാം ഓരോരുത്തരെയുമത്രേ. അത്ഭുതകരമായ ഈ നൂതന ആവിഷ്കാരങ്ങളുടെ ത്വരിതഗതിയിലുള്ള വ്യാപനവും അവയുടെ പ്രവർത്തനശൈലിയും സാധ്യതകളും സമഗ്രമായി മനസ്സിലാക്കാനും അംഗീകരിച്ചാസ്വദിക്കാനും ഉള്ള കഴിവ് നമ്മിൽ ഭൂരിഭാഗം ആളുകൾക്കും ഇല്ല. ഒരേ സമയം അത് അതിശയിപ്പിക്കുന്നതും വഴിതെറ്റിക്കുന്നതുമത്രേ മനുഷ്യസ്വഭാവത്തെക്കുറിച്ചും മനുഷ്യന്റെ അനന്യതയെക്കുറിച്ചും മനുഷ്യകുലത്തിന്റെ ഭാവിയെക്കുറിച്ചും ആഴത്തിലുള്ള ചില ചോദ്യങ്ങൾ സ്വാഭാവികമായും ഉന്നയിക്കാൻ നിർമിതബുദ്ധിയുടെ ഈ ക്കാലം നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. ഉദാത്തമായ ഒരു ലക്ഷ്യത്തിനു വേണ്ടി ഈ സാംസ്കാരിക പരിണാമത്തെ സമുചിതമായി നയിക്കാനും പൂർണമനുഷ്യനായി വ്യാപരിക്കാനും എങ്ങനെയാണ് നമുക്ക് സാധിക്കുക.

**ആരംഭം ഹൃദയത്തിൽ നിന്നാകട്ടെ**

എല്ലാറ്റിനും ഉപരിയായി, കൊടിയ ദുരന്തത്തെക്കുറിച്ചുള്ള പ്രവചനത്തെയും മരവിപ്പ് ഉണ്ടാക്കുന്ന അതിന്റെ പ്രത്യാഘാതങ്ങളെയും നമുക്കു തള്ളിക്കളയാം. ഒരു നൂറ്റാണ്ടിനു മുൻപ്, റൊമാനോ ഗ്വർദീനി (Romano Guardini) സാങ്കേതികവിദ്യയെക്കുറിച്ചും മനുഷ്യകുലത്തെക്കുറിച്ചും വിചിന്തനം നടത്തി. അപ്രത്യക്ഷമാകാൻ വിധിക്കപ്പെട്ട മനോഹരമായ ഒരു ലോകത്തെ പരിരക്ഷിക്കാനുള്ള ഉദ്യമത്തിൽ നവമായതിനെ തിരസ്കരിക്കരുത് എന്നായിരുന്നു ഗ്വർദീനി നമ്മോടാഹ്വാനം ചെയ്യത്. അതേസമയം പ്രവാചകധീരതയോടെ അദ്ദേഹം നല്കുന്ന മുന്നറിയിപ്പ് ഏറെ ശ്രദ്ധേയമായത്രേ ''നാം ആയി

രിക്കുന്നത്, നിരന്തരം ആയിത്തീരാനുള്ള പ്രക്രിയയിലാണ്'' (We are constantly in the process of becoming). ഓരോ വ്യക്തിയും തങ്ങളുടേതായ രീതിയിൽ തുറന്ന മനസ്സോടും, മനുഷ്യത്വരഹിതവും നശീകരണ സ്വഭാവമുള്ള സകലതിനെയും കുറിച്ചുള്ള തികഞ്ഞ സംവേദനക്ഷമതയോടും ഈ പ്രക്രിയയിലേക്ക് പ്രവേശിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ഉപസംഹാരം ഇങ്ങനെ: ''ഇവയെല്ലാം സാങ്കേതികവും ശാസ്ത്രീയവും രാഷ്ട്രീയവുമായ സമസ്യകളാണ്. എന്നാൽ, അവയ്ക്കുള്ള പരിഹാരം, സമാധാനം, ആരംഭിക്കേണ്ടത് നമ്മുടെ മനുഷ്യസ്വഭാവത്തിൽ നിന്നുതന്നെയാകണം ആഴമായ ആത്മീയതയും നവമായ സ്വാതന്ത്ര്യവും ആന്തരികതയും കൊണ്ട് അനുഗൃഹീതമായ പുതിയൊരു മനുഷ്യൻ രൂപപ്പെടേണ്ടതുണ്ട്''

ചരിത്രത്തിലെ ഈ നിർണായകഘട്ടത്തിൽ, സാങ്കേതികവിദ്യയിൽ സമ്പന്നരായിരിക്കുമ്പോൾ തന്നെ മനുഷ്യത്വത്തിൽ ദരിദ്രരായിരിക്കുന്നതിൽ വലിയ അപകടസാധ്യതയുണ്ട്. അപ്പോൾ നമ്മുടെ പരിചിന്തനങ്ങൾ ആരംഭിക്കേണ്ടത് മനുഷ്യ ഹൃദയത്തിൽനിന്നുതന്നെയാകണം സത്യദർശനത്തിൽ ഒരു ആത്മീയവീക്ഷണം സ്വീകരിക്കുന്നതിലൂടെ, ഹൃദയജ്ഞാനം വീണ്ടെടുക്കുന്നതിലൂടെ മാത്രമേ നമ്മുടെ കാലഘട്ടത്തിന്റെ നൂതനത്വത്തെ അഭിമുഖീകരിക്കാനും വ്യാഖ്യാനിക്കാനും സാധ്യമാവൂ. സമ്പൂർണമായ മാനുഷിക ആശയവിനിമയവും അങ്ങനെ മാത്രമേ സാക്ഷാത്കരിക്കാനാവു. ബൈബിളിൽ സ്വാതന്ത്ര്യത്തിന്റെയും തീരുമാനങ്ങളെടുക്കുന്നതിന്റെയും ഇടമായിക്കാണുന്നത് ഹൃദയത്തെയത്രേ. അത് പ്രതീകവത്കരിക്കുന്നത് ഉദ്ഗ്രഥനവും ഐക്യവുമാണ്. അതേസമയം അത് നമ്മുടെ വികാരവിചാരങ്ങളെയും സ്വപ്നങ്ങളെയും ഉൾക്കൊള്ളുന്നുമുണ്ട്. സർവ്വോപരി, ദൈവവുമായി കണ്ടുമുട്ടുന്ന ഒരു ആന്തരികതലം കൂടി അതിനുണ്ട്. ഹൃദയജ്ഞാനം സാകല്യത്തെ അതിന്റെ വിവിധ ഘടകങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള സവിശേഷസിദ്ധി നമുക്കു സമ്മാനിക്കാൻ പോന്നതാണ്. നമ്മുടെ തീരുമാനങ്ങളും അവയുടെ പ്രത്യാഘാതങ്ങളും കുലീനതയും രോഗാതുരതയും ഭൂതവും ഭാവിയും വ്യക്തിത്വവും വലിയൊരു സമുദായത്തിലെ അംഗത്വവും എല്ലാം ആശ്ലേഷിക്കുന്ന ഒന്നാണത്.

ഹൃദയത്തിന്റെ ജ്ഞാനം അതിനെ തീക്ഷ്ണതയോടെ അന്വേഷിക്കുന്നവർക്ക് സംലഭ്യമാണ്. അതിനെ സ്നേഹിക്കുന്നവർക്ക് അത് ദർശിക്കാനും, അതിനെ ആശ്രയിക്കുന്നവർക്ക് അതു മുൻകൂട്ടിത്തന്നെ ആർജിക്കാനും കഴിയും. അതിനു യോഗ്യരായ

വരെ തേടിപ്പോകുന്ന ഒന്നാണത് (ജ്ഞാനം 6:12-16) ഉപദേശം സ്വീകരിക്കുന്നവരുടെ കൂടെയാണ് വിവേകം. (സുഭാഷിതങ്ങൾ 13:10) ശ്രവിക്കാനുള്ള ഹൃദയമുള്ളവനെയും ശിക്ഷണം വേണ്ടവനെയും അത് അനുഗമിക്കും. (രാജാ.3:9) പരിശുദ്ധാത്മാവിന്റെ ദാനമായ അത് ദൈവത്തിന്റെ കണ്ണുകളോടെ എല്ലാം ദർശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. പാരസ്പര്യത്തെയും സാഹചര്യങ്ങളെയും സംഭവങ്ങളെയും അവയുടെ മൂടുപടം നീക്കി, അവയുടെ യഥാർത്ഥ അർത്ഥതലങ്ങൾ മനസ്സിലാക്കിത്തരാൻ പോന്നതാണ്. ഇത്തരമൊരു ജ്ഞാനമില്ലാതെ ജീവിതം രുചിയും രൂക്ഷതയുമില്ലാത്തതാകുന്നു. ജ്ഞാനം എന്ന പദത്തിന്റെ കൃത്യമായ അർത്ഥം അതിന്റെ ലത്തീൻ മൂലമായ സപ്പേരെ (sapere) എന്ന പദവും അതിന്റെ നാമം നാമരൂപമായ സപ്പോർ ((sapor) എന്ന പദവുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നത്. സപ്പോർ'' എന്ന ലത്തീൻ പദത്തിന്റെ അർഥം 'രുചി പകരുക ' എന്നർഥം വരുന്ന 'savour' എന്ന ഇംഗ്ലീഷ് പദവുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നത്.

**അവസരവും അപകടവും**

ഇത്തരം ജ്ഞാനം യന്ത്രങ്ങളിൽനിന്നു ലഭ്യമല്ല. നിർമിത ബുദ്ധിയെ ഇന്നു വിളിക്കുന്ന ഓമനപ്പേരാണ് യന്ത്ര പഠനം അഥവാ മെഷീൻ ലേണിങ് (Machine learning) ശാസ്ത്രസാഹിത്യത്തിൽ ഇന്ന് ഉപയോഗിക്കുന്ന സംജ്ഞയാണത്. ഇവിടെ ഉപയോഗിക്കപ്പെടുന്ന ബുദ്ധി (Intelligence) എന്ന പദത്തിന്, മനുഷ്യരെ വഴി തെറ്റിച്ചുനയിക്കാനുള്ള സ്വഭാവമുണ്ട്. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വയ്ക്കുന്നതിനും പരസ്പരം സ്ഥിതിവിവരണ കണക്കുകൾ ബന്ധപ്പെടുത്തി താരതമ്യം ചെയ്യുന്നതിനും അപഗ്രഥിക്കുന്നതിനും മനുഷ്യനെക്കാൾ കഴിവ് യന്ത്രത്തിനുണ്ട് എന്ന കാര്യം അവിതർക്കിതമാണ്. എന്നാൽ അവയുടെ അർത്ഥതലങ്ങൾ മനസ്സിലാക്കാൻ മനുഷ്യന് മാത്രമേ സാധിക്കു. മനുഷ്യനെപ്പോലെ കാണപ്പെടുന്ന രീതിയിൽ യന്ത്രത്തെ നിർമിക്കുക എന്ന കർമമായി ഇതിനെ ലഘൂകരിച്ചു കാണാനാവില്ല. തങ്ങൾ സർവശക്തരാണെന്ന മിഥ്യാധാരണയുടെ അടിസ്ഥാനം തങ്ങൾ പരിപൂർണമായ സ്വയംഭരണാധികാരം ഉള്ളവരാണെന്നും കൂടിയാലോചനകൾ ഒന്നും കൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളാൻ പോന്നവരാണെന്നും ഉള്ളതാൻ പോരിമയാണ്. സാമൂഹികമായ ഉത്തരവാദിത്വങ്ങളും കടപ്പാടും തങ്ങൾക്കില്ലായെന്നുമാണ് ഈ ചിന്താഗതിക്കാരുടെ അഭിപ്രായം.

തങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന അന്തസ്സും യാഥാർ ഥ്യവും ഇക്കൂട്ടർ സൗകര്യപൂർവം മറക്കുകയാണ്.

സർവവും തികഞ്ഞവരല്ല തങ്ങൾ എന്ന യാഥാർത്ഥ്യം എല്ലാ കാലത്തും മനുഷ്യർ തിരിച്ചറിഞ്ഞിട്ടുള്ള ഒരു വസ്തുതയത്രേ. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് ഈ പരിമിതിക ളെയും രോഗാതുരതയെയും മുറിവേൽക്കപ്പെടാനുള്ള സാധ്യത യെയും മറികടക്കാനും തരണം ചെയ്യാനും മനുഷ്യർ യത്നിച്ചി ട്ടുണ്ട്. ചരിത്രാതീതകാലം മുതലുള്ള മനുഷ്യന്റെ കലയുടെയും കരകൗശലത്തിന്റെയും ഉൽപന്നങ്ങളെല്ലാം മനുഷ്യകരങ്ങളുടെ ഒരു വികസിതരൂപം അല്ലെങ്കിൽ കൂട്ടിച്ചേർപ്പ് (Extention) അത്രേ. അതുപോലെ, മാധ്യമം (Media) മനുഷ്യർ ഉരുവിട്ട വാക്കുകളുടെ വികസിതരൂപമായി പരിണമിച്ചു നവസാങ്കേതികവിദ്യ ഉപയോഗി ച്ചിട്ടുള്ള അതിസങ്കീർണങ്ങളായ യന്ത്രങ്ങളുടെ സഹായത്താൽ ഇന്ന് മനുഷ്യന്റെ ചിന്തകളെത്തന്നെ സഹായിക്കാമെന്ന അവസ്ഥ യാണുള്ളത്. കമ്പ്യൂട്ടർ എന്ന പദത്തിന്റെ ഉല്പത്തി ‘‘കൂടെ ചിന്തി ക്കുക’’ യെന്ന അർഥം വരുന്ന 'com-puto '( കം - പൂത്തോ) എന്ന ലത്തീൻ പദത്തിൽ നിന്നത്രേ. ഓരോ ഉപകരണവും ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലനില്ക്കുന്നുണ്ട്. ദൈവത്തെ കൂടാതെ ദൈവമാകാനുള്ള ആദിമകാലം തൊട്ടുള്ള, മനുഷ്യന്റെ പ്രലോ ഭനം തന്നെയാണ് അതിനുള്ള കാരണം (നോക്കുക ഉല്പത്തി 3). ദൈവകൃപപോലെ സൗജന്യമായി ലഭിക്കേണ്ടതും സമ്മാനമായി സ്വീകരിച്ച് സർവരും കൂട്ടായ്മയിൽ ആസ്വദിക്കേണ്ടതുമായതിനെ സ്വന്തം പ്രയത്നത്താൽ നേടിയെടുക്കാം എന്ന ചിന്തയും ഇതിനു പിറകിലുണ്ട്. ഹൃദയത്തിന്റെ ആഭിമുഖ്യവും ചായ്‌വും അനു സരിച്ച്, കരഗതമായിട്ടുള്ളവയെല്ലാം ഒരേസമയം ഒരവസരവും ഭീഷണിയുമത്രേ ആശയവിനിമയത്തിനും കൂട്ടായ്മയ്ക്കും ആയി സൃഷ്ടിക്കപ്പെട്ട മനുഷ്യശരീരംതന്നെ ഹിംസയുടെയും കൊടിയ ആക്രമത്തിന്റെയും ഉപകരണമായി മാറാം. അതുപോലെതന്നെ, മനുഷ്യന്റെ സാങ്കേതികമായ കൂട്ടിച്ചേർക്കലുകൾ മനുഷ്യരുടെ സ്നേഹസേവനത്തിനായും ശത്രുതാപരമായ പ്രാമാണ്യത്തിനാ യും അധിനിവേശത്തിനായും ഉള്ള ഉപകരണങ്ങളായി ഉപയോ ഗിക്കപ്പെടാം. ആർട്ടിഫിഷൽ ഇന്റലിജൻസ് സംവിധാനങ്ങൾക്ക് അജ്ഞതയെ അകറ്റി, വിവിധ ജനങ്ങൾക്കിടയിലും തലമുറകൾ ക്കിടയിലും അറിവ് കൈമാറ്റം ചെയ്യുന്നതിനും സഹായകര മായി വർത്തിക്കാം. ഉദാഹരണത്തിന്, പുരാതനയുഗത്തിലെ രേഖ

പ്പെടുത്തപ്പെട്ട അറിവിന്റെ ബൃഹത്തായ പൈതൃകത്തെ സംലഭ്യമാക്കാനും മനസ്സിലാക്കിക്കൊടുക്കാനും നിർമ്മിതബുദ്ധിക്കു സാധിക്കും. പൊതുവായ ഒരു ഭാഷയില്ലാത്ത വ്യക്തികൾക്കിടയിലും ആശയവിനിമയം സാധ്യമാക്കാൻ പോന്നതാണത്. എന്നിരുന്നാലും അതേസമയം, വൈജ്ഞാനികമായ മലിനീകരണത്തിന്റെ; Cognitive pollution ഒരു സ്രോതസായി അതു മാറാം. സത്യത്തെ വക്രീകരിച്ച് ഭാഗികമോ സമ്പൂർണമോ ആയ തെറ്റായ ആഖ്യാനങ്ങളിലൂടെ, അതാണ് സത്യം എന്ന് പ്രചരിപ്പിക്കാനും പ്രക്ഷേപണം ചെയ്തു ജനങ്ങളെ വിശ്വസിപ്പിക്കാനും ഉള്ള സാധ്യത ഏറെയാണ്. വ്യാജ വാർത്തകൾ പ്രചരിപ്പിച്ച് തെറ്റായ വിവരം മനപ്പൂർവം നല്കുക (Disinformation) എന്നത് ദീർഘകാലമായുള്ള പ്രശ്നമത്രേ (3). ആഴമായ വ്യാജം (Deep fake) ഉപയോഗിച്ച്, തികച്ചും വിശ്വസനീയമായ രീതിയിൽ സചിത്രമായി അവതരിപ്പിച്ചുകൊണ്ടുള്ള അസത്യപ്രസ്താവനകൾ ഇന്ന് സാധ്യമാണ്. ഞാനും ഇങ്ങനെ ഇരയാക്കപ്പെട്ടിട്ടുണ്ട്. ഒരു വ്യക്തി ഒരിക്കലും പറയാത്ത കാര്യങ്ങൾ പോലും, അയാളുടെതന്നെ ശബ്ദവും വാക്കുകളും ഉപയോഗിച്ചുകൊണ്ടുള്ള ശബ്ദ സന്ദേശങ്ങൾ ( Audio messages) ഇന്ന് പ്രചരിപ്പിക്കാനാവും? ഇത്തരം പ്രോഗ്രാമുകളുടെ പുറകിലുള്ള കൃത്രിമ മാതൃകയും അനുകരണ സാങ്കേതികവിദ്യയും ( Technology of simulation ) ചില സാഹചര്യങ്ങളിൽ, മേഖലകളിൽ, ഉപയോഗപ്രദമാണ്. മനുഷ്യബന്ധങ്ങളെ വക്രീകരിച്ചു ശിഥിലമാക്കുകയും സത്യത്തെ വളച്ചൊടിക്കുകയും ചെയ്യുമ്പോൾ അത് വികൃതമായിത്തീരുന്നു. നിർമിതബുദ്ധിയുടെ ആദ്യ തരംഗം ഉണ്ടായ സാമൂഹികമാധ്യമങ്ങളിലെ ഈ അവ്യക്തതയും ധൈര്യവും നാം അനുഭവിച്ചറിഞ്ഞതാണ്. സാമൂഹിക മാധ്യമത്തിന് ഏറെ സാധ്യതയുള്ളപ്പോൾതന്നെ അപകടസാധ്യതകളും അതുമായി ബന്ധപ്പെട്ട രോഗലക്ഷണങ്ങളുമുണ്ട്.

നിർമിതബുദ്ധിയുടെ രണ്ടാമത്തെ ലെവലായ, ഉപമേഖലയായ ജനറേറ്റിവ് ആർടിഫിഷൽ ഇന്റലിജൻസ് പ്രതിനിധികരിക്കുന്നത് ഉചിതമായ ഒരു കുതിച്ചുചാട്ടം തന്നെയാണെന്നത് അവിതർക്കിതമാണ്. എന്നാൽ ഇവിടെയും വേണ്ട നിയന്ത്രണങ്ങൾ ആവശ്യമാണ്. അവയെ വേണ്ടവിധം മനസ്സിലാക്കുകയും അംഗീകരിച്ചാദരിക്കുകയും ചെയ്യുമ്പോൾത്തന്നെ അവ തെറ്റായ കരങ്ങളിൽ എത്തപ്പെട്ട് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മനുഷ്യധിഷണയുടെയും നൈപുണ്യത്തിന്റെയും

ഏത് ഉൽപ്പന്നംപോലെത്തന്നെ അൽഗോരിതങ്ങളും നിഷ്പക്ഷ മല്ല. അക്കാരണത്താൽ, അവയുടെ ദുരുപയോഗം തടയുന്നതി നുള്ള സത്വരനടപടികൾ ആവശ്യമാണ്. ധാർമിക നിയന്ത്രണ ങ്ങളെ സമാദരിക്കുന്ന മാതൃകകളാണ് നിർദേശിക്കേണ്ടത്. സാമൂ ഹികനീതിക്കു നിരക്കാത്ത വിധത്തിലും മനുഷ്യർക്കിടയിൽ വിഭാ ഗീയതയും ശത്രുതയും സൃഷ്ടിക്കുന്ന തരത്തിലും അവ ഉപയോ ഗിക്കപ്പെടാതെ നോക്കേണ്ടതുണ്ട്. ബഹുസ്വരതയെ ഹനിക്കു ന്നതിനും പൊതുജനാഭിപ്രായത്തെ ഒരു പ്രത്യേക വിഭാഗത്തിന് വേണ്ടിമാത്രം അട്ടിമറിക്കുന്നതിനും അവസരമൊരുക്കാൻ പാടില്ല. അന്തർദേശീയ സമൂഹത്തോട് എനിക്ക് അഭ്യർഥിക്കാനുള്ളത് ' നിർമ്മിതബുദ്ധിയുടെ വികസനവും വിവിധരീതിയിലുള്ള ഉപ യോഗവും സംബന്ധിച്ച് ഏവർക്കും ബാധകമായ ഒരു അന്തർ ദേശീയ ഉടമ്പടി രൂപപ്പെടുത്തുന്നതിൽ സഹകരിച്ച് പ്രവർത്തി ക്കണമെന്നത്രേ. അതേസമയം ഏതൊരു മാനുഷിക സാഹചര്യ ത്തിലുമുള്ളതുപോലെ നിയന്ത്രണങ്ങൾ മാത്രം മതിയാവും എന്നു ധരിക്കരുത്.

**മനുഷ്യത്വത്തിൽ ഉള്ള വളർച്ച**

കൂട്ടായ വളർച്ചയിലേക്കാണു നാമേവരും വിളിക്കപ്പെടിരിക്കു ന്നത്. ഈ വളർച്ച മനുഷ്യത്വത്തിലേക്കുള്ള വളർച്ചയും മനുഷ്യ മഹാകുടുംബത്തിന്റെ വളർച്ചയുമത്രേ. ബഹുസ്വരവും വിവിധ വർഗ്ഗങ്ങളെയും ജനത്തിനെയും ഉൾക്കൊള്ളുന്നതും വിവിധ മത ങ്ങളെയും സംസ്കാരങ്ങളെയും ആശ്ലേഷിക്കുന്നതുമായ ഒരു സങ്കീർണമായ സമൂഹത്തിന്റെ സംരചനയിൽ ഗുണപരമായ ഒരു കുതിപ്പ് നടത്താൻ നാം വെല്ലുവിളിക്കപ്പെട്ടിരിക്കുകയാണ്. ആശയ വിനിമയത്തിന്റെയും വിജ്ഞാനത്തിന്റെയും ഈ പുതിയ ഉപകര ണങ്ങളുടെ സൈദ്ധാന്തികമായ വികാസത്തെക്കുറിച്ചും അവ യുടെ ദൈനംദിന ജീവിതത്തിലെ ഉപയോഗത്തെക്കുറിച്ചും ശ്രദ്ധ യോടെ വിചിന്തനം നടത്താനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നന്മയ്ക്കായുള്ള അവയുടെ ബൃഹത്തായ സുധ്യതകളോടൊപ്പം ചില അപകടസാധ്യതകളും അവയെ പിന്തുടരുന്നുണ്ട്. എല്ലാറ്റി നെയും അമൂർത്തമായ കണക്കുകൂട്ടലുകളായി മാറ്റിമറിക്കാനും വ്യക്തികളെ സ്ഥിതി വിവരണകണക്കായി (Data) മാത്രം ലഘൂക രിച്ച് കാണാനുമുള്ള സാധ്യതയുണ്ട്. ചിന്തയെന്നത്, ഒരു യാന്ത്രിക പ്രക്രിയ മാത്രമാണെന്നും അനുഭവജ്ഞാനമെന്നത്, ഒറ്റപ്പെട്ട കേസാ ണെന്നും, കരുതാനും നന്മയെ ലാഭമായി മാത്രം നോക്കിക്കാണാനും,

സർവ്വോപരി, ഓരോ വ്യക്തിയുടെയും തനിമയും അനന്യതയും നിഷേധിക്കുകയും ചെയ്തുകൊണ്ട് അവന്റെയും അവളുടെയും കഥകളെ നിഷേധിക്കാനും ഉള്ള സാധ്യതയും നിലനില്ക്കുന്നുണ്ട്. സത്യത്തിന്റെയും ഉൺമയുടെയും മൂർത്തഭാവങ്ങൾ, അപ്രകാരം സ്ഥിതിവിവരക്കണക്കുകളുടെയും ഡാറ്റയുടെയും ബാഹുല്യത്തിന്റെ കോലാഹലങ്ങളിൽ അലിഞ്ഞില്ലാതാവുന്നുവെന്നതാണ് യാഥാർത്ഥ്യം.

ഡിജിറ്റൽ വിപ്ലവത്തിന് (Digital Revolution) കുടുതൽ സ്വാതന്ത്ര്യം നമുക്ക് പ്രദാനം ചെയ്യാനാകുമെങ്കിലും, നമ്മെ ചില മാതൃകകളുടെ അടിമകളാക്കിത്തീരാൻ അനുവദിച്ചു കൂടാ. എക്കോ ചേംബറുകളുടെ തടവുകാരായി തീരുന്നത് ഒട്ടും ആശാസ്യമല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, നമ്മുടേതിൽനിന്നും വ്യത്യസ്തമായ വിശ്വാസപ്രമാണങ്ങളെയും ചിന്താഗതികളെയും ബദൽ ചിന്തകളെയും പാടെ നിരസിക്കുകയെന്ന ഇടുങ്ങിയ മനോഭാവമത്രേ. ഈ സാഹചര്യത്തിൽ, അറിവിന്റെ ബഹുസ്വരത വർധിക്കാതിരിക്കുന്നതിനു പകരം, ആശയക്കുഴപ്പത്തിന്റെ ചെളിക്കുണ്ടിൽ ഒഴുകി നടക്കാനാവും നമ്മുടെ വിധി. വിപണിയുടെയും അധികാരത്തിൽ വാഴുന്നവരുടെയും ഇരകളായിത്തീരാനും അതു വഴിവയ്ക്കുന്നതാണ്. നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തി വിഭാഗീയ ചിന്ത വളർത്തണമെന്നും സ്ഥിരീകരിക്കാത്ത വാർത്തകളും കണക്കുകളും അവതരിപ്പിക്കാമെന്നും എഡിറ്റർമാർക്ക് കൂട്ടായി നിന്നുകൊണ്ട് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്താമെന്നും ഉള്ള ചിന്തകൾ നമുക്ക് സ്വീകാര്യമല്ല. യന്ത്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ബൃഹത്തായ സ്ഥിതിവിവരണ കണക്കുകൾ (Big Data) എത്ര തന്നെ അത്യന്താപേക്ഷിതമാണെങ്കിലും വസ്തുതകളുടെ നിജസ്ഥിതി നഷ്ടപ്പെടാനുള്ള വലിയ സാധ്യത അന്തിമ വിശലനത്തിൽ നിലനില്ക്കുന്നതായി കാണാം. വ്യക്തികൾക്കിടയിലെ ആശയവിനിമയത്തിന് വിഘാതമായിത്തീരുന്ന ഈ സാഹചര്യം നമ്മുടെ മാനവികതയ്ക്കുതന്നെ ഭീഷണിയത്രേ. അറിവിനെ സജീവമായ മനുഷ്യബന്ധത്തിൽ നിന്നു വേർപെടുത്താനാവില്ല. മനുഷ്യ ശരീരവും യഥാർഥജീവിതത്തിലെ ഇടപെടലും മുഴുകലും അതിലുൾപ്പെടുന്നുണ്ട്. സ്ഥിതിവിവരണ കണക്കുകളും ഡാറ്റയുമായി മാത്രമല്ല അത് ബന്ധപ്പെട്ടിരിക്കുന്നത്, പ്രത്യുത മനുഷ്യന്റെ അനുഭവജ്ഞാനവുമായിട്ട് കൂടിയാണ്. അതിനു വേണ്ടത്, സംവേദന ക്ഷമതയും അനുകമ്പയും പങ്കുവെക്കലുമാണ്.

ഇതര മനുഷ്യരുടെ മുഖവും മുഖഭാവങ്ങളും തിരിച്ചറിയാൻ നമുക്ക് സാധിക്കണം.

ഇവിടെ യുദ്ധകാര്യങ്ങൾ റിപ്പോർട്ടു ചെയുന്നതിനെക്കുറിച്ചു ചിന്തിച്ചു പോകുന്നു, ഒപ്പം ഒരു സമാന്തര യുദ്ധത്തെക്കുറിച്ചും. ഈ സമാന്തര യുദ്ധം നടക്കുന്നത് വ്യാജ പ്രചരണങ്ങൾ വഴിയത്രെ. യുദ്ധം റിപ്പോർട്ട് ചെയ്യുന്നതിനിടയിൽ മുറിവേൽക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നവരെയും ഞാൻ അനുസ്മരിക്കുന്നു. അവർ കണ്ട കാര്യങ്ങൾ നമ്മെ കാണിക്കാനുള്ള ശ്രമത്തിലാണ് അവർക്കിങ്ങനെ സംഭവിച്ചത്. യുദ്ധത്തിന്റെ അർത്ഥമില്ലായ്മയിലേക്കാണ് യുദ്ധം മൂലം സഹിക്കേണ്ടിവരുന്ന കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും പുരുഷന്മാരുടെയും തീവ്രമായ അനുഭവം നമ്മെ പഠിപ്പിക്കുന്നത് ആശയവിനിമയമേഖലയിൽ ആശ്വാസമായ, സർഗാത്മകമായ സംഭാവനകൾ നൽകാൻ നിർമ്മിതബുദ്ധിയുടെ ഉപയോഗം വഴി സാധിക്കും. പ്രഫഷണൽ ജേണലിസത്തെ അർ തുടച്ചു നീക്കാതിരുന്നാൽ മാത്രം മതി. ജേണലിസത്തെ സഹായിക്കുന്ന വിധമാവണം അതിന്റെ പ്രവർത്തനശൈലി. ആശയവിനിമയത്തിന്റെ പ്രഫഷണൽ സ്വഭാവത്തെ അംഗീകരിക്കുന്നതുമായിരിയിരിക്കണം അത്. തന്റെ ഉത്തരവാദിത്തങ്ങളെ കുറിച്ച് കൂടുതൽ അവബോധമുളളളവരായിരിക്കണം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും. അപ്രകാരം അവരെല്ലാവരും വിവേകബുദ്ധിയോടെ ആശയവിനിമയമേഖലയിൽ പങ്കാളികളാവട്ടെ

ഇന്നത്തെയും ഭാവിയിലെയും ചില ചോദ്യങ്ങൾ. ഈ വിഷയത്തിൽ സ്വാഭാവികമായിഉയരുന്ന ഏതാനും ചോദ്യങ്ങളുണ്ട്. പ്രൊഫഷണലിസത്തെയും ഈ ഖേലയിൽ സേവനം ചെയുന്നവരെയും എങ്ങനെയാണ് നാം പരീക്ഷിക്കുക ഒപ്പം, ലോകമാസകലമുള്ള, അറിവിന്റെയും ആശയവിനിമയത്തിന്റെയും ഉപഭോക്താക്കളുടെ സംരക്ഷണം എങ്ങനെ സാധ്യമാവും? വിവിധങ്ങളായ പ്ലാറ്റ്ഫോമുകൾക്കിടയിലെ പ്രവർത്തനങ്ങൾ എങ്ങനെ ഉറപ്പുവരുത്താം, എങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കാനാകും? ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിച്ചെടുക്കുന്ന ബിസിനസുകാരെ ഉള്ളടക്കവും പരസ്യവും സംബന്ധിച്ച കാര്യങ്ങളിൽ, മററുപരമ്പരാഗത മാധ്യമങ്ങളുടെ എഡിറ്റർമാരെപ്പോലെ തന്നെ എങ്ങനെ ഉത്തരവാദികളായി പരിഗണിക്കാം? അൽഗോരിതം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ – ഇൻഡക്സിങ്ങിനും ഡീ-ഇൻഡക്സിങ്ങിനുമായിട്ടുള്ള – എങ്ങനെ കൂടുതൽ സുതാര്യമാക്കിത്തീർക്കാം; വ്യക്തികൾ, അഭിപ്രായങ്ങൾ,

ചരിത്രം, സംസ്കാരം എന്നിവ ആഘോഷിക്കാനും റദ്ദാക്കാനും സമൃദ്ധമായ സേർച്ച് എഞ്ചിനുകളുടെ കാര്യത്തിലും ഇത് പ്രസക്ത മാണ്. വിവര പരിശോധന പ്രക്രിയയുടെ സുതാര്യത എങ്ങനെ ന മുക്ക് ഉറപ്പിക്കാനാവും. എഴുത്തിന്റെ യഥാർത്ഥ സ്രോതസ്സും പിതൃ ത്വവും എങ്ങനെ കണ്ടെത്താനാവും: അജ്ഞാതനാമത്തിന്റെ രക്ഷാ കവചത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന സ്രോതസ്സ് എങ്ങനെ കണ്ടെത്താം ഒരു സംഭവത്തെക്കുറിച്ചുള്ള ചിത്രം ( image ) അല്ലെ ങ്കിൽ വീഡിയോ (vedio) യഥാർത്ഥമാണോ അല്ലെങ്കിൽ കൃത്രിമ മായി സൃഷ്ടിച്ചതാണോ (Simulated ) എന്ന് എങ്ങനെ വ്യക്തമാക്കാം ? ഒറ്റ സ്രോതസ്സ് മാത്രമായി പരിമിതപ്പെടുത്താനുള്ള സാധ്യതയെ എങ്ങനെ നിരോധിക്കാനാവും? ഒരു അൽഗോരിതം മാത്രമുപയോ ഗിച്ച് ഒരു സമീപനം (രീതിശാസ്ത്രം) മാത്രം ഇവിടെ ഉപയോ ഗിക്കപ്പെടുന്നു. ഇതിനുപകരം, ബഹുത്വാത്മകത ( Pluralism) നില നിർത്തിക്കൊണ്ട് യാഥാർത്ഥ്യത്തിന്റെ സങ്കീർണ്ണതകളെ മുഴുവൻ ചിത്രീകരിക്കുന്ന രീതിയിൽ ഒരു അന്തരീക്ഷം എങ്ങനെ നിലനിർ ത്താനാവും? സാങ്കേതികവിദ്യയെ എങ്ങനെ സുസ്ഥിരമാക്കാം? (Sustainable). അത്രമേൽ ശക്തവും ഭാരിച്ച ചെലവുള്ളതും ഊർ ജ്ജത്തിന്റെ ഉപയോഗം ഏറിയതോതിലുമുള്ളതുമായ ഒന്നാണീ സാങ്കേതികവിദ്യയെന്നോർക്കണം. വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽകൂടി ഇവയുടെ ലഭ്യത എങ്ങനെ നേടിയെടുക്കാം?

ഈ വിധത്തിലുള്ള ചോദ്യങ്ങൾക്കും മറു ചോദ്യങ്ങൾക്കും നാം നൽകുന്ന ഉത്തരം ഏറെ പ്രസക്തമത്രേ. നിർമ്മിതബുദ്ധി പുതിയ വർഗ്ഗങ്ങളെ (new castes) അതിന്റെ ലഭ്യതയനുസരിച്ച് സൃഷ്ടിക്കുമോ? പുതിയ രീതിയിലുള്ള ചൂഷണങ്ങൾക്കും അവസ രമില്ലാമയ്യ്ക്കും ആസന്തുലിതാവസ്ഥയ്ക്കും നിർമ്മിതബുദ്ധി വഴിയൊരുക്കുമോ? മറിച്ച് ശരിയായ വിവരങ്ങൾ നില്കിക്കൊണ്ട് അതിന് കൂടുതലായി സമത്വം സൃഷ്ടിക്കാൻ സാധിക്കുമോ? അതിനു വേണ്ടത് നാം അനുഭവിക്കുന്ന ഐതിഹാസികമായ ഈ മാറ്റത്തെ കുറിച്ചുള്ള കൂടിയതോതിലുള്ള അവബോധമത്രേ. കൂട്ടായ്മയിലൂടെ മാത്രമേ നമ്മുടെ വിവേചന ശക്തിയെ നമുക്ക് വർദ്ധിപ്പിക്കാനും ജാഗ്രതയെ കൂടുതൽ സൂക്ഷ്മമാക്കാനും സാധി ക്കുകയുള്ളൂ. അവയുടെ സാക്ഷാത്കാരത്തിന്റെ പ്രകാശത്തിൽ വേണം നാം കാര്യങ്ങളെ കാണാൻ. അല്ലെങ്കിൽ നമ്മുടെ മനുഷ്യ ത്വത്തിന്റെ ദിശാബോധം തന്നെ നഷ്ടപ്പെടാം. എല്ലാറ്റിനും മുമ്പ് സൃഷ്ടിക്കപ്പെട ജ്ഞാനം നമുക്കു തേടാം. (പ്രഭാഷകൻ 1:4) നിർമിത

ബുദ്ധിയുടെ സംവിധാനങ്ങൾ മനുഷ്യത്വ സമ്പൂർണ്ണമായ ആശയ വിനിമയത്തിന്റെ ശുശ്രൂഷയ്ക്കും സേവനത്തിനുമായി നമ്മെ സഹായിക്കുന്നതാണ്.

**റോം: സെന്റ് ജോൺ ലാറ്ററൻ**
24 ജനുവരി, 2024 ഫ്രാൻസിസ് മാർപാപ്പ
കെ. സി. ബി. സി മീഡിയ കമ്മിഷൻ, പി. ഒ. സി കൊച്ചി
പരിഭാഷ : ഡോ മാത്യു കുരിശുമ്മൂട്ടിൽ

---

**NB: 2024 ജൂൺ 9 -ാം തീയതി** ഞായറാഴ്ച മാനന്തവാടി രൂപതയിൽ മാധ്യമദിനമായി ആചരിക്കുകയാണ്. അന്നേദിനം മാർപാപ്പയുടെ ഈ സന്ദേശം പള്ളികളിൽ വായിക്കുകയോ ഇതിലെ ആശയം പങ്ക് വയ്ക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹുമാനപ്പെട്ട മാത്യു കൊല്ലിത്താനം അച്ചന്റെ ചരമവാർഷികം ജൂൺ 3 നും ബഹുമാനപ്പെട്ട തോമസ് കാട്ടൂരച്ചന്റെ ചരമവാർഷികം ജൂൺ 8 നും ബഹുമാനപ്പെട്ട ജെയിംസ് കുമ്പുക്കിൽ അച്ചന്റെ ചരമവാർഷികം ജൂൺ 21 നും ബഹുമാനപ്പെട്ട ജെയിംസ് പീടികപ്പാറ അച്ചന്റെ ചരമവാർഷികം ജൂൺ 28 നുമാണ്. നമ്മുടെ വി. കുർബാനകളിലും പ്രാർത്ഥനകളിലും ഈ വൈദികരെ സ്നേഹപൂർവ്വം അനുസ്മരിക്കാം.

**മാധ്യമദിനം - ജൂൺ 9**

2024 ജൂൺ 9 ന് മാധ്യമദിനമായി നമ്മുടെ രൂപതയിൽ ആചരിക്കുകയാണല്ലോ. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പത്രോസിന്റെ കാശ് - ജൂൺ 23**

ജൂൺ 29 ന് ആദിമസഭയുടെ അടിസ്ഥാനങ്ങളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 23-ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോ മലബാർ ദിനം - ജൂലൈ 3**

സീറോ മലബാർ സഭാദിനമായി കൂടി ആചരിക്കുന്ന നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. സീറോ മലബാർ സഭാദിനവുമായ ജൂലൈ 3 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയുടെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിനായി കഴിയുന്നതും നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**നന്ദി**

മാനന്തവാടി രൂപതയിലെ സ്തുത്യർഹമായ സേവനത്തിനു ശേഷം പുതിയ കർമ്മ മേഖലകളിലേക്ക് പ്രവേശിക്കുന്ന CST സഭാംഗവും കരിമാനി പള്ളി വികാരിയുമായിരുന്ന ബഹു. ലിൻസൺ ചെങ്ങിനിയത്ത് അച്ചനും, CMF സഭാംഗവും ചാരിറ്റി വികാരിയുമായിരുന്ന ബഹു. ജോസ് പുളിൻക്കുന്നേൽ അച്ചനും രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ യാത്രാമംഗളങ്ങൾ നേരുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിലേക്ക് സേവനത്തിനായി കടന്നു വന്നിരിക്കുന്ന ബഹു. നെല്ലുവേലിൽ ജോർജ് CST അച്ചനും, ബഹു. മണക്കാട്ട് ജിജോ CMF അച്ചനും രൂപതാ കുടുംബത്തിലേക്ക് സ്വാഗതം. ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു.

**അഭിനന്ദനങ്ങൾ**

പബ്ലിക്ക് നോട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബഹു. ജോർജ് പടിഞ്ഞാറയിൽ അച്ചന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

## Transfer List – May 2024
## (w.e.f.19th May 2023)

| SN | House Name, Name | Assignment |
|---|---|---|
| 1. | Chakkalackal Joseph | Ramanathapuram & Study |
| 2. | Chakkittakudiyil Jose | Kuttiyamvayal |
| 3. | Chakkittakudy James | Ottaplavu |
| 4. | Chembakkara James | Marakkadav |
| 5. | Chettiyassery Joseph | Panthipoil & History |
| 6. | Chittarackal Varghese | Nelliyodi |
| 7. | Elamkunnel Sebastian | Payyampally |
| 8. | Elamkunnel Joseph (Tony) | Mothakkara & Mattoli |
| 9. | Elavanappara Sebastian | Chulliana |
| 10. | Kalappura Mathew (Vipin) | Study |
| 11. | Kalappurackal Abraham (Vinoy) | Thrikkaipetta |
| 12. | Kalliyattu Devasia | Chulliyode |
| 13. | Kallupura Johny | Kabanigiri |
| 14. | Kattamkottil Joseph (Saji) | Thalipadam |
| 15. | Kattath Thomas | Ambayathode |
| 16. | Kavumkal Joseph | Makkiyad |
| 17. | Keezheth Sebastian | Asst. Director, Seminary Villa |
| 18. | Kizhakkenputhuppally John (Santhosh) | Vanjode |
| 19. | Kochuparackal Kurian ( Saji) | Ruby Nagar |
| 20. | Kochuparackal Mathew (Tomy) | Rippon |
| 21. | Kollamkunnel Varghese | Kallumukku |
| 22. | Kollarthottam Mathew | Pathirippadam |

| | | |
|---|---|---|
| 23. | Korandiyarkunnel Paul | Kanimabetta |
| 24. | Kottaram Jose | Puthusserry |
| 25. | Kudakkachira Joseph | Kurumbala |
| 26. | Kunnath Joseph | Study |
| 27. | Kunnathettu James | Palankara |
| 28. | Kuthukallumkal Francis | Administrative Leave |
| 29. | Madathil Sebastian (Sunil) | Narivalamunda |
| 30. | Madathiparambil Arun | Edayoorkunnnu & GM, FEDAR |
| 31. | Manakunnel Thomas | Bathery |
| 32. | Mankottil James | Kadalamad |
| 33. | Mapplassery Babu | Valavayal |
| 34. | Moloparambil Jose | Vadakkanad |
| 35. | Muthanikkattu Martin | Puthiyidomkunnu & Director, Media Commission |
| 36. | Muthirakalayil Joseph (Benny) | Manimooly & Syncellus |
| 37. | Nellikkunnel Francis | Kunjhome |
| 38. | Nellimalayil Emmanuel | GM,FEDAR |
| 39. | Olickal Thomas | Padamala |
| 40. | Ousepparambil Joseph | Leave |
| 41. | Padinjarayil Mathew (Robin) | Elapeedika (add’l charge) |
| 42. | Pakkanikuzhy Sebastian | Kartikulam |
| 43. | Paruvummel Joseph | Director, Pastoral Centre |
| 44. | Ponthottiyil Thomas | Manjoora |
| 45. | Puthen Sebastian | Sabbatical Leave |
| 46. | Puthenpurayil Joseph (Sineesh) | Bekki |
| 47. | Puthukulangara Thomas | Chokkad |

| | | |
|---|---|---|
| 48. | Thamarassery Vincent | Retired |
| 49. | Thanniyil Augustine | Leave |
| 50. | Thayyil Jose | Kalathuvayal |
| 51. | Thekkeppera Mathew | Kolavayal |
| 52. | Thekkilakkattil Mathew (Jomesh) | Ellumannam & Asst. Director, St Joseph's Hospital |
| 53. | Therakam George | Peria |
| 54. | Theverkunnel Don Bosco | Karani |
| 55. | Urumbil Joseph | Amarakuni |
| 56. | Vadasserry Thomas | Kuttimoola |
| 57. | Valakodiyil Dominic | Ondayangady |
| 58. | Vathelil Abraham | Vallikkettu |
| 59. | Vattukunnel Isaac | Palemad |
| 60. | Vazhachalil Thomas | Bospara |
| 61. | Vazhakkala Chackochan | Kurumani |
| 62. | Vazhayil Kurian | Kammana |
| **Religious Priests** | | |
| 63. | Manakkattu Jijo CMF | Charity |
| 64. | Nelluvelil George CST | Karimani |
| **Assistant Vicars** | | |
| 65. | Manthrickal Thomas | Cathedral |
| 66. | Mulangattil Thomas | Kallody |
| 67. | Poyikayil Kurian (Arun) | Kottiyoor |
| 68. | Poikayil Joseph ( Jerin) | Manimooly |
| 69. | Uppuveettil John | Mullenkolly |

**Fr Anoop Kaliyaniyil**
Chancellor

**Bishop Jose Porunnedom**
Bishop of the Eparchy of Mananthavady

## ബൈബിൾ പഠനത്തിന് ഒരു സുവർണ്ണാവസരം!

സാന്തോം ബൈബിൾ സ്റ്റഡി സെന്ററിനെപ്പറ്റി നിങ്ങൾ ഇതിനകം അറിഞ്ഞു കാണുമെന്ന് കരുതുന്നു. താമരശ്ശേരിയിൽ ഉണ്ടായിരുന്ന എം. എസ്. ടി യുടെ സാന്തോം മൈനർ സെമിനാരി യാണ് സാന്തോം ബൈബിൾ സ്റ്റഡി സെന്ററായി രൂപാന്തരീകരണം നടത്തിയത്. ഇവിടെ 80 പേർക്ക് താമസിച്ചു പഠിക്കാനുള്ള സൗക ര്യങ്ങൾ ഉണ്ട്. അവ ഉപയോഗിച്ചുകൊണ്ട് ഇവിടെ താമസിച്ച് ബൈബിൾ പഠിക്കാനുള്ള അവസരമാണ് ഞങ്ങൾ ഒരുക്കുന്നത്.

**1. മൂന്നുമാസത്തെ ബൈബിൾ കോഴ്സ്**

അധ്യാപന വൃത്തിയിൽ നിന്നും റിട്ടയർ ചെയ്യുന്നവരെ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബൈബിൾ കോഴ്സ്. 30 ഓളം വർഷം ജോലി ചെയ്ത ശേഷം ജീവിതത്തിന്റെ നല്ല പ്രായമായ 56-ാം വയസ്സിൽ റിട്ടയർ ചെയ്യുന്ന പലർക്കും വീട്ടിൽ ഒന്നും ചെയ്യാ തിരി ക്കുക എന്നത് വിഷമകരമാണ്. അങ്ങനെയുള്ളവർ ഇവിടെ വന്ന് മൂന്നുമാസം മറ്റ് സുഹൃത്തുക്കളോടൊപ്പം ചെലവഴിക്കാനും റിട്ടയർമെന്റ് കാലം എങ്ങനെ ഏറ്റവും നന്നായി ഉപയോഗിക്കാ മെന്നും തീരുമാനിക്കാനും ഇവിടെ അവസരം ഒരുക്കുകയാണ്. ഏത് ജോലിയിൽ നിന്നും റിട്ടയർ ആയവർക്കും ഈ ബൈബിൾ കോഴ്സിൽ ചേരാവുന്നതാണ്. മൂന്നുനില കെട്ടിടത്തിൽ ഒന്നാം നിലയിൽ ക്ലാസ് മുറികളും ചാപ്പലും ഭക്ഷണം ഭക്ഷണശാലകളും ഉണ്ട്. രണ്ടാം നിലയിൽ ഓഡിറ്റോറിയവും സിസ്റ്റേഴ്സിനും സ്ത്രീ കൾക്കും പ്രത്യേകം താമസ സൗകര്യവും ഉണ്ട്. മൂന്നാം നിലയി ൽ പുരുഷന്മാർക്കുള്ള താമസസ്ഥലമാണ്. വിശാലമായ മുറ്റവും ഹരിതാഭമായ ചുറ്റുപാടും ഇവിടെ താമസിച്ചു പഠിക്കുന്നവർക്ക് ഉന്മേഷമേകും. ജൂലൈ 2024 ആരംഭിക്കുന്ന ഈ കോഴ്സിൽ പങ്കെ ടുക്കാൻ ആഗ്രഹിക്കുന്നവർ ഇതിന്റെ അവസാനം കൊടുത്തി രിക്കുന്ന വാടസ്ആപ്പ് നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

**2. സിസ്റ്റേഴസിന് മാത്രമായുള്ള ബൈബിൾ കോഴ്സ്**

വളരെയധികം ആഗ്രഹിച്ചിട്ടും ബൈബിൾ പഠിക്കാൻ അവ സരം കിട്ടാത്ത ധാരാളം സിസ്റ്റേഴസ് ഉണ്ട്. വിവിധ ജോലികളിൽ നിരന്തരം വ്യാപൃതരായിരിക്കുന്ന അവർക്ക് ബൈബിൾ പഠന ത്തിനും മാത്രമായി ഒരു അവസരം കിട്ടാറില്ല. അവരെ ഉദ്ദേശിച്ചുള്ള

താണ് ഈ ക്ലാസ്സ്. മലയാളം ആയതുകൊണ്ട് വിദ്യാഭ്യാസ യോഗ്യത ഇതിന് ഒരു മാനദണ്ഡമല്ല. ഇതുവരെ ചെയ്തുകൊണ്ടിരുന്നതിൽ നിന്ന് ഒരു അവധിയെടുത്ത് മൂന്നുമാസം പഠനത്തിലും പ്രാർത്ഥന യിലും ആയി ചെലവഴിക്കാനുള്ള ഒരു സുവർണ്ണാവസരമാണിത്.

**3. സന്യാസ ജീവിതത്തിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്നവർക്ക് വേണ്ടിയുള്ള കോഴ്സ്**

സന്യാസ്യ ജീവിതത്തിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കു ന്നവർക്കെല്ലാം ഏറ്റവും ആവശ്യമായിരിക്കുന്ന ഒന്നാണല്ലോ ബൈബിൾ പഠനം. പല സന്യാസ സമൂഹങ്ങളിൽ അംഗങ്ങളാകാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്ന സന്യാസിനി വിദ്യാർത്ഥികൾക്ക് ഇവിടെ ആറുമാസം താമസിച്ച് ബൈബിൾ പഠിക്കാനുള്ള അവ സരമാണ് ഞങ്ങൾ ഇവിടെ ഒരുക്കുന്നത്.

**4. വൈദികർക്കായി ആഴ്ചയിൽ ഒരു ദിവസത്തെ ബൈബിൾ ക്ലാസ്സ്**

നിരവധി വർഷം നീണ്ട സെമിനാരി പരിശീലനത്തിടെ എല്ലാ വൈദികരും ബൈബിൾ പഠിച്ചവരാണ്. എന്നാൽ പുരോ ഹിതനായശേഷം ബൈബിൾ പഠനം തുടരുന്നവർ വളരെ ചുരുക്കമായിരിക്കും. ഇടവകയിൽ ജോലി ചെയ്യുന്ന വൈദി കർക്കും അവരുടെ അജപാലന കടമ തടസ്സപ്പെടാതെ അവരുടെ ബൈബിൾ വിജ്ഞാനം അലപം കൂടി ആഴത്തിലുള്ളതാക്കാ നുള്ള ഒരവസരം ഞങ്ങൾ ഒരുക്കുകയാണ്. തിങ്കളാഴ്ച വൈകു ന്നേരം ഇവിടെ വന്ന് ചൊവ്വാഴ്ച വൈകുന്നേരം തിരിച്ചുപോകാ വുന്ന വിധത്തിലാണ് ഈ കോഴ്സ് പ്ലാൻ ചെയ്യുന്നത്. ഇടവകക ളിലെ അജപാലന പ്രശ്നങ്ങൾ ബൈബിളിന്റെ വെളിച്ച ത്തിൽ ചിന്തിക്കാനും മറ്റുള്ളവരുമായി ചർച്ച ചെയ്യാനുമുള്ള അവസരവും ഇവിടെ ലഭിക്കും. ആഴ്ചയിലൊരിക്കൽ മറ്റ് അച്ചന്മാരുമായി സൗഹൃദം പുതുക്കാനും കൂടുതൽ തീക്ഷ്ണ തയോടെ അജപാലന ദൗത്യത്തിൽ ഏർപ്പെടാനും നിങ്ങൾക്ക് കരുത്ത് ലഭിക്കുകയും ചെയ്യും.

**5. വേദപാഠ അധ്യാപകർക്ക് ശനിയാഴ്ച ക്ലാസ്സുകൾ**

നമ്മുടെ വേദപാഠ അധ്യാപകർ ഇടവകകളിൽ നിന്നുള്ള സാധാരണക്കാരാണ്. അവർ ബൈബിളിൽ ആഴമേറിയ അറിവ് നേടിയവരല്ല. അവർക്ക് ബൈബിൾ കൂടുതലായി പഠിക്കാനുള്ള

അവസരമാണ് ഇവിടെ ഒരുക്കുന്നത്. ശനിയാഴ്ചകളിൽ അവർ ക്കായി ഞങ്ങൾ ബൈബിൾ ക്ലാസുകൾ സംഘടിപ്പിക്കുകയാണ്. അകലെയുള്ളവർക്ക് വെള്ളിയാഴ്ച വൈകുന്നേരം വേണമെങ്കിലും ഇവിടെ വന്ന് താമസിക്കാം. ബൈബിൾ ആഴത്തിൽ പഠിക്കാൻ താല്പര്യം ഉള്ളവർ ഞങ്ങൾ ഒരുക്കുന്ന ഈ സുവർണാവസരം വിനി യോഗിക്കുക.

**6. ജോലി കാത്തിരിക്കുന്ന അഭ്യസ്ത വിദ്യർക്ക് ബൈബിൾ പഠന സൗകര്യം**

ജോലിക്കായി കാത്തിരിക്കുന്ന ധാരാളം അഭ്യസ്തവിദ്യർ ആയിട്ടുള്ളവർ നമ്മുടെ നാട്ടിലുണ്ട്. ഇവിടെത്തന്നെയോ വിദേ ശത്തോ ജോലിയിൽ പ്രവേശിക്കാൻ ഏതാനും ആഴ്ചകളോ മാസ ങ്ങളോ ഉള്ളവർക്ക് ഇവിടെ വന്ന് നിങ്ങൾക്കു മാത്രമായി ഒരുക്കുന്ന ബൈബിൾ ക്ലാസുകളിൽ പങ്കെടുക്കാം. ഈ അവസരം ഉപയോ ഗിക്കുക. പല ഗ്രൂപ്പുകൾക്ക് ഒരേസമയം ഇവിടെ വിവിധ കോഴ്സു കൾ കോഴ്സുകളിൽ പങ്കെടുക്കാവുന്നതാണ്. അതിനുള്ള സൗകര്യം ഇവിടെയുണ്ട്. പ്രശസ്തരായ ബൈബിൾ പണ്ഡിതരാണ് ബൈബിൾ ക്ലാസുകൾ നയിക്കുന്നത്. എം.എസ്. ടി മിഷനറി സമൂഹ ത്തിൽ തന്നെ നിരവധി ബൈബിൾ പണ്ഡിതരുണ്ട്. കൂടാതെ ഞങ്ങ ളുടെ അയൽവക്കത്തുള്ള സനാതന എം. സി. ബി.എസ് ദൈവ ശാസ്രത സെമിനാരിയിലെയും, കുന്നോത്ത് മേജർ സെമിനാരിയി ലെയും, തലശ്ശേരി ആൽഫ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെയും ബൈബിൾ പണ്ഡിതരെ ഇവിടെ നടക്കുന്ന ബൈബിൾ കോഴ്സുക ളിലേക്ക് ക്ഷണിക്കുന്നതാണ്. ഫാ. ഡോക്ടർ സെബാസ്റ്റ്യൻ കിഴ ക്കയിലാണ് ഈ ബൈബിൾ സ്റ്റഡി സെന്ററിന്റെ ഡയറക്ടർ. കഴിഞ്ഞ് 27 വർഷമായി ഭാരതത്തിലും വിദേശത്തുമുള്ള ധാരാളം സെമി നാരികളിലും സ്ഥാപനങ്ങളിലും അദ്ദേഹം ബൈബിൾ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ 67 ഈടുറ്റ ഗ്രന്ഥങ്ങൾ അദ്ദേഹ ത്തിന്റെ വകയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിൽ പലതും വിവിധ മേജർ സെമിനാരികളിൽ പാഠപുസ്തകങ്ങളായി ഉപയോ ഗിക്കുന്നവയാണ്. ആമസോണിൽ നിന്നും മറ്റു പ്രസാധകരിൽ നിന്നും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ നിങ്ങൾക്ക് വാങ്ങിക്കാവുന്ന താണ്. അദ്ദേഹം ആരംഭിച്ച ബൈബിൾ വ്യാഖ്യാന പരമ്പരയായ

സാന്തോം ബൈബിൾ കമന്ററിയിൽ ഇതുവരെ ആറ് വാല്യങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്രീക്ക് ഹീബ്രു മൂലഭാഷകളിൽ നിന്നുള്ള നൂതന വിവർത്തനങ്ങളോടു കൂടിയതാണ് ആ വ്യാഖ്യാന ഗ്രന്ഥങ്ങൾ. കൂടാതെ നാല് സുവിശേഷങ്ങളുടെയും ഗ്രീക്ക് മൂല ഭാഷയിൽ നിന്നുള്ള പരിഭാഷയും അദ്ദേഹം പ്രസിദ്ധികരിച്ചിട്ടുണ്ട്. മലയാളത്തിൽ ഏറെ അറിയപ്പെടുന്ന ഗുഡ്നെസ്സ് ടിവിയിൽ ആയിരത്തിലധികം ബൈബിൾ ക്ലാസുകൾ കിഴക്കയിൽ അച്ചൻ നൽകിയിട്ടുണ്ട്. സാന്തോം ബൈബിൾ സ്റ്റഡി സെന്ററിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

**ഫാ. ഡോ. സെബാസ്റ്റ്യൻ കിഴക്കേയിൽ**
ഡയറക്ടർ, സാന്തോം സ്റ്റഡി സെന്റർ
താമരശ്ശേരി 673 578
വാട്സ്ആപ്പ്, മൊബൈൽ നമ്പർ: 9539046005 9497651575
9447173631

# മൈനർ സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്**

2024 മാർച്ച് 25 തിങ്കളാഴ്ച രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് പൗരോഹിത്യ സ്വീകരണത്തിനൊരുക്കമായ വിവിധ പട്ടങ്ങൾ നല്കി. പൂതക്കുഴിയിൽ ജോസഫ്(ക്രിസ്റ്റി), പാലക്കുഴ ജോസഫ് (ബോബി) എന്നിവർ മ്ശംശാന പട്ടവും, കോട്ടപ്പുറത്ത് തോമസ് (ജെഫിൻ), കുളങ്ങര പോൾ (ഷിന്റോ), ചിറയിൽപറമ്പിൽ ജോസഫ് (ജോബിൻ) എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും, വടാശ്ശേരി ജോസഫ് (അഖിൽ), തലച്ചിറ മാത്യു (ഫെബിൻ), അറുകാക്കൽ വർഗ്ഗീസ് (ആശിഷ്), വടക്കൂടൻ ജോൺ (റ്റിജോ), അതിരക്കുളങ്ങര ഡോമിനിക്ക് (ബിബിറ്റോ), കൈപ്പകശ്ശേരി മാത്യു (ജോബിൻ) എന്നിവർ കാറോയ പട്ടവും സ്വീകരിച്ചു.

**Major Seminarian's Gathering**

2024 ഏപ്രിൽ 8 മുതൽ 11 വരെ വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ സമ്മേളനം നടന്നു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവും മാർ അലക്സ് താരാമംഗലം പിതാവും സമ്മേളനത്തിന് നേതൃത്വം നൽകി. 8 ന് രാവിലെ ആരംഭിച്ച സമ്മേളനത്തിൽ മൈനർ സെമിനാരി റെക്ടർ ഫാ. സജി നെടുങ്കല്ലേൽ സ്വാഗതം ആശംസിച്ചു. ഫാ. അനൂപ് കാളിയാനിയിൽ, ഫാ. ജോസ് കൊച്ചറയ്ക്കൽ, ഫാ. ആൽബിൻ വളയത്തിൽ, ഫാ. നിധിൻ ആലക്കാതടത്തിൽ, ഫാ. ജോണി മലയിൽ, ഫ. ജോഫിൻ മുളകൊടിയാങ്കൽ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു. ലീഡർമാരായ ഡീക്കൻ ക്രിസ്റ്റി പൂതക്കുഴി, ബ്രദർ ജിബിൻ തെക്കേൽ എന്നിവർ മീറ്റിംഗിൽ നേതൃത്വം നൽകി. 2024-25 വർഷത്തെ ലീഡേഴ്സായി ബ്രദർ ജിതിൻ ചേറാടിയിൽ, ബ്രദർ അതുൽ വെളിയത്ത് എന്നിവരെ തിരഞ്ഞെടുത്തു.

കഴിഞ്ഞ വർഷം ഈ കൂട്ടായ്മയെ നയിച്ച ഡീക്കൻ ക്രിസ്റ്റി പൂതക്കുഴിയിൽ, ബ്രദർ ജിബിൻ തെക്കേൽ എന്നിവർക്ക് നന്ദി. പുതുതായി നേതൃത്വം ഏറ്റെടുത്തിരിക്കുന്ന ബ്രദർ ജിതിൻ ചേറാടിയിൽ, ബ്രദർ അതുൽ വെളിയത്ത് എന്നിവർക്ക് ആശംസകൾ.

ഏപ്രിൽ 8 ന് ആരംഭിച്ച സമ്മേളനം 11 ന് വ്യാഴാഴ്ച പെരിയ ബഹു. പോൾ മുണ്ടോളിക്കലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ബലിയോടെ സമാപിച്ചു.

**വൈദികവസ്ത്ര സ്വീകരണം**

മെയ് 6 ന് രാവിലെ 6.45 ന് മൈനർ സെമിനാരിയിൽ വച്ച് ബിരുദാന്തരബിരുദ പഠനം പൂർത്തിയാക്കിയ പുളിക്കൽ അനസ്, തൂമുള്ളിൽ ഗോഡ്വിൻ, കണിപറമ്പിൽ ഡെൽവിൻ, മാങ്കുട്ടത്തിൽ ആദർശ്, പുതുശ്ശേരി മോറിസ്, തച്ചേടത്ത് നിധിൻ, തയ്യിൽ എബിൻ എന്നീ ബ്രദേഴ്സിന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് വൈദിക വസ്ത്രം ആശീർവദിച്ച് നൽകി. വൈദിക വസ്ത്രം സ്വീകരിച്ചവർക്ക് അഭിനന്ദനങ്ങൾ.

**അഭിനന്ദനങ്ങൾ, ആശംസകൾ**

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും ആരംഭിച്ചവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**തത്വശാസ്ത്രം**

വട്ടപ്പാറയിൽ ആഗ്നൽ, എടാട്ട് നിർമ്മൽ, പതിപ്പള്ളിയിൽ ജോയൽ, പാണ്ടാലിത്തോട്ടത്തിൽ ജെറി.

**ദൈവശാസ്ത്രം**

പുളിക്കൽ അനസ്, തുമുള്ളിൽ ഗോഡ്വിൻ, കണിപറമ്പിൽ ഡെൽവിൻ, മാങ്കുട്ടത്തിൽ ആദർശ്, പുതുശ്ശേരി മോറിസ്, തച്ചേടത്ത് നിധിൻ, തയ്യിൽ എബിൻ.

2024 മെയ് 13 ന് മൈനർ സെമിനാരിൽ വച്ച് നടന്ന അഭിവന്ദ്യ പിതാക്കന്മാരുമായുള്ള പുതിയ ബാച്ചിലേയ്ക്കുള്ള കുട്ടികളുടെ കൂടിക്കാഴ്ച്ചയിലേക്ക് കുട്ടികളെ പറഞ്ഞയച്ച എല്ലാ വികാരി അച്ചന്മാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. തുടർന്നും ദൈവവിളി പ്രോത്സാഹനത്തിനായി എല്ലാ ബഹുമാനപ്പെട്ട വൈദികരുടെയും സഹകരണം അപേക്ഷിക്കുകയും ചെയ്യുന്നു.

**ഫാ. സജി നെടുങ്കല്ലേൽ**
**റെക്ടർ**

## മതബോധനരംഗം

### പുതിയ അധ്യയനവർഷം

2024-25 അധ്യയന വർഷം മെയ് 26ന് ആരംഭിച്ചല്ലോ. ഈശോയുടെ വചനം സ്വന്തമാക്കി, ഒരുക്കത്തോടെ കൂദാശകൾ സ്വീകരിച്ച് ദൈവാനുഭവം നേടി ആ ദൈവാനുഭവം പങ്കുവച്ചുകൊണ്ട് ഈ വിശ്വാസ പരിശീലന വർഷത്തിൽ നമുക്ക് ആയിരിക്കാം. ഏവരെയും ഈ വർഷത്തെ എല്ലാ പ്രവർത്തനങ്ങളിലേക്കും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ വർഷം വിശ്വാസ പരിശീലന രംഗത്ത് പ്രവർത്തിക്കുകയും എന്നാൽ വിവിധ കാരണങ്ങളാൽ ഈ വർഷം ഈ രംഗത്തുനിന്ന് മാറിനിൽക്കേണ്ടിവന്ന പ്രധാനാധ്യാപകർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് മറ്റധ്യാപകർ എന്നിവർക്ക് ഒത്തിരി സ്നേഹത്തോടെ രൂപതാ കുടുംബത്തിന്റെ നന്ദി നേരുന്നു. പുതുതായി വിശ്വാസപരിശീലന രംഗത്തേക്ക് കടന്നുവന്നിരിക്കുന്ന പ്രധാനാധ്യാപകരെയും, മറ്റധ്യാപകരെയും കുഞ്ഞുമക്കളെയും ഈ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു. ഇടവകയിലെ വികാരിയച്ചന്റെ അനുഗ്രഹം വാങ്ങിച്ച് പ്രധാനധ്യാപകരുടെയും മറ്റധ്യാപകരുടെയും നേതൃത്വത്തിൽ വിശ്വാസപരിശീലനരംഗം സജീവമാക്കണം. കുട്ടികളെ നന്നായി പരിശീലിപ്പിച്ചും, പ്രോത്സാഹിപ്പിച്ചും, സ്നേഹപൂർവകമായ തിരുത്തലുകൾ നൽകിയും തങ്ങൾ ഏറ്റെടുത്തിരിക്കുന്ന വലിയ ഉത്തരവാദിത്തം ഗൗരവമായി കണ്ട് അധ്യാപകർ പ്രവർത്തിക്കണം. അധ്യാപകർ കൂദാശകൾ സ്വീകരിക്കുകയും അതിനായി കുട്ടികളെ ഒരുക്കുകയും വേണം. അവർക്ക് വിശുദ്ധരെ പരിചയപ്പെടുത്തണം. രൂപതാമതബോധന കലണ്ടറും, സിലബസും അനുസരിച്ച് ക്ലാസുകൾ നഷ്ടപ്പെടുത്താതെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ഭക്തസംഘടനകളിൽ കുട്ടികൾ സജീവമായി പ്രവർത്തിക്കുവാൻ അധ്യാപകർ അവർക്കൊപ്പം നിൽക്കണം. ദൈവാനുഗ്രഹവും, വിശ്വാസാനുഭവവും നിറഞ്ഞ ഒരു നല്ല അധ്യയന വർഷം ഏവർക്കും ആശംസിക്കുന്നു

### HM Conference

മെയ് 25-ാം തിയതി നടന്ന കോൺഫ്രൻസിൽ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് വിശ്വാസ പരിശീലനവർഷം ഉദ്ഘാടനം ചെയ്തു. വിശ്വാസ പരിശീലകരായ അദ്ധ്യാപകർ

ക്രിസ്തു അനുഭവം സ്വന്തമാക്കി തങ്ങൾക്ക് ലഭിച്ച അനുഭവം അവർ കുട്ടികളുമായി പങ്കുവയ്ക്കണമെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

വിശ്വാസപരിശീലനരംഗത്ത് 25, 35 വർഷങ്ങൾ പൂർത്തിയാക്കിയവരെയും, 1 മുതൽ 12 വരെ ക്ലാസ്സുകളിൽ തുടർച്ചയായി മുടങ്ങാതെ ഹാജരുള്ള കുട്ടികളെയും, DCT റാങ്ക് ജേതാക്കളെയും ആദരിച്ചു. 4, 7,10, 12 ക്ലാസുകളിൽ സ്കോളർഷിപ്പ് ലഭിച്ചവർക്ക് ബിഷപ്പ് ഇമ്മാനുവൽ പോത്തനാമൂഴി സ്കോളർഷിപ്പും 12-ാം ക്ലാസിൽ ആദ്യ മൂന്ന് റാങ്കുകാർക്ക് ഫാ. ജോസഫ് തൊണ്ടിപ്പറമ്പിൽ അവാർഡും നല്കി ആദരിച്ചു.

## Diploma in Catechesis for Teachers (DCT)

മാനന്തവാടി രൂപതാ മതബോധന കേന്ദ്രം കാലിക്കറ്റ് യൂണിവേഴ്സ്സിറ്റി ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡിസുമായി അഫിലിയേറ്റ് ചെയ്ത് നടത്തുന്ന DCT (Diploma in Catechesis for Teachers) 2019 -21 & 2020 -22 റിസൾട്ട് പ്രസിദ്ധീകരിച്ചു. റാങ്കുജേതാക്കൾക്കും, വിജയികൾക്കും അഭിനന്ദനങ്ങൾ.

**2019-21 ബാച്ച് റാങ്ക് ജേതാക്കൾ**

1. നിമി ജോസ് കുര്യൻപറമ്പിൽ പാതിരിപാടം, 2. മിജ ജോസഫ് കീഴേത്ത് തലഞ്ഞി, 3. ജെർലിൻ ട്രീസ ജോർജ് ആറാട്ടുതറ 2019 ബാച്ചിലെ തെരഞ്ഞെടുക്കപ്പെട്ട പ്രൊജക്റ്റ് -ദിൽന ആന്റണി ബത്തേരി

**2020-22 റാങ്ക് ജേതാക്കൾ**

1. സി. റിറ്റി FCC, 2. സി. അനു സെബാസ്റ്റ്യൻ FCC, സൂസൻ മാനുവൽ എടപ്പെട്ടി, 3. സി. മോളി ജോസ് SKD, 2020 ബാച്ചിലെ തെരഞ്ഞെടുക്കപ്പെട്ട പ്രൊജക്റ്റ്-സൂസൻ മാനുവൽ എടപ്പെട്ടി

**ആമുഖ സെമിനാർ**

2024-25 അധ്യയനവർഷത്തെ ആദ്യത്തെ ആമുഖസെമിനാറും ക്ലാസ് ട്രയിനിംഗും മെയ് 30 മുതൽ ജൂൺ 1 വരെയുള്ള തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെടുന്നു.

**സർവ്വേ ഫോം**

മുഴുവൻ ഇടവകകളും 2024-25 വർഷത്തെ സർവ്വേ ഫോം മതബോധനത്തിന്റെ സൈറ്റിൽ (https://catechismmdy.in/panel/)ഓൺലൈനായി enter ചെയ്ത് പ്രിന്റൗട്ട് രൂപത മതബോധന കേന്ദ്രത്തിൽ ജൂൺ 16 നു മുൻപായി, പോസ്ററ് വഴിയോ നേരിട്ടോ എത്തിക്കേണ്ടതാണ്. സർവ്വേ ഫോം പൂർത്തിയാക്കി അതിന്റെ ഒരു കോപ്പി ഇടവകയിലും സൂക്ഷിക്കേണ്ടതാണ്. ഫോം പൂരിപ്പിക്കുമ്പോൾ വിവരങ്ങളെല്ലാം കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രത്യേകിച്ച്, ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം enter ചെയ്യുമ്പോൾ ശ്രദ്ധിക്കണം. ഓരോ ഇടവകകളിൽ

നിന്നും സർവ്വേ ഫോമിൽ തന്നിരിക്കുന്ന കുട്ടികളുടെ എണ്ണമനുസരിച്ചായിരിക്കും പരീക്ഷകൾക്കാവശ്യമായ question papers നിങ്ങൾക്ക് ലഭിക്കുക. അതുകൊണ്ട്, ഈ കാര്യത്തിൽ വീഴ്ച വരുത്തരുത്. പറഞ്ഞിരിക്കുന്ന തിയതിക്കുള്ളിൽ സർവ്വേ ഫോം പൂർത്തിയാക്കുവാൻ സഹകരിക്കുമല്ലോ.

**സംസ്ഥാന പ്രതിഭാസംഗമം**

2024 മെയ് 16,17,18 തിയതികളിൽ കാക്കനാട് വച്ചുനടന്ന സംസ്ഥാനപ്രതിഭാസംഗമത്തിൽ പങ്കെടുത്ത ബഞ്ചമിൻ കളർപാറ (കേളകം), ഡെൽവിൻ നോബി ചെറിയമ്പനാട്ട് (തേൾപാറ), ലെന മരിയ ബിജു പയ്യംപള്ളി (അടക്കാത്തോട്), അൽവീന മരിയ സിബി കാരികുന്നേൽ (മക്കിയാട്) എന്നിവർക്കും അവരെ പ്രോത്സാഹിപ്പിച്ചയച്ച വികാരിയച്ചന്മാർ, മതാധ്യാപകർ, മാതാപിതാക്കൾ നേതൃത്വം നല്കിയ ശ്രീ. ജോൺസൻ വടക്കേക്കര സാർ, സി. ലിഡിയ എന്നിവർക്കും നന്ദി.

**2023- 24 Diploma Result in Parish Level**

**BATHERY**

| | Tot Regd | Attended | Total Pass | Failed | Absent | Percentage |
|---|---|---|---|---|---|---|
| AMBALAVAYAL | 38 | 38 | 38 | 0 | 0 | 100% |
| BATHERY | 58 | 58 | 36 | 0 | 0 | 62% |
| CHEENGAVALLAM | 2 | 2 | 2 | 0 | 0 | 100% |
| CHITHRAGIRI | 12 | 12 | 12 | 0 | 0 | 100% |
| CHULLIODE | 5 | 5 | 5 | 0 | 0 | 100% |
| KADALMAD | 9 | 9 | 6 | 3 | 0 | 67% |
| KARANI | 4 | 4 | 4 | 0 | 0 | 100% |
| MEENANGADI | 18 | 17 | 12 | 4 | 1 | 71% |
| MOOLANKAVU | 24 | 24 | 24 | 0 | 0 | 100% |
| PAZHOOR | 12 | 12 | 11 | 1 | 0 | 92% |
| THOMATTUCHAL | 11 | 11 | 10 | 0 | 0 | 91% |
| VADAKKANAD | 6 | 6 | 6 | 0 | 0 | 100% |
| VAKERY | 7 | 7 | 7 | 0 | 0 | 100% |
| TOTAL | 206 | 205 | 173 | 8 | 1 | 84% |

| CHUNGAKKUNNU | | | | | | |
|---|---|---|---|---|---|---|
| | Tot Regd | At-tend-ed | Tot Pass | Failed | Ab-sent | Per-centage |
| ADAKKATHODE | 26 | 26 | 16 | 10 | 0 | 62% |
| AMBAYATHODE | 18 | 18 | 18 | 0 | 0 | 100% |
| CHUNGAKKUNNU | 49 | 47 | 47 | 0 | 2 | 100% |
| KELAKAM | 7 | 7 | 7 | 0 | 0 | 100% |
| KOTTIYOOR | 48 | 48 | 48 | 0 | 0 | 100% |
| NELLIYODI | 5 | 5 | 5 | 0 | 0 | 100% |
| OTTAPLAVU | 7 | 7 | 7 | 0 | 0 | 100% |
| PALCHURAM | 9 | 9 | 9 | 0 | 0 | 100% |
| SANTHIGIRI | 9 | 9 | 9 | 0 | 0 | 100% |
| VELLOONNY | 7 | 7 | 7 | 0 | 0 | 100% |
| TOTAL | 185 | 183 | 173 | 10 | 2 | 95% |
| DWARAKA | | | | | | |
| | Tot Regd | At-tend-ed | Tot Pass | Failed | Ab-sent | Per-centage |
| CHULLIANA | 7 | 7 | 7 | 0 | 0 | 100% |
| DWARAKA | 21 | 21 | 21 | 0 | 0 | 100% |
| KARAKKAMALA | 19 | 19 | 16 | 3 | 0 | 84% |
| KOMMAYAD | 23 | 22 | 21 | 1 | 1 | 95% |
| MANGALASSERY | 7 | 6 | 6 | 0 | 1 | 100% |
| MOTHAKKARA | 6 | 6 | 6 | 0 | 0 | 100% |
| THONICHAL | 13 | 13 | 12 | 1 | 0 | 92% |
| VELLAMUNDA | 13 | 13 | 13 | 0 | 0 | 100% |
| VILAMBUKANDAM | 14 | 14 | 14 | 0 | 0 | 100% |
| TOTAL | 123 | 121 | 116 | 5 | 2 | 96% |

| KALLODY | | | | | | |
|---|---|---|---|---|---|---|
| | Tot Regd | Attended | Tot Pass | Failed | Absent | Percentage |
| DEEPTHIGIRI | 9 | 9 | 9 | 0 | 0 | 100% |
| ELLUMANNAM | 8 | 8 | 8 | 0 | 0 | 100% |
| JUDES MOUNT | 5 | 5 | 5 | 0 | 0 | 100% |
| KALLODY | 39 | 39 | 39 | 0 | 0 | 100% |
| KARIMBIL | 5 | 5 | 5 | 0 | 0 | 100% |
| KUNJHOME | 6 | 6 | 6 | 0 | 0 | 100% |
| MAKKIYAD | 17 | 16 | 16 | 0 | 1 | 100% |
| PUTHIYIDAMKUNNU | 10 | 10 | 10 | 0 | 0 | 100% |
| PUTHUSSERY | 8 | 8 | 8 | 0 | 0 | 100% |
| VALERY | 7 | 7 | 7 | 0 | 0 | 100% |
| VANJODE | 13 | 13 | 13 | 0 | 0 | 100% |
| TOTAL | 127 | 126 | 126 | 0 | 1 | 100% |
| **KALPETTA** | | | | | | |
| | Tot Regd | Attended | Tot Pass | Failed | Absent | Percentage |
| CHARITY | 11 | 9 | 8 | 1 | 2 | 89% |
| EDAPPETTY | 9 | 9 | 6 | 3 | 0 | 67% |
| KALATHUVAYAL | 5 | 5 | 5 | 0 | 0 | 100% |
| KALPETTA | 28 | 28 | 28 | 0 | 0 | 100% |
| KOLAVAYAL | 9 | 2 | 0 | 0 | 1 | 100% |
| NEDUMPALA | 10 | 10 | 10 | 0 | 0 | 100% |
| OLIVUMALA | 3 | 3 | 3 | 0 | 0 | 100% |
| PUZHAMUDI | 5 | 5 | 5 | 0 | 0 | 100% |
| RIPPON | 12 | 12 | 10 | 2 | 0 | 83% |
| THENERI | 22 | 22 | 18 | 4 | 0 | 82% |
| THRIKKAIPETTA | 4 | 4 | 4 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| VAZHAVATTA | 24 | 24 | 24 | 0 | 0 | 100% |
| VYTHIRI | 9 | 9 | 8 | 1 | 0 | 89% |
| TOTAL | 151 | 142 | 129 | 11 | 3 | 91% |
| **MANANTHAVADY** | | | | | | |
| | Tot Regd | At-tend-ed | Tot Pass | Failed | Ab-sent | Per-centage |
| ALATTIL | 8 | 8 | 8 | 0 | 0 | 100% |
| BOYS TOWN | 5 | 5 | 3 | 2 | 0 | 60% |
| KANIYARAM | 33 | 32 | 32 | 0 | 1 | 100% |
| KARIMANI | 4 | 4 | 4 | 0 | 0 | 100% |
| KUTTIMOOLA | 6 | 6 | 4 | 2 | 0 | 67% |
| MNDY TOWN | 15 | 15 | 15 | 0 | 0 | 100% |
| MUTHIRERI | 8 | 8 | 8 | 0 | 0 | 100% |
| PARATHOTTAM | 8 | 8 | 8 | 0 | 0 | 100% |
| PERIA | 5 | 5 | 5 | 0 | 0 | 100% |
| POROOR | 27 | 27 | 26 | 1 | 0 | 96% |
| PRASANTHAGIRI | 4 | 4 | 4 | 0 | 0 | 100% |
| PUTHIYIDOM | 12 | 12 | 12 | 0 | 0 | 100% |
| THALAPUZHA | 7 | 7 | 6 | 1 | 0 | 86% |
| THAVINJAL | 18 | 18 | 18 | 0 | 0 | 100% |
| VALAD | 8 | 8 | 8 | 0 | 0 | 100% |
| VALIAKOLLY | 10 | 10 | 10 | 0 | 0 | 100% |
| YAVANARKULAM | 6 | 6 | 6 | 0 | 0 | 100% |
| TOTAL | 184 | 183 | 177 | 6 | 1 | 97% |
| **MANIMOOLY** | | | | | | |
| | Tot Regd | At-tend-ed | Tot Pass | Failed | Ab-sent | Per-centage |
| BHOODHANAM | 1 | 1 | 1 | 0 | 0 | 100% |
| MANIMOOLY | 27 | 27 | 27 | 0 | 0 | 100% |
| MUNDERI | 4 | 3 | 2 | 1 | 1 | 67% |
| NARIVALAMUNDA | 17 | 17 | 17 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| PALANKARA | 16 | 16 | 15 | 1 | 0 | 94% |
| PALEMAD | 14 | 14 | 14 | 0 | 0 | 100% |
| PATHIRIPADAM | 19 | 19 | 15 | 4 | 0 | 79% |
| THALANJI | 16 | 16 | 16 | 0 | 0 | 100% |
| THALIPADAM | 6 | 6 | 6 | 0 | 0 | 100% |
| TOTAL | 120 | 119 | 113 | 6 | 1 | 95% |
| **MULLENKOLLY** | | | | | | |
| | Tot Regd | At-tend-ed | Tot Pass | Failed | Ab-sent | Per-centage |
| ADIKOLLY | 15 | 15 | 15 | 0 | 0 | 100% |
| AMARAKUNI | 10 | 10 | 10 | 0 | 0 | 100% |
| IRULAM | 7 | 7 | 7 | 0 | 0 | 100% |
| KABANIGIRI | 8 | 8 | 8 | 0 | 0 | 100% |
| MARAKAVU | 40 | 40 | 33 | 7 | 0 | 83% |
| MARAKKADAVU | 9 | 9 | 8 | 1 | 0 | 89% |
| MULLENKOLLY | 40 | 40 | 36 | 4 | 0 | 90% |
| PADICHIRA | 36 | 36 | 35 | 1 | 0 | 97% |
| PATTANIKOOPP | 15 | 15 | 11 | 4 | 0 | 73% |
| PULPALLY | 16 | 16 | 12 | 4 | 0 | 75% |
| SEETHAMOUNT | 9 | 9 | 9 | 0 | 0 | 100% |
| SISUMALA | 32 | 32 | 32 | 0 | 0 | 100% |
| TOTAL | 237 | 237 | 216 | 21 | 0 | 91% |
| **NADAVAYAL** | | | | | | |
| | Tot Regd | At-tend-ed | Tot Pass | Failed | Ab-sent | Per-centage |
| ARINCHERMALA | 9 | 9 | 9 | 0 | 0 | 100% |
| CHERUKATTOOR | 30 | 29 | 29 | 0 | 1 | 100% |
| CHUNDAKKARA | 27 | 26 | 25 | 1 | 1 | 96% |
| KALLUVAYAL | 20 | 20 | 20 | 0 | 0 | 100% |
| KANIAMBETTA | 7 | 7 | 6 | 1 | 0 | 86% |
| KENICHIRA | 24 | 24 | 23 | 1 | 0 | 96% |

| | | | | | | |
|---|---|---|---|---|---|---|
| KOOLIVAYAL | 3 | 3 | 3 | 0 | 0 | 100% |
| KURUMBALAKOT-TA | 5 | 5 | 5 | 0 | 0 | 100% |
| NADAVAYAL | 61 | 61 | 60 | 0 | 0 | 98% |
| NEIKUPPA | 5 | 5 | 4 | 1 | 0 | 80% |
| PANAMARAM | 11 | 11 | 10 | 0 | 0 | 91% |
| PARALIKUNNU | 7 | 6 | 6 | 0 | 1 | 100% |
| VALAVAYAL | 6 | 6 | 5 | 1 | 0 | 83% |
| TOTAL | 215 | 212 | 205 | 5 | 3 | 97% |
| **NILAMBUR** | | | | | | |
| | Tot Regd | At-tend-ed | Tot Pass | Failed | Ab-sent | Per-centage |
| CHOKKAD | 5 | 5 | 5 | 0 | 0 | 100% |
| EDIVANNA | 9 | 9 | 8 | 1 | 0 | 89% |
| MOOLEPPADAM | 2 | 2 | 2 | 0 | 0 | 100% |
| MUTTIYEL | 2 | 2 | 2 | 0 | 0 | 100% |
| NILAMBUR | 30 | 30 | 29 | 1 | 0 | 97% |
| POOKKOTTUMP-ADAM | 7 | 7 | 7 | 0 | 0 | 100% |
| POOLAPPADAM | 11 | 11 | 10 | 1 | 0 | 91% |
| RUBYNAGAR | 7 | 6 | 5 | 1 | 1 | 83% |
| T. K. COLONY | 2 | 2 | 2 | 0 | 0 | 100% |
| THELPARA | 8 | 8 | 8 | 0 | 0 | 100% |
| VADAPURAM | 5 | 5 | 5 | 0 | 0 | 100% |
| VALLIKETT | 3 | 3 | 3 | 0 | 0 | 100% |
| TOTAL | 91 | 90 | 86 | 4 | 1 | 96% |
| **NILGIRI** | | | | | | |
| | Tot Regd | At-tend-ed | Tot Pass | Failed | Ab-sent | Per-centage |
| ARULNILAYAM | 6 | 5 | 5 | 0 | 1 | 100% |
| BOSPARA | 7 | 6 | 6 | 0 | 1 | 100% |

| | | | | | | |
|---|---|---|---|---|---|---|
| COONNOOR | 3 | 3 | 3 | 0 | 0 | 100% |
| DHARMAGIRI | 4 | 4 | 4 | 0 | 0 | 100% |
| KALPRA | 8 | 8 | 8 | 0 | 0 | 100% |
| KAYYUNNI | 21 | 21 | 21 | 0 | 0 | 100% |
| KUNNALADY | 6 | 6 | 6 | 0 | 0 | 100% |
| MANVAYAL | 9 | 9 | 8 | 1 | 0 | 89% |
| PANAMCHIRA | 3 | 3 | 3 | 0 | 0 | 100% |
| VIMALAGIRI | 6 | 6 | 6 | 0 | 0 | 100% |
| TOTAL | 73 | 71 | 70 | 1 | 2 | 99% |
| **PAYYAMPALLY** | | | | | | |
| | Tot Regd | Attended | Tot Pass | Failed | Absent | Percentage |
| ARATTUTHARA | 14 | 14 | 14 | 0 | 0 | 100% |
| EDAYOORKUNNU | 4 | 4 | 4 | 0 | 0 | 100% |
| KAMMANA | 15 | 15 | 12 | 3 | 0 | 80% |
| KARTIKULAM | 6 | 6 | 6 | 0 | 0 | 100% |
| MARTIN NAGAR | 18 | 18 | 18 | 0 | 0 | 100% |
| PADAMALA | 11 | 11 | 11 | 0 | 0 | 100% |
| PAYYAMPALLY | 37 | 36 | 36 | 0 | 1 | 100% |
| THRISSILERY | 8 | 8 | 8 | 0 | 0 | 100% |
| TOTAL | 113 | 112 | 109 | 3 | 1 | 97% |
| **THARIODE** | | | | | | |
| | Tot Regd | Attended | Tot Pass | Failed | Absent | Percentage |
| CHENNALODE | 17 | 17 | 17 | 0 | 0 | 100% |
| KAVUMMANNAM | 10 | 10 | 10 | 0 | 0 | 100% |
| KURUMANI | 6 | 6 | 6 | 0 | 0 | 100% |
| KURUMBALA | 13 | 13 | 13 | 0 | 0 | 100% |
| KOTTATHARA | 18 | 18 | 18 | 0 | 0 | 100% |
| MANGALAM | 4 | 4 | 4 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| MANJOORA | 20 | 20 | 20 | 0 | 0 | 100% |
| PANTHIPOIL | 4 | 4 | 4 | 0 | 0 | 100% |
| PUTHUSSERIKKA-DAVU | 11 | 11 | 11 | 0 | 0 | 100% |
| THARIODE | 35 | 34 | 32 | 2 | 1 | 94% |
| TOTAL | 138 | 137 | 135 | 2 | 1 | 99% |
| **CONSOLIDATED RESULT DIPLOMA (x) 2023-24** | | | | | | |
| | Tot Regd | Attended | Tot Pass | Failed | Absent | Percentage |
| BATHERY | 206 | 205 | 173 | 8 | 1 | 84% |
| CHUNGAKUNNU | 185 | 183 | 173 | 10 | 2 | 95% |
| DWARAKA | 123 | 121 | 116 | 5 | 2 | 96% |
| KALLODY | 127 | 126 | 126 | 0 | 1 | 100% |
| KALPETTA | 151 | 142 | 129 | 11 | 3 | 91% |
| MANANTHAVADY | 184 | 183 | 177 | 6 | 1 | 97% |
| MANIMOOLY | 120 | 119 | 113 | 6 | 1 | 95% |
| MULLANKOLLY | 237 | 237 | 216 | 21 | 0 | 91% |
| NADAVAYAL | 215 | 212 | 205 | 5 | 3 | 97% |
| NILAMBUR | 91 | 90 | 86 | 4 | 1 | 96% |
| NILGIRIS | 73 | 71 | 70 | 1 | 2 | 99% |
| PAYYAMPALLY | 113 | 112 | 109 | 3 | 1 | 97% |
| THARIODE | 138 | 137 | 135 | 2 | 1 | 99% |
| **TOTAL** | **1963** | **1938** | **1828** | **82** | **19** | **94%** |

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ് & തിരുബാല സഖ്യം

'നവമാലിക' പ്രവർത്തന വർഷാചരണം സമാപിച്ചിരിക്കുകയാണ്. മാനന്തവാടി രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെയും തിരുബാല സഖ്യത്തിന്റെയും കഴിഞ്ഞ പ്രവർത്തന വർഷം ശാഖാ തലം മുതൽ രൂപതാ തലം വരെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത എല്ലാവരെയും അഭിനന്ദിക്കുകയും ഏറെ സ്നേഹത്തോടെയും നന്ദിയോടെയും സ്മരിക്കുകയും ചെയ്യുന്നു. പുതിയ പ്രേക്ഷിത മേഖലകളിലേക്ക് സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട ശാഖാ ഡയറക്ടർമാർ മേഖലാ ഡയറക്ടർമാർ ജോയിൻ ഡയറക്ടർമാർ ഭാരവാഹികൾ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് ഓഫീസ് സെക്രട്ടറിയായി ജോലി ചെയ്ത ബഹു. സി. ജോളി സി.എം. സിയെ നന്ദിയോടെ ഓർക്കുന്നു. പുതിയ പ്രവർത്തന മേഖലയിൽ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

പുതിയ അധ്യായന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ എല്ലാ വിജയാശംസകളും ദൈവാനുഗ്രഹങ്ങളും നേരുന്നു. ചെറുപുഷ്പ മിഷൻ ലീഗ് ദേശീയ സമിതി ഈവർഷം ദൈവ കേന്ദ്രീകൃത കുടുംബം ദൈവവിളിയുടെ ഉറവിടം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് പഠനവും പ്രവർത്തനവും നടത്തുന്നത്. ഇതിനെ അടിസ്ഥാനമാക്കി നമ്മുടെ രൂപതയിലും കുടുംബ കേന്ദ്രീകൃത പഠനവും പ്രവർത്തനങ്ങളും ഈ വർഷം നമുക്ക് കാഴ്ചവയ്ക്കാം. കുടുംബത്തിന്റെ മധ്യസ്ഥയായ, നമ്മുടെ സഭയിൽ നിന്നുള്ള വിശുദ്ധയായ മറിയം ത്രേസ്യാ പുണ്യവതിയെ പഠിക്കാനും ആ വിശുദ്ധയുടെ ജീവിതം അനുകരിക്കാനും ആദ്ധ്യാത്മികത മാതൃകയാക്കാനും ഈ വർഷം നമുക്ക് പരിശ്രമിക്കാം. 'ഗാർഹിക സഭയുടെ പ്രവാചിക' എന്നറിയപ്പെടുന്ന വിശുദ്ധ മറിയം ത്രേസ്യയുടെ വിശുദ്ധ ജീവിതത്തിലൂടെ ഈ വർഷം നമുക്ക് ആചരിക്കാം. പ്രവർത്തനവർഷ ഉദ്ഘാടനം വിശുദ്ധയുടെ തിരുനാൾ ദിനമായ ജൂൺ എട്ടാം തീയതി രൂപതാ തലത്തിൽ നടത്തപ്പെടുന്നു. എല്ലാ ഇടവകകളിലും ജൂൺ ഒമ്പതാം തീയതി ഒരേ ദിവസം പ്രവർത്തന വർഷത്തിന് തുടക്കം കുറിക്കുമല്ലോ. എല്ലാവരെയും

പുതുവർഷത്തിലേയ്ക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു എല്ലാ വിജയാശംസകളും നേരുന്നു.

സ്നേഹത്തോടെ,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**റീജിയണൽ ക്യാമ്പ്:** ദ്വാരക പാസ്റ്ററൽ സെന്ററിലും കായക്കുന്ന് ലാസലൈറ്റ് ധ്യാനകേന്ദ്രത്തിലും വച്ച് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപയുടെ നേതൃത്വത്തിൽ ക്യാമ്പ് സംഘടിപ്പിച്ചു. 150 ൽ പരം കുട്ടികൾ പങ്കെടുത്തു. സംസ്ഥാന മാനേജിംങ് കമ്മിറ്റി ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന മാനേജിംങ് കമ്മിറ്റിയിൽ രൂപത ഭാരവാഹികൾ പങ്കെടുത്തു. രൂപതാ എക്സിക്യൂട്ടീവ് മെയ് 12ന് ദ്വാരക പാസ്റ്ററൽ സെൻററിൽ വച്ച് രൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു. രൂപതാ ദിനം മെയ് ഒന്നിന് ചെറുപുഷ്പ മിഷൻ ലീഗ്, മാനന്തവാടി രൂപതയുടെ 51-ാം വാർഷികം ആഘോഷിച്ചു കൊണ്ട് ആശംസകൾ കൈമാറി.

**ഇംഗ്ലീഷ് കോച്ചിംഗ് ആരംഭിച്ചു:** ചെറുപുഷ്പമിഷൻ ലീഗ് മാനന്തവാടി രൂപതയും, കെ. സി. വൈ. എം സംഘടനയും സംയുക്തമായി ഓൺലൈൻ ഇംഗ്ലീഷ് കോച്ചിംഗ് ആരംഭിച്ചു.

**പഞ്ചാബ് മിഷനും, മാണ്ഡ്യമിഷനും:** പഞ്ചാബ് മിഷനിൽ ദൈവാലയ നിർമ്മാണത്തിനായി ശാഖകളിൽ നിന്നും സ്വരൂപിച്ച തുകയും, മാണ്ഡ്യ മിഷന്റെ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സഹായവും കൈമാറി.

**മാണ്ഡ്യ മിഷൻ ക്യാമ്പ്:**'മിഷനെ അറിയാൻ മിഷനറിയാകാൻ' ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ മാണ്ഡ്യ രൂപതയിൽ വച്ച് മിഷൻ ക്യാമ്പ് നടത്തുകയും ശിക്കാരിപുര മിഷൻ സ്റ്റേഷൻ സന്ദർശിക്കുകയും ചെയ്തു. മാണ്ഡ്യ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കുട്ടികൾക്കായി വിശുദ്ധിയെ കുറിച്ച് ക്ലാസെടുക്കുകയും കുട്ടികൾക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു. രൂപതയുടെ വിവിധ മേഖലകളിൽ നിന്നായി 25 പേർ പങ്കെടുത്തു.

**രൂപതാ വാർഷിക മാനേജിംഗ്:** കമ്മിറ്റി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട രൂപതാ വാർഷിക മാനേജിംങ് കമ്മിറ്റിയിൽ വിവിധ മേഖലകളിൽ നിന്നായി അമ്പതിൽപരം മേഖലാ ഭാരവാഹികൾ പങ്കെടുത്തു.

**ആശംസകൾ നേർന്നു:** മാനന്തവാടി രൂപതാ അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് ഇരുപതാം മെത്രാഭിഷേക ദിനത്തിന്റെ

ആശംസകൾ നേർന്നു.

**നന്ദിയോടെ:** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്തു സ്ഥലം മാറി പോകുന്ന സി. ജോളി സി.എം.സി.ക്കും, മുള്ളൻകൊല്ലി മേഖലാ ഡയറക്ടർ ആയിരുന്ന സെബാസ്റ്റ്യൻ ഏലംകുന്നിൽ അച്ചനും, നീലഗിരി മേഖലാ ഡയറക്ടർ ആയിരുന്ന അനൂപ് കൊല്ലംകുന്നേൽ അച്ചനും, രൂപതാ നോമിനേറ്റഡ് അംഗമായിരുന്ന ലിഡ ജെറോമിനും മാനന്തവാടി രൂപതാ സമിതിയുടെ നന്ദി.

**നവമാലിക ഫാമിലി മെഗാ ഫൈനൽ ക്വിസ് മത്സരം:** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തിയ നവമാലിക ഫാമിലി ഫൈനൽ ക്വിസ് മത്സരത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട ഏഴ് ഫാമിലികൾക്കുള്ള ഫൈനൽ മത്സരം നടത്തുകയുണ്ടായി. ഒന്നാം സമ്മാനത്തിന് ലിയ ശൗര്യാംതടത്തിൽ ആൻഡ് ഫാമിലി, മൂലങ്കാവ്, രണ്ടാം സമ്മാനത്തിന് അനോണ പുത്തൻപുരയ്ക്കൽ ആൻഡ് ഫാമിലി, നടവയൽ, മൂന്നാം സമ്മാനത്തിന് വിനു കുണ്ടുകുളം, ബത്തേരി എന്നിവർ കരസ്ഥമാക്കി. വിജയികൾക്കുള്ള സമ്മാനങ്ങൾ ദ്വാരക പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോസഫ് പരുവുമ്മേൽ വിതരണം ചെയ്തു.

പ്രിയരേ ചെറുപുഷ്പ മിഷൻലീഗിന്റെ നവമാലിക വർഷത്തിന്റെ അവസാന ദിനവും കടന്നു. പുതിയ പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ പുതിയ അധ്യായന വർഷവും ആരംഭിക്കുകയാണല്ലോ. നന്നായി പ്രാർത്ഥിച്ച് പഠിച്ച് ഉന്നത വിജയം കരസ്ഥമാക്കുവാൻ നിങ്ങൾക്ക് സാധിക്കട്ടെ. കഴിഞ്ഞ പ്രവർത്തന വർഷം രൂപതാസമിതിയോടൊപ്പം യാത്ര ചെയ്ത ശാഖാ, മേഖലാ ഡയറക്ടർമാർ, ജോ. ഡയറക്ടർമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്കും മിഷൻലീഗ് അംഗങ്ങൾക്കും രൂപതാ സമിതിയുടെ നന്ദി അറിയിക്കട്ടെ. പുതിയ പ്രവർത്തന വർഷത്തിൽ നിങ്ങളുടെ സജീവ സാന്നിധ്യവും സഹകരണവും ഉണ്ടാകുമല്ലോ. പുതിയ പ്രവർത്തനവർഷവും, അധ്യായന വർഷവും ഏവർക്കും അനുഗ്രഹപ്രദമായി തീരട്ടെ എന്ന് ആശംസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

## Department of Youth Ministry

**ലൈഫ് ട്രെയിനിംഗ് പത്താം വർഷത്തിലേക്ക്**

ലൈഫ് ട്രെയിനിംഗ് പത്താം ബാച്ചിലെ വിദ്യാർത്ഥികളുടെ പരിശീലനം 2024 ഏപ്രിൽ ഏഴാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3:00 മണി മുതൽ ഏപ്രിൽ മാസം 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണി വരെ ബോയ്സ് ടൗൺ യൂത്ത് ട്രെയിനിംങ് സെന്ററിൽ വെച്ച് നടത്തി. 39 വിദ്യാർത്ഥികൾ ആരംഭം കുറിച്ച പരിശീലനം 35 പേർ പൂർത്തിയാക്കി. വിദ്യാർത്ഥികളുടെ നൈപുണ്യ, മാനസിക, വൈകാരിക, ബൗദ്ധിക, ആത്മീയ തലങ്ങളിലുള്ള വ്യക്തിത്വ രൂപീകരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിശീലനമാണ് 21 ദിവസം വിദ്യാർത്ഥികൾക്ക് നൽകിയത്. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംകലിന്റെ നേതൃത്വത്തിലുള്ള ടീം ആണ് വിദ്യാർഥികൾക്ക് പരിശീലനം നൽകിയത്. തോമസ് കല്ലറക്കൽ, സെബാസ്റ്റ്യൻ പുരക്കൻ, മെൽവിൻ ദ്വാരക, ഡോണാൽഡ് കണിയാരം, ജെയിൻ പുതിയിടം, ജോൺസൺ വടക്കേക്കര, ജോസൽ നടവയൽ, സി. ജോസ്ന SKD, സി. ഡീന സി.എം.സി, സി. മഞ്ജു സി. എം. സി, ആൻ മരിയ അജിൻ, സി. ഡെൽഫി മരിയ സി.എം.സി, സി. ആൻസി തോമസ് സി.എം.സി എന്നിവരാണ് വിദ്യാർഥികൾക്ക് പരിശീലനം നൽകിയത്. എല്ലാ അധ്യാപകർക്കും അഭിനന്ദനങ്ങൾ.

വിശുദ്ധ ബലി അർപ്പിക്കാനും, ആത്മീയമായി വിദ്യാർഥികളെ സഹായിക്കാനും ആയി കടന്നുവന്ന ബഹുമാനപ്പെട്ട ജസ്റ്റിൻ മുത്താനിക്കാട്ട് അച്ചനും, ജോഫിൻ മുളകുടിയാങ്കൽ അച്ചനും, ജോണി കുന്നത്ത് അച്ചനും ബോയ്സ് ടൗൺ ഇടവക വികാരി ജോണി പെരുമാട്ടിക്കുന്നേൽ അച്ചനും, മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ സണ്ണി മഠത്തിൽ അച്ചനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി.

ബോയ്സ് ടൗൺ യൂത്ത് ട്രെയിനിങ് സെന്റർ വിദ്യാർഥികളുടെ പരിശീലനത്തിനായി ഒരുക്കിത്തന്ന ബഹുമാനപ്പെട്ട ജിനോ പാലത്തടം അച്ചന് യൂത്ത് മിനിസ്ട്രിയുടെ നന്ദി. ലൈഫ് ട്രെയിനിങ്

ക്യാമ്പിന് ഭക്ഷണ സംബന്ധമായ ക്രമീകരണങ്ങൾ തയ്യാറാക്കി തന്ന ജോർജ്ജ് തുണ്ടിയിലിനും കുടുംബത്തിനും ഹൃദ്യമായ നന്ദി.

**അഭിവന്ദ്യ അലക്സ് പിതാവിനോടൊപ്പം**

2024 ഏപ്രിൽ 12 വെള്ളിയാഴ്ച മാർ അലക്സ് താരാമംഗലം പിതാവ് ട്രെയിനിംഗ് 2024 വിദ്യാർത്ഥികൾക്ക് വേണ്ടി ബോയ്സ് ടൗൺ യൂത്ത് ട്രെയിനിംഗ് സെന്ററിൽ വച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം വിദ്യാർഥികൾക്ക് വേണ്ടി പ്രത്യേകമായ പ്രാർത്ഥനാ ശുശ്രൂഷ നടത്തി.

**ലൈഫ് ട്രെയിനിംഗ് 2019, 20, 21 ബാച്ച്**

2024 മെയ് 4 ശനിയാഴ്ച മൂന്നുമണി മുതൽ മെയ് 11 ശനിയാഴ്ച മൂന്നുമണിവരെ ലൈഫ് ട്രെയിനിങ് 2019, 20, 21 ബാച്ചുകൾക്ക് വേണ്ടി ബോയ്സ് ടൗണിൽ വച്ച് ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടു. 27 വിദ്യാർത്ഥികൾ പങ്കുചേർന്ന ഈ പരിശീലനത്തിൽ തോമസ് കല്ലറക്കൽ, സിനീഷ് ജോസഫ്, ഡിറ്റോ ജെറാൾഡ് പെരുവക, ബെനഡിക്ട് മൊളോപറമ്പിൽ, ദൃശ്യ ചെന്നലോട്, ഡൊണാൾഡ് കണിയാരം തുടങ്ങിയ അധ്യാപകർ ക്ലാസുകൾ നയിച്ചു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ പരിശീലനത്തിന് നേതൃത്വം വഹിച്ചു.

**ലൈഫ് വർക്ക് ക്യാമ്പ്**

ലൈഫ് ട്രെയിനിംഗിലെ 4 വിദ്യാർത്ഥികൾ മെയ് 4 മുതൽ മെയ് 15 വരെ ലൈഫ് അക്കാദമിക് സീരീസിലെ പഠന പുസ്തകം തയ്യാറാക്കുന്നതിന് വേണ്ടി വർക്ക് ഷോപ്പ് നടത്തി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ നേതൃത്വത്തിൽ ഐറിൻ നടവയൽ, അമയാ കല്ലോടി, ആൻ മരിയ അജിൻ നിലമ്പൂർ, ഡാനിയേൽ പയ്യമ്പിള്ളി, എന്നിവർ നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ**

2024 വർഷത്തിൽ എസ്.എസ്.എൽസി, പ്ലസ് ടു പരീക്ഷകൾക്ക് ഉന്നത വിജയം നേടിയ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് അനുമോദനങ്ങൾ.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**വൈബ്രൻസ് 2024**

യുവജന വർഷത്തോടനുബന്ധിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ വൈബ്രൻസ് 2024 യൂത്ത് കോൺക്ലേവ് യുവജന സംഗമം 2024 ഏപ്രിൽ 18 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. കെ.സി. വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ജിഷിൻ മുണ്ടക്കാത്തടത്തിൽ അധ്യക്ഷത വഹിച്ച യുവജന സമ്മേളനം, മാനന്തവാടി രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. പ്രശസ്ത സിനിമ ആർട്ടിസ്ററ് ശ്രീ. സിജോയ് വർഗീസ് യുവജനങ്ങളുമായി സംവദിച്ചു. കെ.സി.വൈ.എം സംസ്ഥാന ഉപാധ്യക്ഷയായി സേവനമനുഷ്ഠിച്ച കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിലിന് ആദരവ് നൽകി. വൈസ് പ്രസിഡന്റ് കുമാരി ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ, ജനറൽ സെക്രട്ടറി ശ്രീ. റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, സെക്രട്ടറി കുമാരി അലീഷ ജേക്കബ് തെക്കിനാലിൽ, ശ്രീ. ഡെലിസ് സൈമൺ വയലുങ്കൽ, ട്രഷറർ ശ്രീ. ജോബിൻ തുരുത്തേൽ, കോഡിനേറ്റർ ശ്രീ. ജോബിൻ തടത്തിൽ, രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, ആനിമേറ്റർ സി. ബെൻസി ജോസ് എസ്.എച്ച്, രൂപതാ സിൻഡിക്കേറ്റ്, സ്റ്റേറ്റ് സെനറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ വൈബ്രൻസ് 2024 ന് നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിൽ നിന്നായി എഴുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

**കാർലോസ് വൈബ്**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട കാർലോ അകിറ്റസിന്റെ പാതയിൽ യുവമനസ്സുകളെ പ്രചോദിപ്പിക്കുന്നതിനും കൂട്ടായ്മയിൽ ഒന്നുചേർക്കുന്നതിനും ആരംഭം കുറിച്ച കാർലോസ് വൈബ് യൂത്ത് ആനിമേഷൻ പ്രോഗ്രാം ചോക്കാട് യൂണിറ്റിൽ നടത്തപ്പെട്ടു.

**ഊർജ്ജ 2024**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ കായികമേള ഊർജ്ജ 2024 ന്റെ ഭാഗമായുള്ള അത്‌ലറ്റിക് മത്സരങ്ങൾ കൽപ്പറ്റ മുണ്ടേരി വയനാട് ജില്ല സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടു. വയനാട് ജില്ല അത്‌ലറ്റിക് അസോസിയേഷൻ സെക്രട്ടറി ശ്രീ. ലൂക്കാ ഫ്രാൻസിസ് ദീപശിഖ ഏറ്റു വാങ്ങി ഉദ്ഘാടനം നിർവഹിച്ചു.

ചടങ്ങിൽ രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ അധ്യക്ഷത വഹിച്ചു. ആവേശകരമായ അത്ലറ്റിക്സ് മീറ്റിൽ തരിയോട് മേഖല ഒന്നാം സ്ഥാനവും, മുള്ളൻകൊല്ലി മേഖല രണ്ടാം സ്ഥാനവും നടവയൽ മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കായിക മേളയിൽ യുവാക്കളുടെ വിഭാഗത്തിൽ തരിയോട് മേഖലയിലെ ശ്രീ. തോമസ് കാരക്കാട്ട്, യുവതികളുടെ വിഭാഗത്തിൽ നടവയൽ മേഖലയിലെ കുമാരി അനഘ ചാത്തംകണ്ടത്തിൽ, എന്നിവർ വ്യക്തിഗത ചാമ്പ്യൻമാരായി. ജനറൽ സെക്രട്ടറി ശ്രീ. റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, സെക്രട്ടറി കുമാരി അലീഷ ജേക്കബ് തെക്കിനാലിൽ, ശ്രീ. ഡെലിസ് സൈമൺ വയലുങ്കൽ, ട്രഷറർ ശ്രീ. ജോബിൻ തുരുത്തേൽ, കോഡിനേറ്റർ ശ്രീ. ജോബിൻ തടത്തിൽ, രൂപത ഡയറക്ടർ ഫാ.സാന്റോ അമ്പലത്തറ, ആനിമേറ്റർ സി. ബെൻസി ജോസ് എസ്.എച്ച്, രൂപത സിൻഡിക്കേറ്റ്, സ്റ്റേറ്റ് സെനറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ കായികമേളക്ക് നേതൃത്വം നൽകി. 18 ഇനങ്ങളിലായി 233 മത്സരാർത്ഥികൾ പങ്കെടുത്തു

**ജന്മദിന ആശംസകൾ**

മാനന്തവാടി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ്, രൂപതാ ആനിമേറ്റർ സി. ബെൻസി ജോസ് എസ് എച്ച്, സിൻഡിക്കേറ്റ് അംഗം ഫാ. സജി പുതുകുളങ്ങര, കുമാരി ശില്പ ജോസ് അരുമ്പുള്ളിൽ എന്നിവർക്ക് ജന്മദിന ആശംസകൾ നേർന്നു.

**വിവാഹ മംഗളാശംസകൾ**

കെ.സി.വൈ.എം സംസ്ഥാന സെനറ്റ് അംഗം ബിബിൻ പിലാപ്പിള്ളിക്കും അനുഷ കാട്ടാംകോട്ടിലിനും വിവാഹ മംഗളാശംസകൾ

**ആശംസകൾ**

ഉത്ഥിതനായ കർത്താവീശോ മിശിഹായുടെ സ്വർഗ്ഗാരോഹണ തിരുനാൾ ആശംസകൾ നേർന്നു.

**പത്ര പ്രസ്താവന**

**വന്യമൃഗശല്യം:** ലോകസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികൾ നയം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ എം മാനന്തവാടി രൂപതാ പത്ര പ്രസ്താവന നൽകി.

**മേഖല വാർത്തകൾ**

**മാനന്തവാടി**

കെ.സി.വൈ.എം മാനന്തവാടി മേഖല 2024 വർഷത്തെ സ്പോർട്സ് മീറ്റ് സെന്റ് പാട്രിക്സ് ഗ്രൗണ്ടിൽ വച്ച് നടത്തി. എല്ലാ യൂണിറ്റുകളും ഈ സ്പോർട്സ് മീറ്റിൽ പങ്കാളികളായി. ഗെയിംസ്

ഇന്റർനാഷണൽ നേഴ്സസ് ഡേയുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫി മത്സരം നടത്തി. മാതൃദിനത്തോടനുബന്ധിച്ച് ഫോട്ടോ കോളേബൊ റേഷൻ നടത്തി.

**യൂണിറ്റ് വാർത്തകൾ**

**പുതുശ്ശേരിക്കടവ്**

ജാലിയൻവാലാബാഗ് സ്മരണാർത്ഥം മൗനാചരണം നടത്തി. ലോക ഹീമോഫീലിയ ദിനം ദിനത്തിന്റെ സന്ദേശം പങ്കുവെച്ചു. ലോക പുസ്തക ദിനം ഇടവകയിലെ യുവജനങ്ങൾ അവർ വായിച്ച ഒരു പുസ്തകം മറ്റുള്ളവർക്ക് മുന്നിൽ പരിചയപ്പെടുത്തി. അന്താരാഷ്ട്ര നൃത്ത ദിനത്തിന്റെ സന്ദേശം പങ്കുവെച്ചു. ഏപ്രിൽ മാസത്തെ SPECCHIO ഇടവക ന്യൂസ് ബുള്ളറ്റിൻ പുറത്തിറക്കി. SSLC, വേദ പാഠം പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ അഭിനന്ദിച്ചു.

**മണിമൂളി**

Kcym ന്റെയും പിതൃവേദിയുടെയും നേതൃത്വത്തിൽ ബാസ്കറ്റ് ബോൾമാച്ച് സംഘടിപ്പിച്ചു. യുവജനങ്ങൾ പങ്കെടുക്കുകയും വിജയികൾ ആയവർക്ക് cash price നൽകി. സന്യാസ ജീവിതത്തിൽ 25 വർഷം പൂർത്തിയാക്കിയ സി. ഷീബ A C- യെ യുവജനങ്ങൾ ആദരിച്ചു. ദ്വാരകയിൽ വെച്ച് നടന്ന Youth Vibrance പരിപാടിയിൽ മണിമൂളി യുവജനങ്ങൾ പങ്കെടുത്തു.

**തവിഞ്ഞാൽ**

തവിഞ്ഞാൽ യൂണിറ്റിലെ കെ.സി.വൈ.എം അംഗത്വ നവീകരണം പൂർത്തിയാക്കി. തവിഞ്ഞാൽ യൂണിറ്റിൽ ആനിമേറ്റർ ആയി സേവനം അനുഷ്ഠിച്ച സി. ഹെൽന SABS നു യാത്രയയപ്പ് നൽകി.

**ടൗൺ ചർച്ച്**

യുവജനങ്ങളുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സര്യാ അംഗങ്ങൾ ഡയറക്ടർ ഫാ. ജിമ്മി മൂലയിൽ, ആനിമേറ്റർ സി. ജിനി FCC എന്നിവരുടെ നേതൃത്വത്തിൽ ഊട്ടിയിലേക്ക് വിനോദ പഠനയാത്ര നടത്തി.

**കണിയാരം**

രൂപതയുടെ നേതൃത്വത്തിൽ നടത്തിയ ത്യാഗം 2024 കുരിശിന്റെ വഴിക്ക് കണിയാരം യൂണിറ്റ് നേതൃത്വം നല്കി. ദു:ഖവെള്ളിയോട് അനുബന്ധിച്ചുള്ള കുരിശിന്റെ വഴിയിൽ KCYM ന്റെ നേതൃത്വത്തിൽ ഈശോയുടെ പീഡാനുഭവയാത്രയും, കുരിശുമരണവും ലൈവ് ഷോ ആയി പ്രദർശിപ്പിച്ചു.

**റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ**
ജനറൽ സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**ലഹരി വിരുദ്ധ ദൂത്:** ഏപ്രിൽ 21 ഞായർ, കല്ലുവയൽ ഇടവകയിൽ മദ്യ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദൂത് നടന്നു. ബഹുമാനപ്പെട്ട ഇടവക വികാരി ഫാ. ഷാജു മുളകുടിയാങ്കൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. സമിതി ഡയറക്ടർ വിശുദ്ധ കുർബാനഅർപ്പിച്ച് ലഹരിക്കെതിരെ പ്രഭാഷണവും ബോധവൽക്കരണവും നടത്തി. മദ്യവിരുദ്ധ സമിതി, ജ്വാലാ ലഹരി വിരുദ്ധ ക്ലബ്ബ് എന്നിവ രൂപീകരിച്ചു. അംഗങ്ങളുമായി ചർച്ച നടത്തി.

**കുട്ടികൾക്കായി ഇടവക ധ്യാനം:** ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ വാളാട് ഇടവകയിൽ വച്ച് മെയ് മാസം 20, 21, 22 തീയതികളിൽ കുട്ടികൾക്കായി ധ്യാനം നടത്തി. ഇടവക വികാരി ബഹു. ബിജു തൊണ്ടിപ്പറമ്പിൽ അച്ചൻ ധ്യാനം ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട എം.എസ്.എം.ഐ സിസ്റ്റേഴ്സ്, സമിതി ഡയറക്ടർ, ശ്രീ. സജി പുതുക്കാട്ടിൽ എന്നിവർ ധ്യാനത്തിന് നേതൃത്വം വഹിച്ചു.

**രജത ജൂബിലി ഉദ്ഘാടനം:** മാനന്തവാടി രൂപതാ കെ. സി. ബി. സി മദ്യവിരുദ്ധ സമിതി സ്ഥാപിതമായിട്ട് 25 വർഷങ്ങൾ പൂർത്തിയാകുന്ന ഈ വർഷം രജത ജൂബിലി വർഷമായി ആഘോഷിക്കുന്നു. രജത ജൂബിലി ഉദ്ഘാടനം 2024 ജൂൺ 8 ശനിയാഴ്ച 10.30 ന് പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് നിർവഹിക്കുന്നു. രൂപതയിലെ വന്ദ്യ വൈദികർ, സമിതിയുടെ മുൻകാല പ്രവർത്തകർ, രൂപതയിലെ ഇതര സംഘടന ഡയറക്ടർമാർ, സമിതി അംഗങ്ങൾ, ഇടവകയിൽ നിന്നുള്ള പ്രതിനിധികൾ, മറ്റ് വിശിഷ്ട വ്യക്തികൾ തുടങ്ങിയവർ പങ്കെടുക്കുന്നു. ഇടവകയിൽ നിന്നും ഒരു പ്രതിനിധിയെ എങ്കിലും അയയ്ക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും ജൂബിലി ഉദ്ഘാടന സമ്മേളനത്തിലേക്ക് സ്വാഗതം.

**ജ്വാല ക്ലബ്ബ് രൂപീകരണവും പ്രവർത്തനവും:** ജ്വാലാ ലഹരി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലും ജൂൺമാസം മുതൽ സജീവമാക്കാൻ ശ്രദ്ധിക്കുമല്ലോ. ഇനിയും ക്ലബ്ബിന്റെ രൂപീക

രണം നടക്കാത്ത ഇടവകകളിൽ ജൂൺമാസം തന്നെ ക്ലബ്ബ് രൂപീകരിച്ച് അത് സൺഡേ സ്കൂൾ അധ്യാപകരിൽ നിന്നും കുട്ടികളിൽ നിന്നും എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക.
**ലഹരി വിരുദ്ധ വാരാചരണം:** കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും രൂപതാ മദ്യ വിരുദ്ധ സമിതിയുടെയും ആഭിമുഖ്യത്തിൽ 2024 ജൂൺ മാസം 23 മുതൽ 29 വരെ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോട് അനുബന്ധിച്ച് ലഹരി വിരുദ്ധ വാരം ആചരിക്കുന്നു.

**പ്രവർത്തന മികവിന് അംഗീകാരം:** *കെ. സി. ബി. സി മദ്യവിരുദ്ധ സമിതി സംസ്ഥാന തലത്തിൽ മികച്ച രൂപതകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിൽ മാനന്തവാടി രൂപത ലഹരി വിരുദ്ധ പ്രവർത്തനത്തിന് രണ്ടാം സ്ഥാനത്തിന് അർഹമായി. എല്ലാ മദ്യ-ലഹരി വിരുദ്ധ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.*

**രാജു വി. ഡി വലിയാറ**
രൂപതാ പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

**നന്ദി**

ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടറായി കഴിഞ്ഞ 3 വർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്ത് കുറുമ്പാല ഇടവകയിലേയ്ക്ക് സ്ഥലം മാറിപോയ റവ. ഫാ. ജോജോ കുടക്കച്ചിറയ്ക്ക് ഹൃദയപൂർവം നന്ദിയും എല്ലാ ഭാവുകങ്ങളും.

**സ്വാഗതം**

ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടറായി പുതുതായി നിയോഗിക്കപ്പെട്ട റവ. ഫാ. ജോസഫ് പരുവുമ്മേൽ അച്ചന് ഹൃദ്യമായ സ്വാഗതം.

**വിവാഹ ഒരുക്ക കോഴ്സ്**

മെയ് മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 65 പേർ പങ്കെടുത്തു. ജൂൺ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 8,9,10,11 തിയതികളിലും, ജൂലൈ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 13,14,15,16 എന്നീ തിയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

**നന്ദി**

മാതൃവേദി രൂപതാ ആനിമേറ്ററായി നവംബർ മുതൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് ബഹു. സി. എൽസി പോൾ SKD യ്ക്ക് ഹൃദയം നിറഞ്ഞ നന്ദി.

**സ്വാഗതം**

മാതൃവേദി രൂപതാ ആനിമേറ്ററായി പുതിയതായി നിയോഗിക്കപ്പെട്ട ബഹു. സി. ഷോളി SKD യ്ക്ക് ഹൃദ്യമായ സ്വാഗതം.

മേഖല ഭാരവാഹികളുടെ സംഗമം 'കൊയ്നോനിയ 2024' ഏപ്രിൽ 23 ന് നടത്തി. 93 അംഗങ്ങൾ പങ്കെടുത്തു. അഭിവന്ദ്യ അലക്സ് താരമംഗലം പിതാവ് സംഗമം ഉദ്ഘാടനം ചെയ്യുകയും, മാതൃവേദി രൂപത ഡയറക്ടർ ഫാ. ബിനു വടക്കേൽ സ്വാഗതം ആശംസിക്കുകയും, രൂപതാ പ്രസിഡണ്ട് ശ്രീമതി ഫിലോ ചേലക്കൽ സംഗമത്തിന് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. സംഗമത്തിനു ശേഷം 'കുടുംബ നവീകരണം അമ്മമാരിലൂടെ' എന്ന വിഷയത്തെ അടിസ്ഥാ

നമാക്കി പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോജോ കുടക്കച്ചിറ ക്ലാസ് നയിച്ചു. അതിനുശേഷം കൂപ്പൺ നറുക്കെടുപ്പ് നടത്തി. I. ഒന്നാം സമ്മാനം ഒരു ഗ്രാം ഗോൾഡ് കോയിൻ - സോഫി ആന്റണി മണിമൂളി. II. രണ്ടാം സമ്മാനം- എൽസി പൊരുന്നക്കോട്ട് നെല്ലി യോടി. III. മൂന്നാം സമ്മാനം- സൗമ്യ റോണി പൂക്കോട്ടുപാടം. സമ്മാനങ്ങൾ സ്പോൺസർ ചെയ്തത് ഗ്രേസി ജേക്കബ് ചിറ്റിലപ്പള്ളി (മുൻ രൂപതാ പ്രസിഡണ്ട് മാതൃവേദി), ഫിലോ ചേലക്കൽ (മാതൃ വേദി രൂപത പ്രസിഡന്റ്), ബ്രില്ലി അന്ന കേളങ്ങാട്ടിൽ ( രൂപതാ ജോയിന്റ് സെക്രട്ടറി) എന്നിവരാണ്. പങ്കെടുത്ത എല്ലാ മേഖല കൾക്കും ഓരോ പ്രോത്സാഹന സമ്മാനങ്ങളും നൽകി. നല്ല കാലാ വസ്ഥയ്ക്ക് വേണ്ടിയും അനുയോജ്യമായ ജനപ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുവാൻ വേണ്ടിയും ഏപ്രിൽ 24 പ്രാർത്ഥനാ ദിനമായി ആചരിച്ചു. എല്ലാ മേഖലകളിലും വചനം എഴുത്തു മത്സരം നടത്തുകയും ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരെ രൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു. വി. ജാന്ന ബരേറ്റ മോള്ളയുടെ തിരുനാൾ ദിനം ഇടവകകളിൽ സമുചിതമായി ആച രിച്ചു. ഇടവകകളിൽ ദൈവവിളി ഉണ്ടാകുന്നതിനു വേണ്ടിയും, വൈദികർക്ക് വേണ്ടിയും നിലമ്പൂർ മേഖല ചെയിൻ റോസറി നടത്തി.

**വചനമുത്തുകൾ 2024 രൂപതാ മത്സര വിജയികൾ**

I. ജിഷ ചിറമുഖത്ത്, പോരൂർ II. അനു ഉള്ളോപ്പള്ളിൽ, പയ്യംമ്പള്ളി III. നൈസ ജോർജ്ജ് പറമ്പിൽ, നടവയൽ. വിജയികൾക്കും പങ്കെ ടുത്തവർക്കും അഭിനന്ദനങ്ങൾ

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി.15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂൺ 18

**മേഖലാ വാർത്തകൾ**

**തരിയോട്**

കൊയ്നോനിയ 2024 രൂപതാ സംഘടിപ്പിച്ച നേതൃത്വ പരി ശീലന ക്ലാസിലും, 'കുടുംബ നവീകരണം അമ്മമാരിലൂടെ 'എന്ന വിഷ യത്തെ ആസ്പദമാക്കി ഫാ. ജോജോ കുടക്കച്ചിറ നയിച്ച സെമിനാ റിലും മേഖലയിൽ നിന്ന് 10 അമ്മമാരും ആനിമേറ്ററും പങ്കെടുത്തു. മേഖലാതല വചനം എഴുത്ത് മത്സരത്തിൽ 11 പേർ പങ്കെടുത്തു. ഒന്നും, മൂന്നും സ്ഥാനം കാവുംമന്ദവും, രണ്ടാം സ്ഥാനം മഞ്ഞൂറയ്ക്കും ലഭിച്ചു. രൂപത തന്ന കൂപ്പൺ വിറ്റ വകയിൽ തരിയോട് മേഖലയിൽ

നിന്നും Rs. 34370 രൂപതയ്ക്ക് നൽകി. കൂപ്പൺ നറുക്കെടുപ്പിൽ പ്രോത്സാഹന സമ്മാനം മേഖലാ എക്സിക്യൂട്ടീവ് ലിസി തോപുരത്തിനാണ്. വി. ജാന്ന ബാരെത്ത മോള്ളയുടെ തിരുനാൾ ദിനത്തിൽ വാട്സ്ആപ്പ് സന്ദേശം അയക്കുകയും, ജാന്ന ബാരെത്ത മോള്ളയുടെ ജീവചരിത്രം എഴുതുകയും ചെയ്തു. കിടപ്പ് രോഗികളെ സന്ദർശിച്ചു. രൂപതയിൽ നിന്നും അയക്കുന്ന സാന്താ മോനിക്ക പ്രാർത്ഥന എല്ലാ ഇടവകകളിലേക്കും അയച്ചുകൊടുക്കുകയും അമ്മമാർ നിയോഗം വെച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നല്ല കാലാവസ്ഥക്കും ജനാധിപത്യ മൂല്യത്തിന് പ്രാധാന്യം നൽകുന്ന ജനപ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുവാനും ഏപ്രിൽ 24 മേഖലയിലെ അമ്മമാർ പ്രാർത്ഥനാദിനമായി ആചരിച്ചു.

**മുള്ളൻകൊല്ലി**

ഈശോയുടെ പീഡാനുഭവങ്ങളെ ധ്യാനിച്ചുകൊണ്ട് മേഖലയിൽ പുത്തൻപാന മത്സരം നടത്തി. രൂപതാ ദിനത്തിന് ആശംസകൾ നേർന്നുകൊണ്ട് 51 അമ്മമാരുടെ മെഗാ മാർഗംകളി നടത്തി.

**ശാഖാ വാർത്തകൾ**

**വടപുറം**

മേഖലാ തലത്തിൽ നടന്ന പുത്തൻ പാനമത്സരത്തിൽ രണ്ടാം സ്ഥാനം നേടി. കൂപ്പൺ വിറ്റു. വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു.

**പുതുശ്ശേരിക്കടവ്**

ദൈവകരുണയുടെ തിരുനാൾ, വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ എന്നിവ ആചരിച്ചു. വചനം എഴുത്ത് മത്സരം, വി. ജാന്ന ബെരേത്ത മോള്ളയെക്കുറിച്ചുള്ള ഉപന്യാസം എന്നിവ നടത്തി. വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു.

**മക്കിയാട്**

പള്ളിയും പരിസരവും വൃത്തിയാക്കി. ദത്തുകുടുംബം സന്ദർശിച്ച് ഈസ്റ്ററിനാവശ്യമായ ഭക്ഷണ സാധനങ്ങളും ചികിത്സാ സഹായവും നൽകി. രൂപതാ കൂപ്പൺ വിറ്റു. വിൽക്കാൻ സഹായിച്ച നാല് കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ഭവന സന്ദർശനം നടത്തി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ലോക ആരോഗ്യ ദിനത്തിൽ കിടപ്പുരോഗികളെ സന്ദർശിച്ചു. ചികിത്സാ സഹായമായി 1000/- രൂപ നൽകി. ദൈവ കരുണയുടെ തിരുനാൾ ആചരിച്ചു.

വിവിധ നിയോഗങ്ങൾക്കായി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. രൂപത നടത്തിയ മേഖല ഭാരവാഹികളുടെ സംഗമത്തിൽ പങ്കെടുത്തു വി. ജാന ബരെരത്തെ മോളള്ള ദിനം അനുസ്മരിച്ചു. വചനം എഴുത്തു മത്സരത്തിൽ പങ്കെടുത്തു.

**തോമാട്ടുചാൽ**

കേരള സ്റ്റോറി സിനിമ പ്രദർശനം നടത്തി. വി. ഗീവർഗീസ് സഹദായുടെ തിരുനാൾ, സദുപദേശത്തിന്റെ മാതാവിന്റെ തിരുനാൾ, വി.ജാന ബെരേറ്റ മോള്ളയുടെ തിരുനാൾ എന്നിവ ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. മേഖല ബൈബിൾ പാരായണം നടത്തി.

**വാകേരി**

ദേവാലയ നിർമ്മാണത്തിൽ സഹകരിച്ചു. മൂന്നാം ഘട്ട ആക്രി ശേഖരണം നടത്തി ഫണ്ട് സമാഹരിച്ചു. ഫിയാത്ത് മിഷനെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ വീടുകളിൽ നിന്ന് പഴയ ബൈബിൾ, പുസ്തകങ്ങൾ, നോട്ട് ബുക്കുകൾ ഇവ ശേഖരിച്ചു. മേഖലയിൽ നടത്തിയ ബൈബിൾ പരീക്ഷയിൽ 3 പേർ പങ്കെടുത്തു.

**പാടിച്ചിറ**

മേഖലയുടെ മെഗാ മാർഗംകളിയിൽ യൂണിറ്റിൽ നിന്ന് 10 അംഗങ്ങൾ പങ്കെടുത്തു. ഒരു നിർധന കുടുംബത്തിന് രോഗിസഹായമായി 2000 രൂപ നല്കി. ഒരു കുടുബത്തിന് 1093 രൂപയുടെ വസ്ത്രം വാങ്ങി കൊടുത്തു. രൂപതയിൽ നിന്നും കിട്ടിയ കൂപ്പൺ വിറ്റു വരവ് 10000 രൂപ ലഭിച്ചു. വചനം എഴുത്തു മത്സരം നടത്തി.

**മഞ്ഞൂറ**

ഭവന സന്ദർശനം നടത്തി. രോഗി സഹായമായി 2000 രൂപ നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. ഇടവകയിൽ പ്രായമായവരെ പിക്ക്നിക്കിന് കൊണ്ടുപോയി.

**കുറുമ്പാല**

രോഗി സന്ദർശനം നടത്തി. സമ്മാന കൂപ്പൺ വിറ്റ് 3700 രൂപ മേഖലയ്ക്കും 7400 രൂപ രൂപതാ മാതൃവേദിയ്ക്കും നൽകി. ഇടവകയിലെ 30 വയസ്സിന് മുകളിൽ പ്രായമുള്ള വിവാഹം കഴിക്കാത്ത യുവതി യുവാക്കളുടെ പേര് വിവരങ്ങൾ തയ്യാറാക്കി രൂപതയിൽ നൽകി. മേഖലാ ഭാരവാഹികളുടെ രൂപത സംഗമത്തിൽ പങ്കെടുത്തു. മേഖല വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു.

**സീതാമൗണ്ട്**

വിവിധ നിയോഗങ്ങൾക്കുവേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. വികാരിയച്ചന്റെ പൗരോഹിത്യദിനത്തിൽ ആശംസകൾ

അർപ്പിച്ച് സ്നേഹോപഹാരം നൽകി. മേഖലാ തല പുത്തൻ പാന പാരായണം ഗ്രൂപ്പ് വീഡിയോ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

**കൽപ്പറ്റ**

കുടുംബ കൂട്ടായ്മകളിൽ നിന്നായി 50,000 രൂപയുടെ ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച്, ഇടവകയിൽ പ്രയാസമനുഭവിക്കുന്ന 10 കുടുംബങ്ങൾക്കും, സ്നേഹസദൻ, ക്ലാരഭവൻ എന്നീ അഗതി മന്ദിരങ്ങളിലും നൽകി. പ്രോലൈഫ് ദിനത്തോടനുബന്ധിച്ചു ഇടവകയിലെ 50 വയസ്സിൽ താഴെയുള്ളതും, 4ൽ കൂടുതൽ മക്കളുള്ള 5 അമ്മമാരെ ആദരിച്ചു.

**കബനിഗിരി**

കൂപ്പണുകൾ വിറ്റു. രൂപതാ വാർഷികത്തിനായി മാർഗംകളി പരിശീലിച്ചു, മെഗാ മാർഗം കളി ടീമിൽ പങ്കാളികളായി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ഭക്തസാധനങ്ങൾ വിൽക്കാൻ സ്റ്റാൾ ഇടുകയും ചെയ്തു.

**അസംപ്ഷൻ**

ശതോത്തര രജത ജൂബിലിയുടെ ഭാഗമായി ഭവനസന്ദർശനം നടത്തി. പ്രോലൈഫ് മിനിസ്ട്രിയുടെ പ്രവർത്തനം ശക്തമാക്കാൻ തീരുമാനിച്ചു. വി.ഗീവർഗിസ് സഹദായുടെ തിരുനാൾ ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. മാതൃവേദിയുടെ നേതൃത്വത്തിൽ മലയാറ്റൂർ പള്ളിയിലും പുതു ഞായറാഴ്ച കൊളകപാറ മലയും കയറി.

**കയ്യുന്നി**

അഖില ഹോമിയോ ദിനം, ഡോ. അബ്ദേക്കർ അനുസ്മരണം എന്നിവ നടത്തി. വി. ഗീവർഗ്ഗിസ്, വി.ജാന്ന ബോറോത്ത മോള്ളെഎന്നീ വിശുദ്ധരുടെ തിരുന്നാൾ ആചരിച്ചു. എക്സിക്യൂട്ടീവ്, ജനറൽ ക്ലീനിങ്, ഭവന സന്ദർശനം എന്നിവ നടത്തി. ചികിത്സാ സഹായമായി 3000 രൂപ നൽകി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. നിക്ഷേപ സമാഹരണ ഫണ്ടിന്റെ മൂന്നാം നറുക്കെടുപ്പ് നടത്തി. ക്യാൻസർ രോഗിക്ക് 5000 രൂപ നൽകി. ആദ്യകുർബാന സ്വീകരിച്ച രണ്ടു കുട്ടികൾക്ക് 7500 രൂപയുടെ സഹായം നൽകി. ഹോസ്പിറ്റൽ സന്ദർശനം നടത്തി. മരണ വീടുകൾ സന്ദർശിച്ച് മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

**താളിപ്പാടം**

എക്സിക്യൂട്ടീവ് കൂടി. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. മേഖലാ ഭാരവാഹികളുടെ സംഗമത്തിൽ പങ്കെടുത്തു. 1000 രൂപ രോഗി സഹായം നൽകി. മേഖലാ വചനം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു.

**മരക്കടവ്**

ശ്രവണശേഷി കുറവുള്ള ഒരു കുഞ്ഞിന് ചികിത്സ സഹായമായി 2000 രൂപ നൽകി. വി. ജാന്ന ബെറേത്ത മോള്ളെയുടെ തിരുനാൾ ദിനത്തിൽ അംഗങ്ങൾ ദിവ്യബലിയിലും ആരാധനയിലും പങ്കെടുത്തു. മേഖലയിൽ നിന്ന് കിട്ടിയ 30 കൂപ്പൺ ബുക്കുകൾ ഇടവകയിൽ വിതരണം നടത്തി, തിരികെ മേഖലയിൽ ഏൽപ്പിച്ചു.

**മരകാവ്**

എക്സിക്യൂട്ടീവ് കൂടി. ദേവാലയവും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. സഹായം നൽകി. ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിനായി സഹായിച്ച് വരുന്നു. മൃതസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

**മണിമൂളി**

സമ്മാന കൂപ്പൺ വിതരണം ചെയ്തു. പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി. മേഖല വചനം എഴുത്തു മത്സരത്തിൽ പങ്കെടുത്തു. വി. ഗീവർഗീസ് സഹദായുടെ തിരുനാളിൽ അമ്മമാർ അപ്പമുണ്ടാക്കി പള്ളിയിൽ കൊണ്ടുവന്നു.

**പുൽപ്പള്ളി**

സംഘടന വിജയത്തിനുവേണ്ടി ദിനംപ്രതി മൂന്നു നന്മനിറഞ്ഞ മറിയം ചൊല്ലി പ്രാർത്ഥിക്കുന്നു. സാന്താ മോനിക്ക പ്രാർത്ഥനയിൽ എല്ലാ അമ്മമാരും പങ്കാളികളായി. എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു. മെഗാ മാർഗം കളിയിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. പാലിയേറ്റീവിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

**നടവയൽ**

എക്സിക്യൂട്ടീവ് കൂടി. ഡീ. സുബിൻ പടപ്പൻമാക്കലിന്റെ തിരുപ്പട്ടസ്വീകരണത്തിന് ഒരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. രോഗി സഹായമായി 2700 രൂപ നൽകി. സാധു സഹായമായി 770 രൂപ നൽകി. വചനം എഴുത്ത് മത്സരം നടത്തി. സംഭാവന കൂപ്പൺ 20 കുറ്റി വിറ്റ് മേഖല

യിൽ ഏൽപ്പിച്ചു. ആദ്യ കുർബാന സ്വീകരിക്കുന്ന ഒരു കുട്ടിക്ക് 2500 രൂപ നൽകി.

**ദ്വാരക**

എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ദൈവവിളിക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി. സമരിറ്റൻ ഭവൻ സന്ദർശിച്ച് അമ്മമാർ വീടുകളിൽ നിന്ന് ഉണ്ടാക്കിയ പലഹാരങ്ങൾ നൽകി. കുടുംബ നവീകരണം അമ്മമാരിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.

**പ്രശാന്തിഗിരി**

20 സമ്മാന കൂപ്പണുകൾ വിറ്റു. ബാക്കി തുകയും കുറ്റിയും മേഖലയെ ഏൽപ്പിച്ചു. മേഖലാ പ്രതിനിധി സമ്മേളനത്തിൽ പങ്കെടുത്തു. വചനം എഴുത്ത് മത്സരം നടത്തി. വാളാട് നിർമ്മിച്ച കപ്പേളയുടെ വിവിധ നിർമ്മാണ ഘട്ടങ്ങളിൽ ക്ലീനിംങിന് സഹകരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കാരയ്ക്കാമല**

കിടപ്പ് രോഗികളെ സന്ദർശിച്ചു. ഊട്ടിയിലേക്ക് ഉല്ലാസ യാത്ര നടത്തി. മേഖലാതലത്തിൽ നടത്തിയ വചനവാക്യം എഴുത്ത് മത്സരത്തിൽ പങ്കെടുത്തു. നല്ല കാലാവസ്ഥയ്ക്ക് വേണ്ടി മാനന്തവാടി രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രാർത്ഥനാദിനത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കരിമാനി**

മേഖലാ ഭാരവാഹികളുടെ സംഗമത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ഗവ. ഹോസ്പിറ്റലിലെ നിർദ്ധനർക്കായി ഷർട്ട് ശേഖരിച്ചു നൽകി. കാൻസർരോഗിക്ക് 4500 രൂപ നൽകി.

**വാളേരി**

എക്സിക്യൂട്ടീവ് നടത്തി. വി.ജാന്ന ബേറെത്ത മോള്ളയുടെ തിരുനാൾ ആചരിച്ചു. ചെയിൻ റോസറി നടത്തി. രോഗി സന്ദർശനം നടത്തി. പ്രായമായ മാതാപിതാക്കന്മാരെ സന്ദർശിച്ചു. സാന്താമോനിക്ക, വചന കവചം, പച്ചക്കറി വിളവെടുപ്പ് എന്നിവ നടത്തി.

**മാനന്തവാടി ടൗൺ ചർച്ച്**

മാതൃവേദിയുടെ സ്നേഹ സംഗമം നടത്തി, ഷാൾ അണിയിച്ച് ആദരിച്ച് ഗിഫ്റ്റ് നൽകി. വിവാഹ ജീവിതത്തിന്റെ 25 വർഷം പൂർത്തിയാക്കിയ 3 ദമ്പതികളെ, പ്രായം കൂടിയ അമ്മയെ ആദരിച്ചു. കൂപ്പൺ വിറ്റു. മേഖലാ പ്രതിനിധി സമ്മേളനത്തിൽ പങ്കെ

ടുത്തു. രോഗി സന്ദർശനം നടത്തി. 3000 രൂപ നൽകി. സ്നേഹ ദീപം ചാരിറ്റബിൾ ട്രസ്റ്റിലേക്ക് 1000 രൂപ നൽകി.

**നിലമ്പൂർ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗി സന്ദർശനം നടത്തി. ഏലിശ്വാ സന്ദർശനം നടത്തി. വിവിധ നിയോഗങ്ങൾക്ക് വേണ്ടി ഏപ്രിൽ 24 പ്രാർത്ഥനാ ദിനമായി ആചരിച്ചു.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. പുതിയ ദേവാലയത്തിലേക്ക് വേണ്ട കുമ്പസാര കൂടിന് വേണ്ടി അമ്മമാർ സ്വരൂപിച്ച കളക്ഷൻ വികാരി യച്ചന് കൈമാറി. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് അംഗമായ ജിഷയുടെ മകൾ ദിൽഷയുടെ മൃത സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

**തരിയോട്**

ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. എക്സി ക്യൂട്ടീവ് അംഗങ്ങൾ രണ്ടു പേരുടെ വിവാഹ വാർഷികം ആഘോ ഷിച്ചു. സമ്മാനം നല്കി.

**തലഞ്ഞി**

ദൈവവിളിക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി. നില മ്പൂർ മേഖലയിലെ വൈദികരെയും സന്യസ്ഥരെയും സമർപ്പിച്ച് ചെയിൻ റോസറി നടത്തി. വി. ജാന്ന ബരേത്ത മോള്ളയുടെ തിരുനാൾ ആചരിച്ചു. നരിവാലമുണ്ട ശാഖക്ക് വേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**മാർട്ടിൻ നഗർ**

രണ്ടാം ചൊവ്വാഴ്ച ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യുവാൻ സഹായിച്ചു സാമ്പത്തിക സഹായം നൽകി. രോഗി സന്ദർശനം നടത്തി. ഒരു കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. ഏപ്രിൽ 27ന് രൂപത നിർദേശപ്രകാരം പ്രാർത്ഥനാ ദിനമായി ആചരിച്ചു. ദേവാലയവും പരിസരവും ശുചീകരണം നടത്തി. രൂപതാ തല സമ്മാനക്കൂപ്പൺ വിതരണത്തിൽ സഹകരിച്ചു. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖലാതല വചനം എഴുത്തു മത്സരത്തിൽ രണ്ട് സമ്മാനങ്ങൾ നേടി.

**ഇരുളം**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖല ഭാരവാഹികളുടെ സംഗ മത്തിൽ പങ്കെടുത്തു. പുത്തൻപാന പാരായണ മത്സരത്തിൽ പങ്കു ചേർന്നു. സംഭാവനക്കൂപ്പൺ വിറ്റു. മേഖല മീറ്റിംഗിൽ പങ്കെടുത്തു.

രോഗി സന്ദർശനം നടത്തി. 1000 രൂപ സാമ്പത്തിക സഹായം നൽകി. പള്ളിയും, പരിസരവും വൃത്തിയാക്കി.

**കേളകം**

എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ച അഗതി മന്ദിരത്തിൽ പൊതിച്ചോറ് നൽകുന്നു. തൊഴിലാളി ദിനത്തിൽ ഇടവകയിലെ ഒരു കുടുംബത്തിന് പുതിയ വസ്ത്രം വാങ്ങി നൽകി. ഉപവാസത്തിലൂടെ നീക്കി വെക്കുന്ന തുക ഇടവകയിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നൽകി വരുന്നു.

**പോരൂർ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗികളെയും പ്രായമായവരെയും സന്ദർശിച്ചു. വചനമെഴുത്ത് മത്സരത്തിൽ പങ്കെടുത്തു. ജിഷ ചെറുമുഖത്ത് മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മേഖല പ്രതിനിധി സംഗമത്തിൽ പ്രതിനിധി പങ്കെടുത്തു.

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ മെയ് 03 വെള്ളിയാഴ്ച്ച രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

മെയ് 04ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ജോസഫ് സാർ സ്തുതി ആരാധന നയിച്ചു. ബ്ര. ബിജു പുളിക്കൽ, സി. അന്ന FCC, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രൂഷയ്ക്കും, സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

മെയ് 16 മുതൽ 19 വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടന്നു. മെയ് 24 വെള്ളിയാഴ്ച വൈകുന്നേരം 05 മുതൽ രാത്രി 10.30 വരെ ജാഗരണ പ്രാർത്ഥന നടത്തി.

**ക്രിസ്റ്റീൻ ധ്യാനം**

മെയ് 23 മുതൽ 26 വരെ 08 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്കായി താമസിച്ചുള്ള ധ്യാനം നടത്തി.

**സ്ഥലംമാറ്റം**

കഴിഞ്ഞ ഏഴു വർഷം ധ്യാനകേന്ദ്രത്തിൽ സ്തുത്യർഹമായ സേവനം ചെയ്ത് കല്ലോടി ഇടവകയിലേക്ക് സ്ഥലം മാറി പോകുന്ന സിസ്റ്റർ അന്ന FCC ക്ക് സീയോൻ കുടുംബം യാത്രയയപ്പ് നൽകി പുതിയതായി വന്ന സിസ്റ്റർ റിറ്റി FCC യെ സ്വാഗതം ചെയ്തു.

സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

മീഡിയ കമ്മീഷൻ, സീയോൻ CRC എന്നീ യൂട്യൂബ് ചാനലു

കളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

**ജൂൺ മാസത്തിലെ താമസിച്ചുള്ള ധ്യാനം**

ജൂൺ മാസത്തിലെ താമസിച്ചുള്ള ധ്യാനം 20 വ്യാഴം 04 മണിമുതൽ 23 ഞായർ 01 മണിവരെ.

**For Booking: 8281132195**

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സീയോൻ സി.ആർ.സി

## പ്രവാസി അപ്പോസ്തലേറ്റ് (PALM) രൂപത കോർ ടീം പ്രഥമ സമ്മേളനം

മാനന്തവാടി രൂപതയിൽ സ്ഥാപിതമായിരിക്കുന്ന പ്രവാസി അപ്പോസ്തലേറ്റിന്റെ (Pravasi Apostolate of Laity of Mananthavady - PALM) Diocesan Core Team രുപീകരണവും ടീമിന്റെ പ്രഥമയോഗവും രൂപതയുടെ പാസ്റ്ററൽ സെന്ററിൽ മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ PALM ഡയറക്ടർ മനോജ് അമ്പലത്തിങ്കൽ അച്ചനോടൊപ്പം Core team ന്റെ എക്സിക്യൂട്ടീവ് മെമ്പർമാരായി നിയമിതരായ ശ്രീ ദേവസ്യ ഓ. പി. (ദ്വാരക ഇടവക), ശ്രീ ബാബു പായിക്കാടൻ (തവിഞ്ഞാൽ ഇടവക), ശ്രീ റോബിൻ വർഗീസ് (ചാരിറ്റി ഇടവക), ശ്രീ അനൂപ് കന്നുതൊട്ടിയിൽ (കരണി ഇടവക), ശ്രീമതി ഷൈനി സണ്ണി (പാടിച്ചിറ ഇടവക) എന്നിവർ പങ്കെടുത്തു. ഡയറക്ടച്ചന്റെ സ്വാഗത പ്രസംഗത്തിൽ PALM രൂപീകരണത്തിന്റെ ആവശ്യകതയും സാഹചര്യവും വിശദീകരിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് മാനന്തവാടി രൂപതയിൽ നിന്നും വിവിധ രാജ്യങ്ങളിൽ ജീവിക്കുന്ന പ്രവാസികളുടെ ആത്മീയ ഭൗതീക കാര്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കപ്പെടേണ്ടതിനെക്കുറിച്ചും അതിൽ PALM ന് ഏതു തരത്തിലുള്ള ഇടപെടലുകൾ നടത്താൻ സാധിക്കും എന്നതിനെക്കുറിച്ചും സംസാരിച്ചു. വിവിധ രാജ്യങ്ങളിൽ പ്രവാസികളായിരുന്ന എക്സിക്യൂട്ടീവ് അംഗങ്ങൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചതിനോടൊപ്പം അതാതു രാജ്യങ്ങളിലെ വിശ്വാസി സമൂഹം നേരിടുന്ന ആത്മീയ പ്രതിസന്ധികളെയും വിവരിച്ചു. പുതുതലമുറയിലെ വിശ്വാസികൾ വിശ്വാസജീവിതത്തിൽ നിന്നും അകന്നു പോകുന്നതിനുള്ള കാരണങ്ങളെക്കുറിച്ചും ചർച്ചകൾ നടന്നു. ആത്മീയമായ വളർച്ച പ്രഥമവും പ്രധാനവുമായി വിശുദ്ധ ഗ്രന്ഥത്തിന്റെ ഉള്ളടക്കവും അതിലൂടെ ദൈവം നമുക്ക് തരുന്ന സന്ദേശങ്ങളെയും ശരിയായി മനസ്സിലാക്കി അതനുസരിച്ച് ജീവിക്കുന്നതിലൂടെയാണ് സാധിതമാകുന്നത് എന്ന് അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. വി. ഗ്രന്ഥം

നന്നായി അറിയാത്തതിനാൽ തങ്ങൾക്കുണ്ടായിട്ടുള്ള പ്രതിസന്ധികളെപ്പറ്റി യോഗാംഗങ്ങളും പറഞ്ഞു. നവസാങ്കേതിക വിദ്യയുടെ സഹായത്തോടെ മേൽക്കാര്യങ്ങളിൽ ഫലപ്രദമായ രീതിയിൽ ഇടപെടണമെന്ന് പൊതുവായ അഭിപ്രായം ഉയർന്നു വന്നു. PALM ന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് വേണ്ടി പ്രവാസികൾ ഉള്ള രാജ്യങ്ങളിൽ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു. മാസത്തിൽ ഒരു തവണയെങ്കിലും ഓൺലൈനായോ ഓഫ് ലൈൻ ആയോ മീറ്റിംഗുകൾ കൂടുവാനും പ്രവർത്തനങ്ങൾ വിലയിരുത്തുവാനും തീരുമാനിച്ചു. Palm Diocesan Coordinator ആയി ശ്രീ അനൂപ് കന്നുതൊട്ടിയിലിനെയും (കരണി ഇടവക) സെക്രട്ടറി ആയി ഷൈനി സണ്ണിയെയും (പാടിച്ചിറ ഇടവക) യോഗത്തിൽ തെരഞ്ഞെടുത്തു. പ്രവാസി ജീവിതത്തിന്റെ സമഗ്രമേഖലകളിലുമുള്ള  പ്രതിസന്ധികളെ തരണം ചെയ്യാനും, അവർക്ക് ഒരു കൈത്താങ്ങായി മാറാനും PALM നു കഴിയട്ടെ എന്ന് എല്ലാവരും ആശംസിച്ചു. രാവിലെ 11 മണിയോടെ ആരംഭിച്ച മീറ്റിംഗ് 1.15 pm ന് അവസാനിച്ചു. പിതാവുമൊന്നിച്ചുള്ള ഫോട്ടോ എടുത്ത ശേഷം ഉച്ചഭക്ഷണം കഴിച്ചു യോഗത്തിൽ പങ്കെടുത്തവർ പിരിഞ്ഞു.

**തീരുമാനങ്ങൾ**

1. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും ഒരു കോഡിനേറ്ററെ തെരഞ്ഞെടുക്കുക.

2. ഓരോ രാജ്യത്ത് നിന്നും പ്രവാസികളുടെ പ്രതിനിധികളായി ആറുപേരടങ്ങുന്ന കോർ ടീം രൂപീകരിക്കുക. അതിനുശേഷം ഓരോ രാജ്യത്ത് നിന്നും ഓരോ പ്രതിനിധി അടങ്ങുന്ന ഗ്ലോബൽ സമിതിക്ക് രൂപം കൊടുക്കുക.

3. പ്രവാസികൾക്കായി ഓൺലൈൻ ബൈബിൾ പഠന സംരംഭങ്ങൾ ആരംഭിക്കുക.

4. വിവിധ രാജ്യങ്ങളിൽ വിശ്വാസ പരിശീലനത്തിന് സാധ്യതകളില്ലാത്ത കുട്ടികൾക്കായി വിശ്വാസ പരിശീലന പദ്ധതികൾ ഓൺലൈനായി ക്രമീകരിക്കുക.

5. ആദ്യകുർബാന സ്വീകരണത്തിനായി ഓൺലൈനിലൂടെ കുട്ടികളെ ഒരുക്കുക.

6. പ്രവാസികളോ പ്രവാസികളുടെ മാതാപിതാക്കളോ മരണമടയുമ്പോൾ അവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അനുശോചനങ്ങൾ അർപ്പിക്കുകയും ചെയ്യുക.

7.നോർക്ക രജിസ്ട്രേഷൻ നടത്തുവാനും അതുവഴി ലഭ്യമാകുന്ന പ്രവാസി ക്ഷേമകാര്യ പദ്ധതികളിൽ പങ്കാളികളാകാനും പ്രോത്സാഹിപ്പിക്കുക.

8.ആദ്യമായി വിദേശരാജ്യങ്ങളിലേക്ക് പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് അതാത് രാജ്യത്തെ ജീവിതസാഹചര്യങ്ങൾ, സാംസ്ക്കാരിക പ്രത്യേകതകൾ തുടങ്ങിയവയെപ്പറ്റി ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

**ഫാ. മനോജ് അമ്പലത്തിങ്കൽ**

ഡയറക്ടർ, പ്രവാസി അപ്പോസ്തലേറ്റ്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

നാം ഒരു പുതിയ അധ്യായന വർഷത്തിലേക്കും, മഴക്കാലത്തേക്കുംകൂടി കടക്കുകയാണല്ലൊ. കുട്ടികളുടെ വിദ്യാഭ്യാസത്തിന് അനുദിനം ചിലവേറി വരികയാണല്ലൊ. ഒരു ഇടത്തരം കുടുംബത്തിനുപോലും താങ്ങാനാവാത്ത നിലയിലാണ് ഇന്നത്തെ വിദ്യാഭ്യാസ ചിലവുകൾ. ഇവരെ സഹായിക്കുവാൻ നാമെല്ലാവർക്കും കടമയുണ്ട്. നമ്മുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നല്കി അവരെ ഭാവിയുടെ നല്ല വാഗ്ദാനങ്ങളായി വളർത്തുവാൻ അവരുടെ മാതാപിതാക്കളോടൊപ്പം സമൂഹത്തിനും കടമയുണ്ട്. കുട്ടികളെ സ്കൂൾ വിദ്യാഭ്യാസത്തിൽ സഹായിക്കുന്നതോടൊപ്പം അവർ മതബോധന ക്ലാസുകളിൽ കൃത്യമായി പോകുന്നുണ്ടൊയെന്നുകൂടി നാം വിൻസെൻഷ്യൻ പ്രവർത്തകർ ശ്രദ്ധിക്കണം. മക്കളുടെ സ്കൂൾ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്ന പല മാതാപിതാക്കളും ആ കുട്ടികളുടെ മതബോധനത്തിൽ അവഗണന പുലർത്തുന്നതായി കണ്ടുവരുന്നുണ്ട്. സഭയോട് ചേർന്നുനിന്നു പ്രവർത്തിക്കുന്ന വിൻസെൻഷ്യൻ പ്രവർത്തകർ സഭാതനയരുടെ ഭൗതീക സാഹചര്യങ്ങൾ വളർത്തുവാൻ പരിശ്രമിക്കുന്നതോടൊപ്പം ആത്മീയ വളർച്ചക്കുതകുന്ന പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നല്കണം.

മഴക്കാലം പൊതുവെ കഷ്ടപ്പാടുകളുടെ കാലമാണ്. മഴ തുടങ്ങുന്നതോടെ തൊഴിൽരഹിതരായി പട്ടിണിയിലാവുന്ന ഒട്ടേറെ കുടുംബങ്ങൾ നമുക്കു ചുറ്റുമുണ്ട്. ഇത്തരം കുടുംബങ്ങളിലേക്ക് ഓരോ വിൻസെൻഷ്യനും സഹായഹസ്തങ്ങളുമായി കടന്നു ചെല്ലണം. അവരെ സഹായിക്കുവാൻ നാം സന്നദ്ധരാകണം. സമൂഹത്തിൽ കരുണയുടെ ഉറവുകൾ വറ്റാത്തവരെ കണ്ടെത്തി അവരിൽ നിന്നുകൂടി ശേഖരിക്കുന്ന സമ്പത്ത് പാവപ്പെട്ടവർക്കും സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും പങ്കുവയ്ക്കുവാൻ നമുക്കാവണം. അങ്ങനെ ദൈവസ്നേഹം നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകർന്നു ചെല്ലട്ടെ.

**മേജർ ആർച്ച് ബിഷപ്പിന്റെ സന്ദർശനം**

മാനന്തവാടി രൂപതയിലെ വിൻസെൻഷ്യൻ പ്രവർത്തകർക്ക് ആവേശം പകർന്ന് നമ്മുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഓസാനംഭവൻ സന്ദർശിച്ചു. സി. സി ഭാരവാഹികൾ, ഓസാനംഭവനിലെ അപ്പച്ചന്മാർ, ശുശ്രൂഷകർ തുടങ്ങിയവർ ചേർന്ന് പിതാവിനെ സ്വീകരിച്ചു. സമൂഹത്തിന് നന്മ ചെയ്യുന്നവരുടെ കൂട്ടായ്മയാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെന്നും ലോകത്തിൽ കത്തോലിക്ക സഭയുടെ അഭിമാനമാണ് ഈ സംഘടനയെന്നും മേജർ ആർച്ച് ബിഷപ്പ് നല്കിയ സന്ദേശത്തിൽ പറഞ്ഞു. നടവയൽ ആർക്കി എപ്പിസ്ക്കോപ്പൽ ഇടവക വികാരി റവ. ഫാ. ഗർവാസീസ് മറ്റം, സി. സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം, സി.സി. വൈസ്പ്രസിഡന്റ് ബ്രദർ ജോണി പാറ്റാനി, സെക്രട്ടറി ബ്ര. ജോസ്മാത്യു മെഴുകനാൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു.

**ഓസാനംഭവൻ ജൂബിലി**

മാനന്തവാടി രൂപതയുടെ ജീവകാരുണ്യത്തിന്റെ മുഖമായ നടവയൽ ഓസാനംഭവൻ ജൂബിലിയുടെ നിറവിലാണ്. 25 വർഷങ്ങൾക്കുമുമ്പ് രണ്ട് അഗതികളുമായി പ്രവർത്തനം ആരംഭിച്ച സ്ഥാപനം ഇന്ന് 75 അഗതികളായ അപ്പച്ചന്മാരെ ശുശ്രൂഷിച്ച് മുന്നേറുകയാണ്. ഈ വളർച്ചക്കു പിന്നിൽ മുൻകാലങ്ങളിൽ പ്രവർത്തിച്ച സി.സി. ഭാരവാഹികളേയും ശുശ്രൂഷകരേയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. ഇപ്പോൾ ഓസാനംഭവനുവേണ്ടി പ്രവർത്തിക്കുന്ന എല്ലാവരേയും ഈ ജൂബിലി വർഷത്തിൽ നന്ദിയോടെ ഓർക്കുന്നു. നമ്മെ കാത്തുപരിപാലിച്ച ദൈവത്തിന് നന്ദി അർപ്പിക്കുകയാണ്.

ഓസാനംഭവൻ ജൂബിലി ആഘോഷങ്ങൾ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ജൂഡ് മംഗൾരാജ് ഉദ്ഘാടനം ചെയ്തു. കെ. ആർ. സി.സി.കോ-ഓർഡിനേറ്റർ ബ്ര. തോമസ് പുലിക്കോട്ടിൽ മുഖ്യസന്ദേശം നല്കി. സി.സി. പ്രസിഡന്റ് ബ്ര. ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. സി.സി. വൈസ്പ്രസിഡന്റ് ബ്ര. ജോണി പാറ്റാനി, സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ, ബ്ര. തങ്കച്ചൻ മേപ്പാടത്ത്, ബ്ര. ജോസ്മാത്യു മെഴുകനാൽ, ബ്ര. ബെന്നി മാങ്കോട്ട്, കെ.ആർ.സി.സി.സെക്രട്ടറി സിസ്റ്റർ ബേബി മരിയ പുലിക്കോട്ടിൽ തുടങ്ങിയവർ ആശംസ

കളർപ്പിച്ചു. കേരളത്തിലെ 24 രൂപതകളിൽ നിന്നുള്ള സി.സി. പ്രസിഡന്റുമാർ, കെ.ആർ.സി.സി. ഭാരവാഹികൾ തുങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**ഓസാനംഭവന് പുതിയ ഭാരവാഹികൾ**

ഓസാനംഭവന്റെ പുതിയ ഭാരവാഹികളായി താഴെപറയുന്നവരെ തെരഞ്ഞെടുത്തു. ബാബു നമ്പുടാകം (ചെയർമാൻ), ജോണി പാറ്റാനി (വൈ. ചെയർമാൻ), ജോസ് മാത്യു മെഴുകനാൽ(സെക്രട്ടറി), ജോർജ്ജ് പറമ്പിൽ (ട്രഷറർ), റോയ് ലൂയീസ് തുരുത്തിയിൽ (മാനേജർ), ബെന്നി മാങ്കോട്ട് (ജോ.സെക്രട്ടറി), റവ. ഫാ. ജോജോ കുടക്കച്ചിറ, റവ. ഫാ. ഗർവാസീസ് മറ്റം, രാജു വലിയാറ, ബേബി കുളത്തിങ്കൽ, പ്രിയ ഷൈജൻ തടങ്ങഴി, ഷാജി പൂവത്താനി, ജയ്സൺ വടക്കേക്കുടി(ബോർഡ് അംഗങ്ങൾ).

**ഓസാനം ഫാമിലിഭവൻ**

ഓസാനം ഫാമിലി ഭവൻ ഭാരവാഹികളായി തഴെപറയുന്നവരെ തെരഞ്ഞെടുത്തു. മാർ ജോസ് പൊരുന്നേടം പിതാവ്(രക്ഷാധികാരി), ബാബു നമ്പുടാകം (ചെയർമാൻ), ജോണി പാറ്റാനി (വൈസ് ചെയർമാൻ), തങ്കച്ചൻ മേപ്പടത്ത് (സെക്രട്ടറി), റോസമ്മ അയ്യംകുഴയ്ക്കൽ (ജോ. സെക്രട്ടറി), വിൻസെന്റ് റാത്തപ്പള്ളി (ട്രഷറർ).

**ഫാദർ ജോജോ കുടക്കച്ചിറ**
(സി.സി. ആധ്യാത്മിക ഉപദേഷ്ടാവ്)
**ബ്രദർ ബാബു നമ്പൂടാകം**
(സി.സി. പ്രസിഡന്റ്)

***ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാമൂഹ്യ സേവന മേഖലയിൽ ഉപയോഗപ്പെടുത്തണം*** **- മാർ ജോസ് പൊരുന്നേടം**

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാമൂഹ്യ സേവന മേഖലയിൽ ഉപയോഗപ്പെടുത്തണമെന്ന് മാനന്തവാടി രൂപത അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ആവശ്യപ്പെട്ടു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2023-2024 വർഷത്തെ വാർഷിക പൊതുയോഗം ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ തലമുറ സാമൂഹ്യ സേവന മാർഗ്ഗത്തിലേക്ക് ഇറങ്ങണമെങ്കിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തണമെന്നും വ്യക്തികളുടെ കഴിവ് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വാർഷിക റിപ്പോർട്ട്, വാർഷിക കണക്കുകൾ എന്നിവ അവതരിപ്പിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ, ബഡ്ജറ്റ്, ഭാവി പ്രവർത്തനങ്ങൾ എന്നിവയും അവതരിപ്പിച്ചു, കൂടാതെ ബയോവിൻ പ്രവർത്തനങ്ങളെ കുറിച്ച് മാനേജിങ് ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, റേഡിയോ മാറ്റൊലിയെ കുറിച്ച് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ കുറിച്ച് ഡയറക്ടർ റവ. ഫാ. ബിനോയ് കാശാംകുറ്റിയിൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. ഭരണസമിതി അംഗങ്ങളായ റവ. ഫാ. സോണി വാഴക്കാട്ട്, റവ. ഫാ. അനുപ് കളിയാനിയിൽ, റവ. ഫാ. ജോണി മലയിൽ, സി. നവ്യ റോസ്, സെബാസ്റ്റ്യൻ പാലംപറമ്പിൽ, പ്രദീപ് മാസ്റ്റർ, ബാലൻ പൂതൂർ, വത്സ കല്ലോടി, ചാക്കോ ചെറുപ്ലാവിൽ, ബിജു ചുങ്കക്കുന്ന്, സിസിലി മാത്യു എന്നിവർ സംസാരിച്ചു.

**ജലസ്രോതസ്സിന്റെ സംരക്ഷണത്തിന് നാട് ഒന്നായി അണി ചേർന്നു**

ജലസംരക്ഷണത്തിന്റെ പ്രസക്തി ഏറെ ഉള്ള ഈ സമയത്ത് ഒരു നാട് മുഴുവൻ ഒന്നായി ഒരു പ്രദേശത്തെ പ്രധാന ജലസ്രോതസ്സിനെ സംരക്ഷിക്കുവാൻ മുന്നോട്ടിറങ്ങി. എടവക ഗ്രാമ പഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട ജലസ്രോതസ്സായ കണ്ടകരണംകൊല്ലി തോടും ചെക്ക്ഡാമും വൃത്തിയാക്കുവാൻ ആ പ്രദേശത്തെ മുന്നൂറോളം പേർ ഒത്തുചേർന്നു. കുട്ടികളും സ്ത്രീകളും യുവജനങ്ങളും അടങ്ങുന്ന മുഴുവൻ ജനവിഭാഗങ്ങളും ഈ മഹാ ഉദ്യമത്തിൽ പങ്കാളികളായി. തോട്ടിലെ മാലിന്യങ്ങൾ നീക്കംചെയ്തും ചെക്ക് ഡാമിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്തും ജലസ്രോതസ്സ് സംരക്ഷിച്ചു. നബാർഡ് എടവക ഗ്രാമപഞ്ചായത്തിൽ പുലിക്കാട് നീർത്തട വികസന സമിതിയുടെ നേതൃത്വത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാങ്കേതിക സഹായത്തോടെ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നീരുറവ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതിയുടെ ജനകീയ ശ്രമദാനം എന്ന രീതിയിലാണ് ജലസ്രോതസ് വൃത്തിയാക്കിയത്. പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ നിർവ്വഹിച്ചു. എടവക ഗ്രാമപഞ്ചായത്ത് മെംമ്പർ ഷിൽസൺ മാത്യു അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ പദ്ധതി വിശദീകരണം നടത്തി. പരിപാടിക്ക് പുലിക്കാട് നീർത്തട കമ്മറ്റി ഭാരവാഹികൾ, പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകൾ, സ്വാശ്രയ സംഘങ്ങൾ, സാമൂഹ്യ സന്നദ്ധ സംഘടനകൾ എന്നിവർ നേതൃത്വം നൽകി.

**സമൃദ്ധകുടുംബം:സാമ്പത്തിക സഹായം വിതരണം ചെയ്തു**

മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബയോവിൻ അഗ്രോ റിസേർച്ചിന്റെ നിസ്തുലമായ സഹായത്തോടുകൂടി കഴിഞ്ഞ 05 വർഷക്കാലമായി നടപ്പിലാക്കി വന്നിരുന്ന സമൃദ്ധകുടുംബം ഒന്നാംഘട്ട പദ്ധതിയിൽ അംഗങ്ങളായ 100 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം വിതരണം ചെയ്തു. സമൂഹത്തിൽ നിർദ്ധനരും നിരാശ്രയരുമായി കഷ്ടപ്പെടുന്ന കുടുംബങ്ങളെ സ്വയം

പര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള പദ്ധതിയാണ് സമൃദ്ധ കുടുംബം. വിവിധങ്ങളായ കാരണങ്ങളാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങൾക്ക് സുസ്ഥിര വരുമാന മാർഗ്ഗവും അന്തസുറ്റ ജീവിതാവസ്ഥയും ഉറപ്പാക്കുക വഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന താണ് സമൃദ്ധകുടുംബം പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയിൽ അംഗമായിരിക്കുന്ന കുടുംബത്തിന് പ്രതിമാസം 1500 രൂപ വീതം 05 വർഷം പദ്ധതി സഹായം നൽകി. കൂടാതെ ഈ അംഗങ്ങളെ ഉൾപ്പെടുത്തി സ്വാശ്രയ സംഘങ്ങളും തുല്യ ബാധ്യതാ സംഘ ങ്ങളും രൂപീകരിച്ച് ബാങ്കുകളിൽ നിന്നും വായ്പകൾ എടുത്ത് വിവിധ വരുമാന മാർഗ്ഗങ്ങൾ ആരംഭിക്കുകയും ചെയ്തു. അഞ്ച് വർഷം പൂർത്തീകരിച്ച കുടുംബങ്ങളുടെ അവസാന ഗഡു തുക വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വിതരണം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോസ് പി. എ അദ്ധ്യ ക്ഷത വഹിച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർ ചിഞ്ചു മരിയ പദ്ധതി വിശദീകരണം നടത്തി. ഫീൽഡ് കോഡിനേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, ഷില്ലി ജോസഫ്, ബിൻസി വർഗ്ഗീസ്, ജിനി ഷിനു എന്നിവർ സംസാരിച്ചു.

***ലോകത്തിന്റെ നിലനിൽപ്പിന് പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കണം - ഡോ. വി. ആർ ഹരിദാസ്***

ലോകത്തിന്റെ നിലനിൽപ്പിന് പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കണമെന്നും ലോകം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ മുഖ്യ വില്ലൻ പ്ലാസ്റ്റിക് ആകുമെന്നും കാരിത്താസ് ഇന്ത്യ ഡൽഹിയിലെ പ്രകൃതി വിഭവ സംരക്ഷണ വിഭാഗം മേധാവിയും പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനുമായ ഡോ. വി. ആർ ഹരിദാസ് ഓർമ്മിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലോക ഭൗമ ദിനത്തിന്റെ ഭാഗമായി നടത്തിയ ശില്പ ശാലയിൽ മുഖ്യ വിഷയം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, പുനചംക്രമണം ചെയ്യുക, ഉപേക്ഷിക്കുക, വീണ്ടും ഉപയോഗിക്കുക എന്നിവയിലൂടെ നമുക്ക് ഭൂമിയെ സംരക്ഷിക്കുവാൻ സാധിക്കും. മൈക്രോ പ്ലാസ്റ്റിക്കുകൾ ഇന്ന് മാരകമായ രോഗങ്ങൾക്ക് വരെ കാരണമാകുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. വയനാട്

സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കേരള ലേബർ മൂവ്മെന്റ് രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ, കോ-ഓർഡി നേറ്റർ റോബിൻ ജോസഫ് എന്നിവർ സംസാരിച്ചു. വിവിധ സോ ഷ്യൽ സർവ്വീസ് സൊസൈറ്റികളിൽ നിന്നുള്ള പ്രതിനിധികൾ, സ്റ്റാഫ്അംഗങ്ങൾ, സോഷ്യൽ വർക്ക് പ്രതിനിധികൾ, എന്നിവർ പങ്കെടുത്തു. പരിപാടിക്ക് പ്രൊജക്റ്റ് ടീം അംഗങ്ങളായ ഷീന ആന്റണി, ആലീസ് സിസിൽ ബിൻസി വർഗ്ഗീസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**യാത്രയയപ്പ് നൽകി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ കഴിഞ്ഞ 06 വർഷമായി സേവ് എ ഫാമിലി പ്ലാൻ, സമൃദ്ധകുടുംബം എന്നീ പദ്ധതികളുടെ പ്രൊജക്റ്റ് കോഡിനേറ്റർ ആയും സ്റ്റാഫ് സെക്രട്ടറി ആയും സേവനം ചെയ്തു വന്നിരുന്ന സിസ്റ്റർ അനിലിറ്റ് പി.വി FCC ക്ക് യാത്രയയപ്പ് നൽകി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറ ക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ ഓഫീസിലെ ഫാമിലി ഡവലപ്പ്മെന്റ് പ്രോഗ്രാം ടീം ലീഡർ റവ. ഫാ. ആന്റണി വട്ടപ്പറ മ്പിൽ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും മൊമന്റോ നൽകുകയും ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കേരള ലേബർ മൂവ്മെന്റ് രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ, മാന ന്തവാടി മുൻസിപ്പാലിറ്റി കൗൺസിലർ ആലീസ് സിസിൽ, ബൊട്ടാ ണിസ്റ്റ് ബിജു.കെ.ജെ, കോ-ഓർഡിനേറ്റർ ചിഞ്ചു മരിയ, ഫീൽഡ് കോഡിനേറ്റർ ഷീന ആന്റണി, ബിൻസി വർഗ്ഗീസ്, പദ്ധതി കുടും ബാംഗങ്ങളായ മിനി ബിജു, ദിൽജ കാപ്പുംചാൽ, മിനി റോയി എന്നി വർ സംസാരിച്ചു. സിസ്റ്റർ അനിലിറ്റ് മറുപടിപ്രസംഗം നടത്തി. പരിപാടിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തകർക്ക് പുറമെ സേവ് എ ഫാമിലി പ്ലാൻ, സമൃദ്ധകുടുംബം പദ്ധതിയിൽ അംഗങ്ങളായവരും പങ്കെടുത്തു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

ദ്വാരക, ചെറുകാട്ടൂർ, പയ്യംമ്പള്ളി, പടമല, ആറാട്ടുത്തറ, തൃശിലേരി, ഒണ്ടയങ്ങാടി, കമ്മന, കണിയാരം, മഞ്ഞൂറ, എടയൂർക്കുന്ന്, മക്കിയാട്, കയ്യൂന്നി, മംഗലശ്ശേരി, കുഞ്ഞോം, തലപ്പുഴ, പ്രശാന്തിഗിരി, കാരയ്ക്കാമല, കോട്ടത്തറ, ഏച്ചപ്പീടിക, ചുങ്കക്കുന്ന്, പാൽച്ചുരം, വാളേരി, വെള്ളൂന്നി, പാറത്തോട്ടം, കൊട്ടിയൂർ, അമ്പായത്തോട്, കബനിഗിരി, പട്ടാണിക്കൂപ്പ്, കണിയാമ്പറ്റ, തവിഞ്ഞാൽ, യവനാർകുളം, കല്ലോടി, മുതിരേരി, പോരൂർ, വലിയകൊല്ലി, മൊതക്കര, എന്നീ സ്ഥലങ്ങളിൽ യൂണിറ്റ് മീറ്റിംഗുകൾ നടത്തി. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, റീജിയണൽ കോ-ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ഷില്ലി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ആശാകിരണം**

പയ്യമ്പള്ളി, തൃശ്ശിലേരി, യവനാർകുളം, ചുങ്കക്കുന്ന്, മംഗലശ്ശേരി, പട്ടാണിക്കൂപ്പ് എന്നീ സ്ഥലങ്ങളിൽ ക്യാൻസർ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഫാ. ജിനോജ് പാലത്തടത്തിൽ, ഫാ. പോൾ കൂട്ടാല, MSW വിദ്യാർത്ഥികളായ ആർദ്ര, ജെറ്റ്ലി, സ്നേഹ എന്നിവർ നേതൃത്വം നൽകി.

**സജീവം**

പാറത്തോട്ടം, പയ്യംമ്പള്ളി, ചെറൂർ, ഒണ്ടയങ്ങാടി, കുഞ്ഞോം, മൊതക്കര, പോരൂർ, എന്നീ സ്ഥലങ്ങളിൽ ലഹരിയെ കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. റീജിയണൽ കോ-ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ബിൻസി വർഗ്ഗീസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**സോപ്പ് ട്രെയിനിംഗ്**

കൽപ്പറ്റ, തലപ്പുഴ, മക്കിമല, പനമരം, തവിഞ്ഞാൽ, ഇരുളം എന്നീ സ്ഥലങ്ങളിൽ സോപ്പുല്പ്പന്നങ്ങളുടെ പരിശീലനം നൽകി. കോർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ഷില്ലി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**SHG രൂപീകരണം**

കാവുമന്ദം, കൽപ്പറ്റ, അരമ്പറ്റക്കുന്ന്, കുറ്റിമൂല, ശാന്തിഗിരി, വാളേരി, തലപ്പുഴ, മാനന്തവാടി, ഇല്ലത്തുമൂല എന്നീ സ്ഥലങ്ങളിൽ ഗ്രൂപ്പുകൾ രൂപീകരിച്ചു.

**ആട് വിതരണം**

ദ്വാരക, കമ്മന, പ്രശാന്തിഗിരി, മംഗലശ്ശേരി, മുതിരേരി എന്നീ യൂണിറ്റുകളിൽ ആട് വിതരണം നടത്തി. റീജിയണൽ കോ-ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2024-2026 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരളടെക്നിക്കൽ എഡ്യുക്കേഷന്റെ പി. എസ്. സി അംഗീകാരത്തോട്കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9482674486, 9048229197 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

**പാരീഷ് ക്യാമ്പ്**

മൂലങ്കാവ് സെന്റ് ജൂഡ് ഇടവകയിൽ സുരക്ഷാക്യാമ്പ് സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. അനീഷ് കാട്ടാംകോട്ടിൽ ഉദ്ഘാടനം ചെയ്തു. ക്ഷേമനിധികളിലും ഇൻഷൂറൻസ് പദ്ധതികളിലുമായി നാൽപത് പേർ അംഗത്വമെടുത്തു. പാരീഷ് കോഡിനേറ്റർ ജോസ് പാലാട്ടി സംഘാടനത്തിന് നേതൃത്വം നൽകി. കെ.എൽ.എം രൂപതാ പ്രസിഡണ്ട് ബിജു പോൾ, പ്രോഗ്രാം കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ, വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു. WSSS വഴി നടപ്പാക്കുന്ന എം.ഇ.ഡി.പി പദ്ധതി പ്രകാരം നഴ്സറി മാനേജ്മെന്റ് പരിശീലനത്തിൽ പങ്കെടുത്ത 25 പേർക്കായി WSSS ൽ വെച്ച് സുരക്ഷാ ക്യാമ്പ് നടത്തി.

**ലേബർ ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനം**

കണിയാമ്പറ്റയിൽ കെ.എൽ.എം ലേബർ ഫെസിലിറ്റേഷൻ സെന്റർ & ജനസേവന കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. രൂപതാ ടീം അംഗം ബേബി നാപ്പള്ളിൽ ഏറ്റെടുത്ത സെന്റർ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ അദ്ധ്യക്ഷനായിരുന്നു. കെ.എൽ.എം ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ, വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹികൾ, ഇൻഷൂറൻസ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ തുടങ്ങി ധാരാളം പേർ പങ്കെടുത്തു.

**ലേബർ ക്വിസിൽ വിജയം**

കെ.എൽ.എം സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടന്ന സംസ്ഥാന തല ലേബർ ക്വിസ് മത്സരത്തിൽ മലബാർ റീജിയണൽ വിജയികളായ പറളിക്കുന്ന് ഇടവകയിൽ നിന്നുള്ള മനോജ് നെല്ലിയാനിയിൽ, ജോബി പുള്ളോലിക്കൽ എന്നിവർ പങ്കെടുക്കുകയും സംസ്ഥാന തലത്തിൽ മാനന്തവാടി രൂപതക്ക് രണ്ടാം സ്ഥാനം നേടിതരികയും ചെയ്തു. വിജയികൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**പാരീഷ് സെമിനാറുകൾ**

സെന്റ് സെബാസ്റ്റ്യൻസ് വിളമ്പുകണ്ടം ഇടവകയിൽ നടന്ന സെമിനാർ ഇടവക വികാരി ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. സെമിനാറിൽ വെച്ച് എഴുപത് വയസ്സിന് മുകളിൽ പ്രായമുള്ള മുഴുവൻ കർഷകരെയും ആദരിക്കുകയും

ഉപഹാരങ്ങൾ നൽകുകയും ചെയ്തു. ഓരോ വാർഡിലും കോഡി നേറ്റർമാരെ തിരഞ്ഞെടുക്കുകയും പാരീഷ് ക്യാമ്പിനുള്ള സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പാരീഷ് കോഡിനേറ്റർ മാരായ ബിനോയി കുമ്പളങ്ങി, ജിനു ചെറിയാൻ മാക്കിയിൽ എന്നിവർ നേതൃത്വം നൽകി.

നടവയൽ ഹോളിക്രോസ് ഇടവകയിൽ നടന്ന സെമിനാർ ഇടവക വികാരി ഫാ. ഗർവ്വാസിസ് മറ്റം ഉദ്ഘാടനം ചെയ്തു. കെ. എൽ. എം രൂപതാ ഡയറക്ടർ ക്ലാസെടുത്തു. പാരീഷ് കോഡിനേറ്റർ ബിനു പാറാനിയിൽ നേതൃത്വം നൽകി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ വാർഡ് കോഡിനേറ്റർമാരെ തിരഞ്ഞെടുക്കാൻ തീരുമാനിക്കുകയും അഞ്ച് പേരടങ്ങുന്ന ഇടവക സമിതിക്ക് രൂപം നൽകുകയും ചെയ്തു.

**മൈനോറിട്ടി ക്ഷേമപദ്ധതികൾ-പഠന സെമിനാർ**

സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ വഴി ലഭ്യ മാക്കുന്ന പദ്ധതികളെ കുറിച്ച് മേഖല തിരിച്ച് സെമിനാർ സംഘ ടിപ്പിക്കുന്നു. ഒരു ഇടവകയിൽ നിന്നും താത്പര്യമുള്ള 10 പേർക്ക് വീതം പങ്കെടുക്കാം. പാരീഷ് കോഡിനേറ്റർമാർ വഴി 50 രൂപ ഫീസ് സഹിതം പേര് രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ അനു സരിച്ച് മറ്റ് വിശദാംശങ്ങൾ അറിയിക്കുന്നതാണ്.

**സംസ്ഥാന എക്സിക്യൂട്ടീവ്**

എറണാകുളം പി.ഒ.സി യിൽ ചേർന്ന സംസ്ഥാന എക്സിക്യൂ ട്ടീവ് മീറ്റിംഗിൽ രൂപതാ ഡയറക്ടറും പ്രസിഡണ്ട് ബിജു പോളും സംബന്ധിച്ചു.

**സുവർണ്ണ ജൂബിലി കൂപ്പൺ വിജയികൾ**

സംസ്ഥാന തലത്തിൽ നടത്തിയ കൂപ്പൺ നറുക്കെടുപ്പിൽ നമ്മുടെ രൂപതയിൽ നൽകിയ 09544 & 088839 എന്നീ നമ്പറു കൾക്ക് യഥാക്രമം ഗ്രൈന്ററും പ്രീതി മിക്സിയും സമ്മാനമായി ലഭിച്ചിട്ടുണ്ട്. കൂപ്പൺ വിതരണത്തിന് സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് സ്കീമായ സ്വാവലംബൻ പദ്ധതിയിൽ ചേർന്ന 18 പേർക്ക് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് റിട്ട യർമെന്റ് തുക ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു.

**രജിസ്ട്രേഷൻ**

പുതിയതായി തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്ന വരുടെ ഇന്റർവ്യൂ മെയ് 21 ന് ക്ഷേമനിധി ഓഫീസിൽ നടക്കും.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. NABARD - OFFD "Home Health Aide" ട്രെയിനിംഗ് പ്രോഗ്രാം**

**"Home Health Aide' ട്രെയിനിംഗ് പ്രോഗ്രാം:** നബാർഡിന്റെ സഹായത്തോടുകൂടി NDS നടപ്പിലാക്കിയ Home Health Aide" എന്ന കോഴ്സിൽ 30 പേരുടെ ആദ്യ ബാച്ചിന്റെ 67 ദിവസത്തെ പരിശീലനം 2024 മെയ് 4-ാം തീയതിയോടെ വിജയകരമായി പൂർത്തിയാക്കി. NDS ഡയറക്ടർ ബിനോയി കാശാംകുറ്റിയിൽ അച്ചന്റെ മേൽനോട്ടത്തിൽ, കോഴ്സിന്റെ മുഖ്യ പരിശീലക ജിൻസി ജോയിയുടെ നേതൃത്വത്തിലാണ് HHA പരിശീലന ക്ലാസ്സുകൾ പൂർത്തിയാക്കിയത്. വൃദ്ധജന, രോഗീ പരിചരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് പ്രഗത്ഭരായ ആളുകളുടെ നേതൃത്വത്തിലാണ് ക്ലാസ്സുകൾ നൽകിയത്. ഇതിനുപുറമേ ഗൂഡല്ലൂർ ഗവൺമെന്റ് ആശുപത്രിയിലും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, Old Age ഹോമുകളിലും പ്രായോഗികമായ പരിശീലനവും നൽകി.

**NABARD HHA Certificate Distribution:** നബാർഡിന്റെ സഹായത്തോടെ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ തൊഴിൽ പരിശീലന പരിപാടിയായ "Home Health Aide" എന്ന കോഴ്സിന്റെ പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിൽ നിന്നുമായി 30 സ്ത്രീകളാണ്, 67 ദിവസങ്ങൾ നീണ്ടുനിന്ന ഈ പരിശീലനം പൂർത്തിയാക്കി വിശിഷ്ടാതിഥികളിൽനിന്നും സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങിയത്.

2024 മെയ് 10-ാം തീയതി ഗൂഡല്ലൂർ, അധികാരിവയിലിലുള്ള NDS ഓഡിറ്റോറിയത്തിൽ വെച്ച് NDS ന്റെ 15-ാം വാർഷികവും, HHA ട്രയിനിംഗിന്റെ സമാപന സമ്മേളനവും നടത്തപ്പെട്ടു. മാനന്തവാടി രൂപതയുടെ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിന്, നബാർഡ് കോയമ്പത്തൂർ DDM ശ്രീ. തിരുമലൈ റാവു അവർകൾ വിശിഷ്ടാതിഥി

ആയിരുന്നു. കൂടാതെ, നബാർഡ് റീജിയണൽ ഓഫീസ് സ്റ്റാഫ് ശ്രീ. സൂരജ് കുമാർ പ്രജാപതി, ശ്രീ. രവി കനറാ ബാങ്ക് കോയമ്പത്തൂർ, ഗൂഡല്ലൂർ ഗവൺമെന്റ് ഹോസ്പിറ്റൽ സ്റ്റാഫ് നേഴ്സ് ശ്രീ. കുടിയരസൻ, നീലഗിരി റീജിയണൽ വികാർ ഫാ. ബിജു പൊൻപാറയ്ക്കൽ, ഡോ. കണ്ണൻ എന്നിവർ ഹോം ഹെൽത്ത് എയ്ഡ് പരിശീലനം പൂർത്തിയാക്കിയവർക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ സമ്മേളനത്തിന് സ്വാഗതം ആശംസിക്കുകയും, NDS സ്റ്റാഫ് ശ്രീ. ജൂഡ് മാർട്ടിൻ നന്ദി അർപ്പിക്കുകയും ചെയ്തു.

NDS വാർഷീക സമ്മേളനത്തിന്റെ ഭാഗമായി, വാർഷീക റിപ്പോർട്ടും, Home Health Aide Course -ന്റെ പ്രത്യേക റിപ്പോർട്ടും അവതരിപ്പിച്ചു. കൂടാതെ പരിശീലനം പൂർത്തിയാക്കിയവരുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും റിപ്പോർട്ടുകളും വേദിയിൽ അവതരിപ്പിക്കപ്പെട്ടു. NDS വിമലഗിരി, ധർമ്മഗിരി, ബോസ്പാറ, കയ്യൂന്നി, കൽപ്ര യൂണിറ്റുകളിൽനിന്നും ഭാരവാഹികളും അംഗങ്ങളും, Home Health Aide കോഴ്സിന്റെ പരിശീലനം പൂർത്തിയാക്കിയവരുടെ കുടുംബാംഗങ്ങളും സമ്മേളനത്തിൽ പങ്കെടുത്തു. NDS സ്റ്റാഫംഗങ്ങളായ ഫാ. അനൂപ് വർഗീസ്, ശ്രീ. ജോഷി, സി. സിജി CMC, ശ്രീമതി ജിൻസി ജോയി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**NABARD HHA:** PMRC Meeting നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കിയ Home Health Aide കോഴ്സിന്റെ പരിശീലനപരിപാടിയുടെ പ്രവർത്തനങ്ങളെ നേരിട്ടുകണ്ട് മനസ്സിലാക്കുന്നതിനും, വിലയിരുത്തുന്നതിനുമായി NABARD DDM തിരു. തിരുമലൈ റാവു അവർകൾ 10.05.2024 ന് NDS ഓഫീസിൽ വരികയും പരിശീലനം നേടികൊണ്ടിരിക്കുന്നവരുമായി മീറ്റിംഗ് നടത്തുകയും, കോഴ്സിനെകുറിച്ചും, അതിന്റെ നടത്തിപ്പിനെകുറിച്ചും അവരുടെ അഭിപ്രായങ്ങൾ ചോദിച്ചറിയുകയും ചെയ്തു. തുടർന്ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, NABRD R.O സ്റ്റാഫ് ശ്രീ. സൂരജ് കുമാർ പ്രജാപതി, സ്റ്റാഫംഗങ്ങളായ ജോഷി, ജൂഡ് മാർട്ടിൻ എന്നിവരുമായി PMRC മീറ്റിംഗ് നടത്തുകയും കോഴ്സിന്റെ നടത്തിപ്പിനെകുറിച്ച് ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തു.

**2. മേഖലാ ഇവാലുവേഷൻ മീറ്റിംഗ്**

2024 ഏപ്രിൽ മാസം 20-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ഈ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് മേഖല ഓഫീസിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിങ്ങിന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ നേതൃത്വം കൊടുത്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, NDS ചീഫ് ട്രെയിനർ ജൂഡ് മാർട്ടിൻ എന്നിവർ സംസാരിച്ചു. പെരിയ ശോല, വിമലഗിരി, കൽപ്ര, ധർമ്മഗിരി, ബോസ്പാറ, കയ്യൂന്നി യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യൂണിറ്റ് പ്രതിനിധികൾ കഴിഞ്ഞ രണ്ടുമാസത്തെ യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. NDS-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന NABARD JLG, Home Health Aide Skill Training Programme കളുടെ പുരോഗതിയെകുറിച്ച് അച്ചൻ സംസാരിച്ചു. കൂടാതെ മെയ് മാസത്തിൽ യൂണിറ്റുകളുടെ ഓഡിറ്റിംഗ് നടത്തണമെന്ന് അറിയിച്ചു. മെയ് മാസം 10-ാം തീയതി നടക്കുന്ന NDS ന്റെ മേഖലാ വാർഷികാഘോഷത്തിലും, HHA കോഴ്സിന്റെ സമാപന സമ്മേളനത്തിലും ഒരു യൂണിറ്റിൽ നിന്നും 10 അംഗങ്ങളെ പങ്കെടുപ്പിക്കണമെന്നും ഇവാലുവേഷൻ മീറ്റിംഗിൽ നിർദ്ദേശിക്കുകയും ചെയ്തു.

**3. Staff Meeting**

2024 ഏപ്രിൽ 22, 29 തീയതികളിലും മെയ് 06, 20 തീയതികളിലും രാവിലെ 9:30ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS സ്റ്റാഫംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി, സി. സിജി CMC, ജിൻസി ജോയി എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. കഴിഞ്ഞ ആഴ്ച്ചയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് വരുന്ന ആഴ്ച്ചകളിൽ നടപ്പിലാക്കേണ്ട വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**4. Internship & NGO Experience Training**

സി.എം.സി സഭാംഗമായ സി. സിജി 2023 ഒക്ടോബർ 1 മുതൽ 2024 മെയ് 10 വരെ 7 മാസക്കാലം NGO Experience Training NDS ൽ പൂർത്തിയാക്കി. പാലേമാട് SVPK കോളേജിൽ പഠിക്കുന്ന MSW

വിദ്യാർത്ഥി ഫാ. നിഷ്വിൻ ഒരു മാസത്തെ ഫീൽഡ് വർക്ക് പരിശീലനവും പൂർത്തിയാക്കി. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി. പരിശീലനത്തിന്റെ ഭാഗമായി ദേവാല, കരിയശോല പ്രദേശങ്ങൾ സന്ദർശിക്കുകയും SAF പ്രോജക്ടിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരുടെ വിവരശേഖരണം നടത്തുകയും ചെയ്തു. കൂടാതെ ബോസ്പാറ, കൽപ്ര, കയ്യൂന്നി യൂണിറ്റുകൾ സന്ദർശിച്ച് വിവിധ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ എടുക്കുകയും, യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു. നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുന്ന ആടുവളർത്തൽ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും പഠനം നടത്തുകയും ചെയ്തു.

ഈ ട്രെയിനിംഗിന്റെ സമാപനം 10.05.2024 ന് NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. വിദ്യാർത്ഥികൾ ഈ നാളുകളിൽ അവർക്ക് ലഭിച്ച പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അവർക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നീലഗിരി റീജിയണൽ വികാർ ഫാ. ബിജു പൊൻപാറയ്ക്കൽ അവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

**5. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവീസ്**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തിന്റെ ഭാഗമായി നടപ്പാക്കുന്ന നീലഗിരി റിജിയൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും, കരുണൈ ആംബുലൻസ് സർവീസിന്റെയും പ്രവർത്തനങ്ങൾ.

**പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ**

ഈ മാസം പാട്ടവയൽ, കൊട്ടാട്, പൊന്നാനി, ബെക്കി, കയ്യൂന്നി പ്രദേശങ്ങളിൽ സഹായം ആവശ്യമുള്ള 14 രോഗികളെ അവരുടെ ഭവനങ്ങളിൽ എത്തി ആവശ്യമായ രോഗീപരിചരണവും, ശുശ്രൂഷയും നല്കി.

### Ambulance Service

ആംബുലൻസിന്റെ സഹായം ആവശ്യമുള്ള രോഗികൾക്ക് പാട്ടവയലിൽ നിന്നും ബത്തേരി, കുന്നലാടി, ഗൂഡല്ലൂർ, ഊട്ടി എന്നീ സ്ഥലങ്ങളിലേക്ക് യാത്രാ സഹായം നൽകി 8 രോഗികളെ സഹായിച്ചു.

### 6. Tharang Animation Services and Counselling Centre

"Tharang Animation Services and Counselling Centre" ന്റെ നേതൃത്വത്തിൽ ഈ മാസം ഒരു കൗൺസിലിംഗും, Follow up കളും നടത്തപ്പെട്ടു. ഇതിനുപുറമേ 30/04/2024 ന് NDS -ന്റെ നേതൃത്വത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഹോം ഹെൽത്ത് എയ്ഡ് പ്രോഗ്രാമിൽ ശ്രുതി കെ. മാർട്ടിൻ മാനസിക ആരോഗ്യം എന്ന വിഷയത്തിൽ ക്ലാസുകൾ നയിച്ചു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം , പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണന ത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറി ക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായു ള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSA 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവ-സുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിനിൽ ചേർന്ന് പ്രവർ ത്തിക്കാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായ ത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര - ജൈവമാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

ജൈവ ഉത്പ്പന്നങ്ങളായി വിപണനം നടത്തുന്നതിന് ഇന്ത്യൻ ഗവണ്മെന്റ് മാനദണ്ഡമായി നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ പ്രകാരമുള്ള സർട്ടിഫിക്കേഷൻ പുതുക്കൽ ഓഡിറ്റ് 06 ICS കളിൽ പൂർത്തീകരിച്ചു. സോക്കയിൽ നിന്നും ശ്രീ. ദിപേഷ്, ശ്രീ.സുർജിത് കുമാർ എന്നിവർ ഓഡിറ്റുകൾക്ക് നേതൃത്വം നൽകി.

**USDA-NOP ഓഡിറ്റ് പൂർത്തീകരിച്ചു**

ഉത്പന്നങ്ങൾ അമേരിക്ക - കാനഡ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനാവശ്യമായ USDA - NOP മാനദണ്ഡപ്രകാരമുള്ള ഓഡിറ്റ്, ബയോ പനമരം, ബയോ തിരുനെല്ലി എന്നീ ICS കളിൽ പൂർത്തീകരിച്ചു. സർട്ടിഫിക്കേഷൻ ഏജൻസിയായ എക്കോസെർട്ടിൽ നിന്നും ശ്രീ. കിരൺ ഗൗഡ, ഓഡിറ്റിന് നേതൃത്വം നൽകുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സെമിനാറുകൾ സംഘടിപ്പിച്ചു**

കഫേ സംഘടനയിൽ ഉൾപ്പെടുന്ന കർഷകർക്കായി ഏകദിന സെമിനാറുകൾ സംഘടിപ്പിച്ചു. ബയോവിൻ ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ, കഫേ ചെയർമാൻ ഫാ.ബിനു പൈനുങ്കൽ, ശ്രീ.ഷാജി ജോസ്, ശ്രീ.ജോജോ ജോസഫ്, ശ്രീ. ക്രിസ്റ്റി ബെന്നി എന്നിവർ സെമിനാറുകൾ നയിക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഫീൽഡ് കോർഡിനേറ്റർമാരായ ശ്രീ.അനു ജോൺ, ശ്രീമതി. സ്വപ്ന, ശ്രീമതി. പ്രജിത, ശ്രീമതി. ഷീബ ഷിജു, ശ്രീമതി. ടിന്റു ബിനു, ശ്രീ. മനു എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും കർഷകരെ ഏകോപിപ്പിക്കു

കയും ചെയ്തു. ചെറുകാട്ടൂർ, കല്ലുവയൽ, കാട്ടിമൂല, തവിഞ്ഞാൽ, അഞ്ചുകുന്ന്, മലങ്കര, കല്ലോടി, പേരിയ, കമ്മന, തോണിച്ചാൽ, നിരവിൽപുഴ, പുതുശ്ശേരി, കൊമ്മയാട്, മാനന്തവാടി, ചേലൂർ, പനവല്ലി, തൃശ്ശിലേരി, മൊതക്കര, പയ്യമ്പള്ളി, പടമല, നെല്ലാക്കോട്ട, ചേരങ്കോട് എന്നിവിടങ്ങളിൽ വച്ച് നടന്ന സെമിനാറുകളിൽ 3000 ത്തോളം കർഷകർ പങ്കെടുത്തു.

**വേപ്പിൻ പിണ്ണാക്ക് വിതരണം ചെയ്തു**

കഫെ സംഘടനയിൽ ഉൾപ്പെട്ട കർഷകർക്കായി വേപ്പിൻ പിണ്ണാക്ക് വിതരണം നടന്നുവരുന്നു. കർഷകരുടെ കൃഷിയിട വ്യാപ്തിക്ക് ആനുപാതികമായാണ് വിതരണം ചെയ്യുന്നത്. മാനന്തവാടി, പനമരം, എടവക എന്നീ പഞ്ചായത്തുകളിലെ വിതരണം ഇതിനോടകം പൂർത്തീകരിച്ചു.

**സംഭരണം**

ഏപ്രിൽ മാസം കർഷകരിൽ നിന്നും 225378 കിലോ ഉണക്ക കാപ്പി കിലോയ്ക്ക് 223 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**റേഡിയോ പ്രോഗ്രാം പ്രൊഡക്ഷൻ ട്രെയിനിംഗ്**

റേഡിയോ പ്രോഗ്രാം തയ്യാറാക്കി അവതരിപ്പിക്കുന്നതിനുള്ള ഒരാഴ്ചത്തെ ട്രെയിനിംഗ് മാറ്റൊലിയിൽ സംഘടിപ്പിച്ചു. വണ്ടൂർ സഹ്യ ആർടസ് & സയൻസ് കോളേജിലെ വിദ്യാർത്ഥികളും പ്രോഗ്രാം പ്രൊഡ്യൂസേഴ്സും വോളണ്ടിയേഴ്സും ഏപ്രിൽ 22 മുതൽ 26 വരെ നടന്ന ട്രെയിനിംഗിൽ പങ്കെടുത്തു. വണ്ടൂർ സഹ്യ ആർടസ് & സയൻസ് കോളേജിലെ വിദ്യാർത്ഥികളായ ജാനിഷ് എൻ കെ, മുഹമ്മദ് ഹാമിർ, മുഹമ്മദ് ഷഹബാസ്, മിഹ്റാസ് പി.കെ എന്നിവരാണ് ഏപ്രിൽ 22 മുതൽ 26 വരെ ഒരാഴ്ചത്തെ ട്രെയിനിംഗിൽ പങ്കെടുത്തത്.

**സന്ദർശനം**

സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, അസി. ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ എന്നിവർ ജൻവാണി 90.8 എഫ്.എം റേഡിയോ സ്റ്റേഷൻ സന്ദർശിച്ചു. അമേരിക്കൻ നാഷണൽ റേഡിയോയുടെ കോർഡിനേറ്റർ ദിയ ഹാഡിഡ് ഏപ്രിൽ 25 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**തത്സമയ പ്രക്ഷേപണം**

ലോക്സഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് വിവിധ പോളിംഗ് സ്റ്റേഷനുകളിൽ നിന്ന് വിവരങ്ങൾ തത്സമയം പ്രക്ഷേണം ചെയ്തു. പ്രോഗ്രാം പ്രൊഡ്യൂസേഴ്സും വോളണ്ടിയേഴ്സും നേതൃത്വം നൽകി.

**പങ്കാളിത്തം**

ഏപ്രിൽ 30 ന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വെച്ച് നടന്ന ജനറൽ ബോഡി മീറ്റിംഗിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. വരൾച്ച ലഘൂകരണ പ്രവർത്തനങ്ങളും, മഴക്കാല മുന്നൊരുക്കങ്ങളും ചർച്ച ചെയ്യുന്നതിനായി ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ സിവിൽ സ്റ്റേഷനിൽ ചേർന്ന യോഗത്തിൽ മാറ്റൊലിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം പ്രൊഡ്യൂസർ ജോബിഷ് ജോസ് പങ്കെടുത്തു.

**നന്ദി**

ജില്ലയിൽ നിന്നും പ്രൊമോഷനായി ഹൈദരാബാദിലേക്ക് പോകുന്ന നബാർഡ് അസി. ജനറൽ മാനേജർ ജിഷ വടക്കുപറമ്പിലിന് മെയ് 09 ന് യാത്രയയപ്പ് നൽകി.

**സ്വാഗതം**

നബാർഡ് ജില്ലാ ജനറൽ മാനേജരായി പുതിയതായി ചാർജ് ഏറ്റെടുത്ത ശ്രീ. ആനന്ദിന് മെയ് 09 ന് സ്വീകരണം നൽകി.

**ഗ്രാമ മാറ്റൊലി**

എടവക പഞ്ചായത്തിലെ പയിങ്ങാട്ടിരി ഗ്രാമത്തിൽ ഗ്രാമ മാറ്റൊലി സംഘടിപ്പിച്ചു. പയിങ്ങാട്ടിരി ജി.എൽ. സ്കൂളിൽ നടന്ന പരിപാടി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി ഉദ്ഘാടനം ചെയ്തു. എട്ടാം വാർഡ് മെമ്പർ എം. പി വത്സൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി സ്വാഗതം ആശംസിച്ചു. വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു. ഫാ. ബിവാൾഡിൻ, റെനീഷ് ആര്യപ്പള്ളിൽ, പ്രോഗ്രാം പ്രൊഡ്യൂസേഴ്സ്, ഇന്റേൺസ് എന്നിവർ നേതൃത്വം നൽകി.

**ഇന്റേൺഷിപ്പ്**

ചങ്ങനാശ്ശേരി എസ്. ബി കോളേജിലെ രണ്ടാം വർഷ ബി. എ ഇംഗ്ലീഷ് ജേർണലിസം വിദ്യാർത്ഥിയായ സിൽഡ സെബാസ്റ്റ്യൻ മെയ് 6 മുതൽ ഒരു മാസത്തെ ഇന്റേൺഷിപ്പിന് ജോയിൻ ചെയ്തു. ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ അക്ഷയ കെ, അമൃത എം, നിദിഷ സി, കാവ്യ പ്രകീർത്ത് എന്നിവർക്ക് സർട്ടിഫിക്കറ്റ് നൽകി.

**വോളണ്ടിയേഴ്സ്**

സാന്ദ്ര സാജു, സന്ധ്യ ഒ. ജി, ഏയ്ഞ്ചൽ വർഷ, ഹെലൻ റോസ് തോമസ് എന്നിവർ പുതിയ വോളണ്ടിയേഴ്സ് ആയി ജോയിൻ ചെയ്തു.

**പ്രത്യേക പ്രക്ഷേപണ പരിപാടികൾ**

കൂട്ടിരിക്കുന്നവരുടെ കൂട്ടായ്മ എന്ന പേരിൽ പാലിയേറ്റീവ് ദിന പ്രത്യേക പരിപാടിയും നഴ്സസ് ദിനത്തിന് സാന്ത്വനത്തിന്റെ വെൺപ്രാവുകൾ എന്ന പ്രോഗ്രാമും പ്രക്ഷേപണം ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ റേഡിയോ മാറ്റൊലി

**May 2024**

Dr. Maria Martin Joseph, Principal, retired from the college after 28 years of service on 30th April 2024. Dr Shaju P P, Associate Professor, Department of Journalism, was appointed as the Principal in-charge with effect from 1st May 2024.

The NAAC (National Assessment and Accreditatio Council) Peer Team visited the College for the 4th Cycle of Accreditation on May 9 &10, 2024.

The Peer Team comprised Prof M G Sethuraman (Dean, School of Sciences & Professor of Chemistry, Gandhigram Rural Institute, Dindigul, Tamil Nadu); Prof P C Pattanaik, (Professor, Modern Indian Languages and Literary Studies, University of Delhi); and Dr. S. Krishnama Raju (Former Principal, Saket College of Arts, Science and Commerce, Kalyan, Maharashtra).

The process of assessment began with an in-depth interaction with the principal Dr. Shaju P. P and with the heads of departments. A luncheon meeting was hosted for the dignitaries at the Bishop's House by His Excellency Rt. Rev. Dr. Jose Porunnedom, (Bishop, Diocese of Mananthavady and Patron of the college). Msgr. Dr. Paul Mundolickal (Manager), Rev Fr Sibichan Chelakkapallil (Associate Manager), members of the Board of Governors and other dignitaries attended the meeting.

The Peer Team assessed and evaluated the curricular, research, extension activities as well as infrastructure and learning facilities of the college. They interacted with IQAC, teaching and administrative staff, students, alumni, and parents. They also visited and assessed the academic facilities, administrative and support servi ces. As part of the visit, students displayed an hour long enthralling cultural programme celebrating the diversity of our country.

The files and other documents as per the NAAC requirements were thoroughly verified by the team. The final report was handed over to The Principal in the exit meeting held on 10th May 2024.

The Governing Body, Management, Principal, various committee convenors, teaching and administrative staff, stude nts, parents, alumni and well wishers actively cooperated for the successful conduct of the two day visit. The assessment and accreditation process including the Peer Team visit have enabled Mary Matha Arts and Science College to fine polish its academic capabilities as an institution of excellence.

**Dr Shaju P. P**
Principal In- charge

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## വിദ്യാലയ വാർത്തകൾ

മാനന്തവാടി രൂപതാ കോർപ്പറേറ്റ്വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ പരീക്ഷകളിൽ ഉജ്ജ്വല വിജയം നേടിക്കൊണ്ട് അഭിമാനകരമായ നേട്ടങ്ങൾക്ക് അർഹരായി. കഴിഞ്ഞ അധ്യയനവർഷത്തെ SSLC പരീക്ഷയിൽ വിദ്യാലയങ്ങൾ 100 ശതമാനം വിജയം കരസ്ഥമാക്കുകയും അനേകം വിദ്യാർത്ഥികൾ മുഴുവൻ വിഷയങ്ങൾക്കും A+ നേടുകയും ചെയ്തു. പ്ലസ് ടൂ വിഭാഗത്തിലും വിജയശതമാനം ഉയർത്തുവാൻ കഴിഞ്ഞു. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിൽ LSS, USS സ്കോളർഷിപ്പ് കരസ്ഥമാക്കി വിദ്യാലയങ്ങൾ യശസ്സുയർത്തി.

### എൽ. പി വിഭാഗം

### I ദേവമാതാ എ. എൽ. പി സ്കൂൾ, ആടിക്കൊല്ലി

LSS പരീക്ഷയിൽ 7 വിദ്യാർത്ഥികൾ സ്കോളർഷിപ്പ് നേടി. വിദ്യാർത്ഥികൾക്ക് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു. വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു.

### II സെന്റ് തോമസ് എൽ. പി സ്കൂൾ, അരിഞ്ചേർമല

കുഞ്ഞുവായനയ്ക്ക് അവധിയില്ല എന്ന പേരിൽ മലയാള മധുരം പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിദ്യാലയത്തിന്റെ പെയിന്റിംഗ് ജോലികൾ പൂർത്തിയാക്കി. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. ബത്‌ലഹേം ബീറ്റ്സ് കരോൾഗാന മത്സരത്തിന്റെ സമ്മാനം സദ്ഗമയുടെ വേദിയിൽവെച്ച് ഏറ്റുവാങ്ങി.

### III എ. എൽ. പി സ്കൂൾ, കണിയാരം

അധ്യാപകർ മുഴുവൻ വിദ്യാർത്ഥികളുടെയും ഭവനങ്ങൾ സന്ദർശിച്ചു. വിദ്യാർത്ഥികൾക്ക് വായനയ്ക്കായി ലൈബ്രറി പുസ്തകങ്ങൾ കൈമാറി.

### IV സെന്റ് ജോർജ് എൽ. പി സ്കൂൾ, കൊളവയൽ

വിദ്യാർത്ഥികളുടെ വായനാശീലം വളർത്തുന്നതിനായി

ആരംഭിച്ച വായനാമൃതം പരിപാടിയുടെ ഭാഗമായി ലൈബ്രറി പുസ്തകങ്ങൾ നൽകി. ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുകയും അവർക്കായി വായന കാർഡുകൾ നൽകുകയും ചെയ്തു.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ, വാഴവറ്റ**

കുഞ്ഞുവായനയ്ക്ക് അവധിയില്ല എന്ന പേരിൽ മലയാള മധുരം പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി.

**VI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ, ഏലപ്പീടിക**

വിദ്യാർത്ഥികളുടെ വായനാശീലം വളർത്തുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു. വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി.

**VII സെന്റ് പോൾസ് എൽ. പി സ്കൂൾ, പുതിയിടംകുന്ന്**

അവധിക്കാല പഠനപ്രവർത്തനങ്ങൾ കൃത്യമായി നടന്നുവരുന്നു. മലയാള മധുരം പ്രവർത്തനങ്ങൾ തുടരുന്നു. വായിക്കുന്ന പുസ്തകങ്ങൾ വ്യത്യസ്ത വ്യവഹാരരൂപങ്ങളായി വിദ്യാർത്ഥികൾ അവതരിപ്പിക്കുന്നു.

**VIII സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ, ഒണ്ടയങ്ങാടി**

മലയാള മധുരം പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കും അമ്മമാർക്കും പുസ്തകങ്ങൾ വിതരണം ചെയ്തു. കുട്ടികൾക്ക് വായനയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് അമ്മ വായന സഹായകരമായി.

**IX സെന്റ് തോമസ് എൽ. പി സ്കൂൾ, നടവയൽ**

7 വിദ്യാർത്ഥികൾ LSS പരീക്ഷയിൽ സ്കോളർഷിപ്പ് കരസ്ഥമാക്കി. സന്മാർഗം പരീക്ഷയിൽ രൂപതാതലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. സ്കൂൾ അഡ്മിഷൻ ആരംഭിച്ചു.

**X സെന്റ് സെബാസ്ററ്യൻസ് എൽ. പി സ്കൂൾ, പോരൂർ**

കുഞ്ഞുവായനയ്ക്ക് അവധിയില്ല എന്ന ലക്ഷ്യവുമായി മധുരം മലയാളം പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോളനികൾ ഉൾപ്പെടെ വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി.

**യു. പി വിഭാഗം**

**I സെന്റ് ആന്റണീസ് യു. പി സ്കൂൾ, കോട്ടത്തറ**

SEVEN 7 SEVEN എന്ന പേരിൽ അവധിക്കാലത്ത് നട

ത്തിയ ഇംഗ്ലീഷ് വാർത്ത അവതരണം ശ്രദ്ധേയമായി. വിദ്യാർത്ഥികൾക്ക് വായനയ്ക്കായി ലൈബ്രറി പുസ്തകങ്ങൾ വീടുകളിൽ വിതരണം ചെയ്തു.

**II സെന്റ് തോമസ് എ. യു. പി സ്കൂൾ, ഇടിവണ്ണ**

ക്ലാസ് ഗ്രൂപ്പുകളിലൂടെ അവധിക്കാല പ്രവർത്തനങ്ങൾ കൊടുത്തു. സ്കൂൾ തുറക്കുന്നതിന്റെ മുന്നോടിയായി വിദ്യാലയവും പരിസരവും വൃത്തിയാക്കി. വിദ്യാലയത്തിന്റെ പെയിന്റിംഗ് പൂർത്തിയാക്കി.

**III അസംപ്ഷൻ എ. യു. പി സ്കൂൾ, ബത്തേരി**

സർവീസിൽനിന്നും വിരമിക്കുന്ന അധ്യാപികക്ക് യാത്രയയപ്പ് നൽകി. LSS പരീക്ഷയിൽ 12 വിദ്യാർത്ഥികളും USS പരീക്ഷയിൽ മൂന്ന് വിദ്യാർത്ഥികളും സ്കോളർഷിപ്പ് കൈവരിച്ചു. സന്മാർഗ്ഗശാസ്ത്ര പരീക്ഷയിൽ രൂപതാതലത്തിൽ മൂന്നാം റാങ്ക് നേടി. പുതിയതായി ആരംഭിച്ച പ്രീ പ്രൈമറി വിഭാഗം ഉദ്ഘാടനം ചെയ്തു.

**IV സെന്റ് തോമസ് എ. യു. പി സ്കൂൾ, മുള്ളൻകൊല്ലി**

LSS പരീക്ഷയിൽ ഒരു വിദ്യാർത്ഥിയും USS പരീക്ഷയിൽ രണ്ട് വിദ്യാർത്ഥികളും സ്കോളർഷിപ്പ് കരസ്ഥമാക്കി.

**V അമ്പായത്തോട് യു. പി സ്കൂൾ**

സിവിൽ സർവീസ് പരീക്ഷയിൽ ഉന്നത വിജയം നേടിയ പൂർവ വിദ്യാർത്ഥിയെ ആദരിച്ചു. ഒരു വിദ്യാർത്ഥി USS സ്കോളർഷിപ്പിന് അർഹനായി. അഡ്മിഷന്റെ ഭാഗമായി അധ്യാപകർ ഭവന സന്ദർശനങ്ങൾ നടത്തി.

**VI സെന്റ് ആന്റണീസ് യു. പി സ്കൂൾ, പഴൂർ**

വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. LSS, USS വിജയികളെ ആദരിച്ചു. മധുര മലയാളത്തിന്റെ ഭാഗമായി വ്യത്യസ്ത പഠന പ്രവർത്തനങ്ങൾ നൽകി വരുന്നു.

**VII സെന്റ് ജോസഫ്സ് യു. പി സ്കൂൾ, കല്ലോടി**

കുഞ്ഞുവായനയ്ക്ക് അവധിയില്ല എന്ന പേരിൽ മലയാള മധുരം പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉദയ വായനശാലയുടെ നേതൃത്വത്തിൽ പുസ്തകവിതരണം നടത്തി. LSS, USS സ്കോളർഷിപ്പിന് രണ്ടു വിദ്യാർത്ഥികൾ വീതം അർഹരായി. വിവിധയിനത്തിൽ വിദ്യാർത്ഥികളും വിദ്യാലയവും കരസ്ഥമാക്കിയ സമ്മാന

ങ്ങൾ സദ്ഗമയയുടെ വേദിയിൽ ഏറ്റുവാങ്ങി.

**VIII സെന്റ് മേരീസ് എ. യു. പി സ്കൂൾ, തരിയോട്**

വിദ്യാലയത്തിലെ സ്മാർട്ട് ക്ലാസ്സ്മുറികൾ ഉദ്ഘാടനം ചെയ്തു. LSS പരീക്ഷയിൽ 13 വിദ്യാർത്ഥികളും USS പരീക്ഷയിൽ രണ്ട് വിദ്യാർത്ഥികളും സ്കോളർഷിപ്പിന് അർഹരായി. LSS പരീക്ഷയിൽ ജില്ലയിൽ ഒന്നാം സ്ഥാനം വിദ്യാലയം കരസ്ഥമാക്കി.

**IX സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ, പാടിച്ചിറ**

പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി.

**X എ. യു. പി സ്കൂൾ, ദ്വാരക**

വിദ്യാലയത്തിലെ വിദ്യാർത്ഥികൾ LSS പരീക്ഷയിലും മൂന്ന് വിദ്യാർത്ഥികൾ USS പരീക്ഷയിലും സ്കോളർഷിപ്പ് കരസ്ഥമാക്കി. രൂപതാതല സന്മാർഗം പരീക്ഷയിൽ ആദ്യ മൂന്ന് റാങ്കുകൾ വിദ്യാർത്ഥികളെ തേടിയെത്തി.

**XI സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ, കൊമ്മയാട്**

എൽ. പി വിഭാഗത്തിൽനിന്നും എൽ.എസ്.എസ് പരീക്ഷയിൽ രണ്ട് വിദ്യാർത്ഥിയും, യു. പി വിഭാഗത്തിൽനിന്ന് എൽ. എസ്. എസ് പരീക്ഷയിൽ ഒരു വിദ്യാർത്ഥിയും സ്കോളർഷിപ്പ് കരസ്ഥമാക്കി.

**XII സെന്റ് മേരീസ് യു. പി സ്കൂൾ, കബനിഗിരി**

അഡ്മിഷൻ പ്രവർത്തനങ്ങളും ടി. സി വിതരണവും നടന്നുവരുന്നു. വിദ്യാലയ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**XIII സെന്റ് തോമസ് യു. പി സ്കൂൾ, തവിഞ്ഞാൽ**

LSS സ്കോളർഷിപ്പ് കരസ്ഥമാക്കി. ഒന്ന്, രണ്ട് ക്ലാസ്സുകൾക്കായി മലയാള മധുരം വായന ചങ്ങാത്തം പ്രവർത്തനം സംഘടിപ്പിച്ചു. യു. പി വിഭാഗം വിദ്യാർത്ഥികൾക്കായി പബ്ലിക് ലൈബ്രറി സന്ദർശനവും പുസ്തക വിതരണവും സംഘടിപ്പിച്ചു.

**XIV സെന്റ്. ജോസഫ്സ് ടി. ടി. ഐ, മാനന്തവാടി**

അഡ്മിഷൻ പ്രവർത്തനങ്ങൾ തുടരുന്നു. വിദ്യാലയത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാകുന്നു.

## ഹൈസ്കൂൾ വിഭാഗം

### I സെന്റ് തോമസ് ഹൈസ്കൂൾ, നടവയൽ

ജില്ലാതല സ്റ്റെപ്പ് പരീക്ഷയിലും സംസ്ഥാനതല ഗണിത ക്വിസ്സിലും മികച്ച വിജയം നേടി. നാല് വിദ്യാർത്ഥികൾ NMMS സ്കോളർഷിപ്പിന് അർഹരായി. SSLC പരീക്ഷയിൽ 100% വിജയം കൈവരിച്ചു.

### II സെന്റ് കാതറൈൻസ് ഹൈസ്കൂൾ, പയ്യമ്പള്ളി

SSLC പരീക്ഷയിൽ 100% വിജയം കൈവരിച്ചു. പത്ത് വിദ്യാർത്ഥികൾ LSS സ്സോളർഷിപ്പിനും 3 വിദ്യാർത്ഥികൾ USS സ്കോളർഷിപ്പിനും അർഹരായി. NMMS സ്കോളർഷിപ്പിന് വിദ്യാർത്ഥികൾ അർഹരായി.

### III അസംപ്ഷൻ ഹൈസ്കൂൾ, ബത്തേരി

SSLC പരീക്ഷയിൽ മികവാർന്ന വിജയം കൈവരിച്ചു. രൂപതാതല സന്മാർഗ പരീക്ഷയിൽ മൂന്നാം റാങ്ക് രണ്ട് വിദ്യാർത്ഥികൾ കരസ്ഥമാക്കി.

### IV ഐ. ജെ. എം ഹൈസ്കൂൾ, കൊട്ടിയൂർ

അധ്യാപകർ വിവിധ ഗ്രൂപ്പുകളായി വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി. SSLC പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കി. SSLCപരീക്ഷയിൽ വിജയിച്ച മുഴുവൻ വിദ്യാർത്ഥികൾക്കുമായി ഓറിയന്റേഷൻ ക്ലാസ് നടത്തപ്പെട്ടു.

### V ഫാ. ജി. കെ. എം. ഹൈസ്കൂൾ, കണിയാരം

SSLC പരീക്ഷയിൽ 100% വിജയം കൈവരിച്ചു. NMMS സ്കോളർഷിപ്പിന് മൂന്ന് വിദ്യാർത്ഥികൾ അർഹരായി. എട്ടാം ക്ലാസ്സിലേക്ക്300 വിദ്യാർത്ഥികൾ പ്രവേശനം നേടി. വിദ്യാലയത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### VI സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കല്ലോടി

SSLC പരീക്ഷയിൽ 100% വിജയം കൈവരിച്ചു. സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകി. LEAP കരിയർ ഗൈഡൻസിൽ വിദ്യാർത്ഥികൾ പങ്കെടുത്തു.

### VII നിർമ്മല ഹൈസ്കൂൾ, കബനിഗിരി

വരയിടം ആർട്ട് ഗാലറിയുടെ ഉദ്ഘാടനം നിർവഹിച്ചു. മികവ് പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സ്മിതം എന്ന പേരിൽ സപ്ലി

മെന്റ് പ്രസിദ്ധീകരിച്ചു. NMMS പരീക്ഷയിൽ തിളക്കമാർന്ന നേട്ടം കരസ്ഥമാക്കി.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ, കല്ലോടി**

ഹയർസെക്കണ്ടറി പരീക്ഷയിൽ മികച്ച വിജയം നേടി. ദേശ ജ്യോതി ക്വിസ്സിൽ വിജയികളായ വിദ്യാർത്ഥികൾ സദ്ഗമയയുടെ വേദിയിൽവെച്ചു സമ്മാനങ്ങൾ ഏറ്റുവാങ്ങി. പ്ലസ് വൺ പ്രവേശന ത്തിനായി ഹെൽപ് ഡെസ്ക് ആരംഭിച്ചു.

**II സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ, നടവയൽ**

സർവീസിൽനിന്നും വിരമിച്ച അധ്യാപകർക്ക് യാത്രയയപ്പ് ന ൽകി. ക്രിസ്മസ് കരോൾ ഗാന മത്സരം ഒന്നാം സമ്മാനം സദ്ഗമ യയിൽ വെച്ച് ഏറ്റുവാങ്ങി. പ്ലസ് ടു പരീക്ഷയിൽ അഭിമാനകര മായ വിജയം കൈവരിച്ചു. വിദ്യാലയവും പരിസരവും വൃത്തി യാക്കി.

**III ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ, കൊട്ടിയൂർ**

ഹയർ സെക്കണ്ടറി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കി. വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു.

**IV ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ, കണിയാരം**

ഹയർസെക്കണ്ടറി പരീക്ഷയിൽ മികച്ച നേട്ടം കൈവരിച്ചു. അഡ്മി ഷൻ പ്രവർത്തനങ്ങൾ തുടരുന്നു. പത്താം ക്ലാസ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി ഫോക്കസ് പോയിന്റ് ക്ലാസ് സംഘടിപ്പിച്ചു. NSS ന്റെ നേതൃത്വത്തിൽ ക്യാമ്പസ് ശുചീകരണം നടത്തി.

**V സി. കെ. എച്ച്. എസ്. എസ്, മണിമൂളി**

ഹയർസെക്കണ്ടറി പരീക്ഷയിൽ ഉയർന്ന വിജയം കരസ്ഥ മാക്കി. വിദ്യാലയങ്കണം മനോഹരമാക്കാൻ ചെടികൾ നട്ടു പിടിപ്പിച്ചു. LSS, USS, NMMS , SSLC, പ്ലസ്ടു പരീക്ഷകളിൽ മികവാർന്ന വിജയങ്ങൾ കരസ്ഥമാക്കിക്കൊണ്ട് വിദ്യാലയങ്ങളുടെ യശ്ശസു യർത്തിയ പ്രിയ വിദ്യാർത്ഥികൾക്കും അവരെ ഒരുക്കിയ അധ്യാപ കർക്കും പിന്തുണയുമായി കൂടെനിന്ന രക്ഷിതാക്കൾക്കും അഭിന ന്ദനങ്ങൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**June 2024**

*03 Mon - 06 Thu:... POC: KCBC*

*08 Saturday:......... Moolepadam: Blessing of Chapel*

*09 Sunday:............ Moolepadam: Pastoral Visit*

*12 Wednesday:.......Nadavayal: Blessing of School Auditorium*

*13 Thursday:......... SH School, Kayyunni: Patron's Day*

*Afternoon: Dwaraka: Blessing of School*

*23 Sun - 30 Sun:....Engaged*

**July 2024**

*01 Mon- 15 Mon:.. Engaged*

*16 Tue :................. Bishop's House: Forane Vicars Meeting*

# Auxiliary Bishop's Programme



**June 2024**

*02 Sunday:.............. Diaconate of Norbertine and Camillus Brothers*

*03 Monday:............ Kottayam: PVP Vadavathoor:*

*Holy Mass Cum Inauguration*

*04 Tue- 06 Thurs:... POC: KCBC*

*08 Saturday:............Dwaraka: Jubilee of Madhyavirudha Samithi*

*09 Sunday:.............. Mundery: Pastoral Visit*

*16 Sunday:...............Kommayad: Pastoral Visit*

*19 Wednesday:........Kartikulam: Diaconate of PSDP brothers*

*23 Sunday:..............Panamchira: Pastoral Visit*





# ആവശ്യമുണ്ട്

കണിയാരം സെന്റ് ജോസഫ് ഓഫ്സെറ്റ് പ്രസ്സിലേക്ക് DTP, Book work , HMT മെഷീൻ & ഓട്ടോ പ്രിന്റ് എന്നിവയിൽ 3 വർഷത്തെ പ്രവർത്തന പരിചയമുള്ളവരെ ആവശ്യമുണ്ട്.
Indesign, CorelDRAW, Photoshop, Pagemaker, Word, Excel
എന്നിവയിൽ പ്രാവീണ്യം ഉണ്ടായിരിക്കണം.
താല്പര്യമുള്ളവർ താഴെ പറയുന്ന Email വിലാസത്തിലോ വാട്ട്സാപ് നമ്പരിലോ ബയോഡാറ്റ അയയ്ക്കേണ്ടതാണ്.

Email:stjosephpressk@gmail.com
Whatsap No:
9497209539